032:2NO15:11 H9 MATHUKUTTY RAMAN MENON.

032:2NO15:11
H9

MUL
165440

**Madras University Library.**

DOCTRINA·VIM·PROMOVET·INSITAM

Call Number

Accession Number

Available for loan from

This book should be returned on or befor[e]
the date last marked below.

18 MAR 1965

O. 61

# മാത്തുക്കുട്ടി

[ഗദ്യനാടകം]

ഗ്രന്ഥകാരൻ

വിദ്വാൻ ടി. കെ. രാമൻ മേനോൻ.

UNIVERSITY LIBRARY
- 6 MAR 1956
MADRAS

TRICHUR,
SARASWATHI (ELEC.) PTG. & PBG. HOUSE.
1st Edition—1949 February/1124 Kumbhom
Price 1-8-0] *Copy-right to Publishers* [വില 1-8-0.

# കഥാപാത്രങ്ങൾ.

**സ്ത്രീ.**

1. മാതുക്കുട്ടി.
2. കുഞ്ഞിച്ചന്തുവിന്റെ അമ്മ.
3. ലക്ഷ്മി.
4. പാർവ്വതി.
5. ചിരുതക്കുട്ടിയമ്മ.

**പുരുഷൻ.**

1. കുഞ്ഞിച്ചന്തുക്കുറുപ്പ്.
2. കോമക്കുറുപ്പ്.
3. ഗുരുദേവൻ.
4. രൈരു.
5. കണ്ണൻ.
6. കുമ്മാരൻ
7. കണ്ടർമേനോൻ
8. പറങ്ങോടൻനായർ
9. ചന്തുനമ്പ്യാർ
10. കുണ്ണുക്കുരിക്കൾ.
11. കുട്ട്യപ്പക്കുറുപ്പ്.
12. കോരണ്ണുനായർ.
13. സാമൂതിരിയുടെ ദൂതൻ

165440
389368
O32:2N015:11
H9

MADRAS

# പ്രസ്താവന.

കേരളഭാഷാസാഹിത്യചരിത്രത്തിൽ, വടക്കൻപാട്ടുകൾക്കു് ഒരു വിശേഷസ്ഥാനം ഉണ്ടാകാതിരിക്കാൻ തരമില്ല. ശബ്ദാലങ്കാരപ്രൌഢികളൊന്നുംതന്നെയില്ലെങ്കിലും അവ, പ്രാചീനകേരളത്തിന്റെ അഭിമാനസ്തംഭങ്ങളായ ധീരോദാത്തകഥകളുടെ സമാഹാരങ്ങളാകുന്നു. വിദ്യാവിഹീനരായ ജനസാമാന്യത്തിന്റെ ഇടയിൽ തികച്ചും പ്രചുരപ്രചാരം സിദ്ധിക്കാനുള്ള ഭാഗ്യം വടക്കൻപാട്ടിനുമാത്രമേ ഉണ്ടായിട്ടുള്ളു. ജനകീയസാഹിത്യമെന്നൊന്നു പ്രാചീനകേരളത്തിലുണ്ടായിരുന്നുവെങ്കിൽ നിശ്ചയമായും അതു വടക്കൻപാട്ടുകളാണു്.

അസംഖ്യം കഥകളാണു വടക്കൻപാട്ടിലുള്ളതു്. അവയിൽ മിക്കതും സമരവീരന്മാരുടെ അപദാനങ്ങളുമാകുന്നു. വടക്കൻപാട്ടുകളുടെ കർത്താക്കന്മാരാരെല്ലാമാണെന്നോ അവയുടെ കാലം ഏതൊക്കെയാണെന്നോ നിരൂപിക്കേണ്ടതു് ഈ നാടകഗ്രന്ഥത്തിന്റെ പ്രസ്താവനയെ സംബന്ധിച്ചിടത്തോളം അനാവശ്യമെന്നു കരുതി അതിലേക്കു് ഞാൻ ഒരുങ്ങുന്നില്ല.

ഒരു പുതിയരൂപത്തിൽ വടക്കൻപാട്ടുകളിലെ ചില കഥകൾ ആധുനികകേരളീയരുടെ മുമ്പിൽ ആവിഷ്ക്കരിപ്പിക്കണമെന്നുള്ള ആഗ്രഹം മാത്രമാണു "മാതുക്കുട്ടി" രചിക്കുന്നതിൽ എന്നെ പ്രധാനമായി പ്രേരിപ്പിച്ചിട്ടുള്ളതു്.

താഴത്തെമഠത്തിൽ മാതുക്കുട്ടി വടക്കൻപാട്ടിലെ പ്രാധാന്യം അർഹിക്കുന്ന പാട്ടുകളിൽ ഒന്നാണു്. ഇതിവൃത്തം നാടകീയമാക്കുന്നതിനുവേണ്ടി ചില സ്വാതന്ത്ര്യങ്ങളെല്ലാം ഞാൻ കൈക്കൊണ്ടിട്ടുണ്ടു്. ശിഷ്യവത്സലനായ ഗുരുദേവൻ,

കളരിയിലെ ശിഷ്യഗണങ്ങളും, മാതുക്കുട്ടിയുടെ സഖിമാരായ ലക്ഷ്മി, പാർവ്വതി, കുന്നലക്കോൻെറ ദൂതൻ, കണ്ടരുമേനോൻെറ ധർമ്മസചിവനായ പറങ്ങോടൻനായർ, കരയോഗപ്രമാണികൾ എന്നിവരെല്ലാം നാടകകർത്താവിൻെറ കപോലകല്പിതകഥാപാത്രങ്ങൾ മാത്രമാണ്.

അതുപോലെതന്നെ ഇതിവൃത്തരൂപവൽകരണത്തിലും ഞാൻ ചില മനോധർമ്മങ്ങളെല്ലാം പ്രകടിപ്പിക്കാതിരുന്നിട്ടില്ല.

വിവാഹത്തിരക്കിൽ മംഗല്യസൂത്രം ബന്ധിക്കാൻ മറന്നതുപോലെ ഇതിവൃത്തരൂപവൽകരണത്തിൽ ഏകാഗ്രമനസ്കനായി കഥാതന്തുവിൻെറ ഗാത്രത്തിനു കോട്ടംതട്ടിയ്ക്കാൻ ഞാൻ ഇടവരുത്തിയിട്ടില്ല. മൌലികകഥയിൽ പ്രാധാന്യം അർഹിക്കുന്നില്ലെന്നു് എനിക്കു തോന്നിയ ചില ഭാഗങ്ങളെ ഞാൻ വിട്ടുകളഞ്ഞിട്ടുണ്ടു്. ഞാൻ കൊള്ളുകയും കൊടുക്കുകയും ചെയ്തിട്ടുള്ള അംശങ്ങളെപ്പററി ഗുണദോഷനിരൂപണം ചെയ്യാനുള്ള അവകാശം തികച്ചും അനുവാചകന്മാക്കാണു്.

പുരോഗമനസാഹിത്യം അതിൻെറ അധൃഷ്യപ്രഭാവത്തോടുകൂടി പ്രസരിക്കുന്ന ഇക്കാലത്തു മാതുക്കുട്ടിയേപ്പോലുള്ള ഒരു പെൺകിടാവിൻെറ തിരപ്പുറപ്പാടു് എത്രത്തോളം അവസരോചിതമായിരിക്കും എന്നതു് ഞാൻ ആലോചിക്കായ്കയില്ല. പുരോഗമനസാഹിത്യകാരന്മാരോടു് ഞാനിത്രമാത്രമേ പറയുന്നുള്ളു, കാലത്തിൻെറ പ്രവാഹഗതിയിൽപ്പെട്ടു മിക്കവാറും അപ്രത്യക്ഷമാകാൻ തുടങ്ങിയിട്ടുള്ള ഒരു പുരാതന സാഹിത്യാംശത്തെ ഉദ്ധരിക്കണമെന്നുള്ള അഭിലാഷമാണു് എന്നെ ഇത്തരമൊരു നാടകനിർമ്മിതിക്കു പ്രോത്സാഹിപ്പിച്ചതു് എന്നു് ഒരിക്കൽക്കൂടി പ്രസ്താവിക്കാം.

മാത്തുക്കുട്ടിയുടെ രംഗപ്രവേശം സഹൃദയലോകം എങ്ങനെ വീക്ഷിക്കുമെന്നറിയട്ടെ. അവക്കിതു് അരോചകമായിട്ടില്ലെന്നു കാണുന്നപക്ഷം, മററുചില കഥകൾകൂടി ഗദ്യനാടകമായി എഴുതാമെന്നുദ്ദേശിക്കുന്നുണ്ടു്.

ഈ ഗ്രന്ഥം എഴുതുന്നതിൽ എന്നെ അടിക്കടി പ്രോത്സാഹിപ്പിച്ച സുഹൃത്തുക്കളോടെല്ലാം ഞാനെന്റെ നിർവ്യാജകൃതജ്ഞത പ്രകാശിപ്പിച്ചുകൊള്ളുന്നു.

പാത്രസംഭാഷണത്തെ സംബന്ധിച്ചിടത്തോളം മദ്ധ്യമലയാളഭാഷയെയാണു് ഞാൻ പശ്ചാത്തലമാക്കിയിട്ടുള്ളതു്. ഇക്കാര്യത്തിൽ പക്ഷാന്തരങ്ങൾ ഉണ്ടായേക്കും. വടക്കരേപ്പോലെതന്നെ തെക്കക്കും കഷ്ടിച്ചു മനസ്സിലാക്കാവുന്ന ഒരു ഭാഷാരീതി പാത്രഭാഷണത്തിനായി കൈക്കൊള്ളുന്നതായിരിക്കും ഭംഗി എന്ന ഉദ്ദേശ്യമാണു് ഇങ്ങനെയൊരു സാഹസത്തിനെന്നെ പ്രചോദിപ്പിച്ചതെന്നുംകൂടി ഞാൻ അറിയിച്ചുകൊള്ളട്ടെ.

# മാതുക്കുട്ടി

[ഗദ്യനാടകം]

---

രംഗം ൧.

[സ്ഥാനം—വടക്കെ മലയാളം. ഓമല്ലൂർ ക്ഷേത്രത്തിലെ സങ്കേതം. സമയം സായങ്കാലം.]

(മാതുക്കുട്ടി ദേവിയെ തൊഴുതു പ്രസാദം കിട്ടിയ പുഷ്പം കേശഭാരത്തിൽ തിരുകിക്കൊണ്ടു ക്ഷേത്രസങ്കേതത്തിൽ പാടിക്കൊണ്ടു ലാത്തുന്നു.)

ജനഗണമന് അധിനായക ജയഹേ
ഭാരത ഭാഗ്യ വിധാതാ

പഞ്ചാബ സിന്ധു ഗുജറാത്ത മറാട്ടാ
ദ്രാവിഡ ഉല്ക്കല ബംഗാ

വിന്ധ്യ ഹിമാചല യമുനാ ഗംഗാ
ഉച്ഛല ജലധിതരംഗാ

തവ ശുഭനാമേ ജാഗേ
തവ ശുഭ ആശിഷമാഹേ

ഗാഹേ തവജയ ഗാഥാ
ജനഗണ മങ്ഗള ദായക ജയഹേ

ഭാരത ഭാഗ്യ വിധാതാ
ജയഹേ ജയഹേ ജയഹേ
ജയ ജയ ജയഹേ.

(തിരിഞ്ഞുനോക്കുന്നു. തച്ചോളി കുഞ്ഞിച്ചന്തുവിനെ കണ്ടു ലജ്ജിച്ചു തല താഴ്ത്തുന്നു.)

ചന്തു:—മാതുക്കുട്ടി, നിന്റെ പാട്ടുകേട്ട് ആഹ്ലാദിച്ചു നില്ക്കുകയാണു ഞാൻ.

മാതുക്കുട്ടി:—ഉദാരചരിതന്മാർ ഇങ്ങനെതന്നെയേ ഭാവിയ്ക്കൂ.

ആകട്ടെ, കളരിയിൽനിന്നു വരുന്നവരവാണോ?

ചന്തു:—അതെ; ഗുരുദേവൻ പറഞ്ഞു ഇന്നു വിവാഹമുഹൂർത്തമുണ്ടെന്ന്.

മാതു:—അതിനു ഞാനെന്തു വേണം?

ചന്തു:—ഇന്നത്തെ മുഹൂർത്തത്തിൽ മാതുക്കുട്ടിയെ ഈ ക്ഷേത്രസങ്കേതത്തിൽവെച്ചു മാലയിടാനാണു ഞാൻ വന്നിട്ടുള്ളത്.

മാതു:—സമുദായമര്യാദ ഇത്തരം വിവാഹം സമ്മതിക്കയില്ല.

ചന്തു:—മാതുക്കുട്ടിയുടെ സമ്മതം ആദ്യം അറിയട്ടെ; പിന്നീടു സമുദായമര്യാദ ആലോചിക്കാം.

മാതു:—(മൌനം.)

ചന്തു:—(മടിയിൽ തിരുകിവെച്ചിരിക്കുന്ന മാലയെടുത്തു മാതുക്കുട്ടിയുടെ ഗളത്തിൽ ചാർത്തുന്നു. മാതുക്കുട്ടി അവളുടെ അംഗുലീയം ഊരി കുഞ്ഞിച്ചന്തുവിന്റെ വിരലിൽ ഇടുന്നു.) മാതുക്കുട്ടി, നമുക്കു ദേവിയെ തൊഴുതു മടങ്ങാം. വരൂ.

മാതു:—അവിടുന്നു മുമ്പേ നടക്കൂ. ഞാൻ പുറകെ വരാം.

(ചന്തു മുമ്പേ നടക്കുന്നു)

(മാതുക്കുട്ടിയും കുഞ്ഞിച്ചന്തുവും ദേവിയുടെ സന്നിധിയിൽ കൂപ്പുകൈകളുമായി നില്ക്കുന്നു. രണ്ടുപേരുംകൂടി പാടുന്നു.)

ഭവസുഖമരുളഖിലേശ്വരി വരദേ
ഭാവുകഗേഹ നിവാസേ,

അക്രമ മുക്തി വിശിഷ്ട വിചിന്തന-
മകമലർതന്നിൽ നികാമം
ഉദയംചെയ്വതിന്നരുളുക ദേവി
സദയമതിന്നായ്ക്കൂപ്പാം.
ഉരുശമദാത്രി, ഭദ്രേ,
ഭവ്യേ, ശമധന ദാത്രി,
ഭവസുഖമരുളഖിലേശ്വരി വരദേ,
ഭാവുക ഗേഹ നിവാസേ!

[രണ്ടുപേരും നമസ്കരിക്കുന്നു.]

ചന്തു:—മാതുക്കുട്ടി, വരു നേരം അതിക്രമിക്കുന്നു. നിന്നെ നിന്റെ ഗൃഹത്തിലേക്കാക്കിട്ടുവേണം എനിക്കു പോകാൻ.

മാതു:—നാഥ, എന്റെ മനസ്സ്; എന്തോ വല്ലാതെയായിരിക്കുന്നു.

ചന്തു:—മാതുക്കുട്ടി, വിചാരപ്പെടണ്ട. ദേവി, തീർച്ചയായും നമ്മെ അനുഗ്രഹിക്കും. സമാശ്വസിക്കുക.

(കർട്ടൻ)

---

## രംഗം ൪.

സ്ഥാനം—തച്ചോള്ളിവീട്ട്. സമയം മദ്ധ്യാഹ്നം. കുഞ്ഞിച്ചന്തുക്കുറുപ്പിന്റെ അമ്മ, വിനീതയായി കൈകെട്ടി നില്ക്കുന്നു; സഹോദരൻ കോമപ്പക്കുറുപ്പു ക്രുദ്ധനായി പല്ലുഞെരിച്ചുകൊണ്ട് ഒരു പീഠത്തിൽ ഇരിക്കുന്നു.]

കോമപ്പ:—അതെ, ഈ തറവാട്ടിൽ ഇങ്ങനെയും ഒരേർപ്പാടുണ്ടായി; കുഞ്ഞിച്ചന്തുവിനു പാലൂട്ടി അവനെ വളർത്തിയതു നീയല്ല; അവനെ പെററതും നീയല്ല; തൊട്ടിലിൽകിടത്തി താരാട്ടിയതും നീയല്ല; അവൻ നിനക്ക് ആരും അല്ല, അല്ല, ആരുമല്ല.

അമ്മ:—അല്ലെ ജ്യേഷ്ഠ, ഞാൻ ആരുമല്ലെ? അവനെൻെറ മകനാണ്. അവൻെറ കുഞ്ഞിക്കാലുകൾകൊണ്ടുള്ള ചവിട്ടേററതു് എൻെറ വയറാണു്; എൻെറ ചോരത്തുള്ളികളുടെ സത്തു് ഊററിക്കുടിച്ചു വളൎന്നവനാണു കുഞ്ഞിച്ചന്തു. എൻെറ മെയ്പ്പൂടേററു വളൎന്നവനാണ് അവൻ. എൻെറ സൎവ്വസ്വമാണു ജ്യേഷ്ഠ, അവൻ. മാതൃഹൃദയത്തിൻെറ.....

കോമ:—മതി; നിൻെറയൊരു മാതൃഹൃദയവും. നീ പറയുന്നതുപോലെയൊക്കെയാണു നിൻെറ മകനെങ്കിൽ, ഒരു വാക്കു നിന്നോടു ചോദിക്കാതെ, നിൻെറ അഭിപ്രായം അറിയാതെ, നിൻെറ അനുഗ്രഹം വാങ്ങാതെ, അവൻ മാതുക്കുട്ടിയെ വിവാഹംചെയ്തതെന്തുകൊണ്ടു്? തച്ചോളികുടുംബത്തിൻെറ മാനത്തിനും മൎയ്യാദക്കും യോജിച്ചതാണോ അവൻെറ ആ പ്രവൃത്തി? നിന്നെ അവൻ വകവെച്ചില്ല; പോട്ടെ, ഞാനാരാണവൻെറ? എന്നോടൊരു വാക്കെങ്കിലും അവൻ ചോദിച്ചോ?

അമ്മ:—ജ്യേഷ്ഠ, അവിടുന്നു് അവൻെറ പേരിൽ കോപിക്കരുതു്. കഥയില്ലാതെ അവൻ വല്ലതും പ്രവൎത്തിച്ചിരിക്കാം.

കോമ:—പ്രവൎത്തിച്ചിരിക്കാം! അതും നിനക്കു നല്ല തീൎച്ചയില്ല. പ്രവൎത്തിച്ചിരിക്കാമത്രെ! അവൻ എവിടെവരെ പ്രവൎത്തിച്ചു എന്നാണു നീ വിചാരിക്കുന്നതു്? അങ്ങേ അററംവരെ. ഈ ഒതേനകുടുംബത്തിനൊരു വഴക്കം പണ്ടേ കുപണ്ടേയുണ്ടു്; അതിൻെറ അങ്ങേഅററംവരെ അവൻ പ്രവൎത്തിച്ചു. എന്നെ അവൻ മാനിയ്ക്കുണ്ടേ. ഒതേനനമ്മാമൻെറ കീൎത്തി—അതെന്താണവൻെറ മോഹാന്ധമായ മനസ്സിലെത്താഞ്ഞതു്? ഞാൻ നിന്നോടു ഒന്നേ പറയുന്നുള്ളു. നീ അവനെ ഉപേക്ഷിക്കണം. ചീഞ്ഞളിഞ്ഞ വസ്തുപോലെ കരുതി കൈവെടിയണം; മഹാരോഗമെന്നപോലെ തള്ളിക്കളയണം; ഈ തറവാട്ടിൽ അവനു് ഇനി സ്ഥാനമില്ല; ഉണ്ടാകാനും വയ്യാ.

അമ്മ:—ജ്യേഷ്ഠാ, അവന്റെ പ്രവൃത്തി ഈ തറവാട്ടിന്ന് അവമാനം വരുത്തിവെച്ചിരിക്കാം. ഒരേതനൻ അമ്മാമേടെ കീർത്തി അവൻ കളങ്കപ്പെടുത്തുകയും ചെയ്തിരിക്കാം; ജ്യേഷ്ഠന്റെ അന്തസ്സിന്നും അവൻ കുറവുണ്ടാക്കിയിരിക്കാം. അതെല്ലാം ശരിതന്നെ. പക്ഷെ, ഞാൻ അവനെ ഉപേക്ഷിക്കുക എന്നതു്—അയ്യോ അതെങ്ങനെ സാധ്യമാകാനാണു ജ്യേഷ്ഠാ; ഞാൻ എന്നെ ഉപേക്ഷിക്കാം; ഈ വീടും ഞാൻ ഉപേക്ഷിക്കാം; എന്റെ ഓമനക്കുട്ടിയെ കൈവെടിയുക എന്നതു—ജ്യേഷ്ഠ, മാതൃഹൃദയം........

കോമ:—വന്നു, പിന്നെയും ആ പഴഞ്ചൻ മാതൃഹൃദയം! മാതൃഹൃദയം!! ഇതു കേട്ടുകേട്ടു എന്റെ തല മരവിച്ചുകഴിഞ്ഞു. മാതൃഹൃദയം. ഈ വീടുപേക്ഷിക്കാം. എന്നാലും ചന്തുവിനെ കൈവെടിഞ്ഞുകൂടാ. അല്ലേ? തച്ചോളിവീട്ടിൽനിന്നു നിന്നെ ആട്ടിപ്പായിക്കാൻ കോമപ്പക്കുറുപ്പിന്ന് ഒരു പ്രയാസവും ഇല്ല. എങ്കിലും അതിന്നു അയാൾ തയാറില്ല. തച്ചോളിത്തറവാട്ടിന്റെ മണിദീപം—അതാണു നീ. ഞാനിക്കഥ മനസ്സിലാക്കുന്നുണ്ടു്. നീ ഈ വീടുവിട്ടു ഒരിടത്തേക്കും പോകേണ്ട. ഞാൻ പോകാം. അവമാനം എനിക്കു് അനുഭവമില്ല; പൌരുഷമാണു് എന്റെ ലക്ഷ്യം; പൌരുഷമാണു് എന്റെ ഉപാസനാമൂർത്തി; പൌരുഷമാണു് എന്റെ സർവ്വസ്വവും. അതിന്റെ രക്ഷക്കു ഞാൻ, വേണ്ടിവന്നാൽ എന്നെത്തന്നെ ബലികഴിക്കാൻ ഒരുക്കമാണു്. ഞാൻ ഈ വീടുവിട്ടു പോകാം. നീയും നിന്റെ ഓമനക്കുട്ടനുംകൂടി സുഖമായും സന്തോഷമായും കഴിഞ്ഞുകൂടിക്കൊള്ളു.

അമ്മ:—ജ്യേഷ്ഠാ, ഇങ്ങനെ ചെയ്തു് ഒരു കുടുംബത്തെ അങ്ങു് അനാഥമാക്കുകയാണോ? കഥയില്ലാത്ത ഒരു കുട്ടിയുടെ സാഹസത്തിന്റെ പേരുംപറഞ്ഞു കൊള്ളാവുന്ന ഒരു പുരാതന

കുടുംബം നിരാധാരമാക്കാനാണോ ജ്യേഷ്ഠൻ ഭാവിക്കുന്നതു്? ജ്യേഷ്ഠ, ഞാൻ പോകാം; ജ്യേഷ്ഠൻ പോകരുതു്.

കോമ:—നീയെന്തിനു പോകുന്നു. അപമാനം നേരിട്ടതു എനിക്കല്ലേ? നിന്റെ മകന്റെ പ്രവൃത്തി നിനക്കു അപമാനകരമല്ലല്ലോ. നിനക്കു് അവൻ ഓമനക്കുട്ടൻ; അവന്റെ കൊള്ളരുതായ്മ നിന്റെ കണ്ണിൽ കുട്ടിക്കളി; അവന്റെ അനുസരണക്കേടു് അത്ര സാരമുള്ളതായി നീ കരുതുന്നില്ല. കോമപ്പന്റെ സ്ഥിതി അതല്ല; കുഞ്ഞിച്ചുണ്ണുവിന്റെ പ്രവൃത്തിയിൽ ഞാൻ എതിരാണു്. അവൻ അനീതിയാണു കാണിച്ചതു്. എനിക്കും അവനും തമ്മിൽ ഒരു ബന്ധവും ഇല്ല. അവന്റെ വീട്ടിൽ എനിക്കു സ്ഥാനമില്ല; ഞാനൊരപരിചിതൻ; വേണമെങ്കിൽ ഒരതിഥി. അതിൽ കവിഞ്ഞു ഞാനാരു്?

അമ്മ:—ജ്യേഷ്ഠൻ അപരിചിതനല്ല; അതിഥിയും അല്ല; അവിടന്നു് ഈ ഗൃഹത്തിന്റെ ഏകാധിപതിയാണു്. അങ്ങക്കുള്ള അധികാരം ആക്കും നിഷേധിക്കാവുന്നതും അല്ല. എനിക്കു് ഈ ഗൃഹത്തിൽ വല്ല അധികാരവും ഉണ്ടെങ്കിൽ തന്നെയും ദുർന്നയനായ ഒരു മകന്റെ അമ്മയായതോടുകൂടി അതെല്ലാം നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഞാൻ ഈ ഭവനത്തിൽനിന്നു പോകാം; അവിടുന്നെന്നെ ബഹിഷ്കരിക്കു.

(കുഞ്ഞിച്ചുണ്ണുവിന്റെ ഗുരുദേവൻ പ്രവേശിക്കുന്നു)

ഗുരു:—ബഹിഷ്കാരമോ, തിരസ്കാരമോ, പരിഷ്കാരമോ എന്തൊക്കെയാണീശ്വര, ഞാനീകേൾക്കുന്നതു്?

കോമ:—ഗുരുദേവ, എല്ലാം അങ്ങു കേട്ടിരിക്കുമല്ലോ. കുഞ്ഞിച്ചുണ്ണു, മാതുക്കുട്ടിയുടെ ഭർത്താവായി. എന്റെ പെങ്ങൾക്കൊരു മരുമകളും ഉണ്ടായി. അവൾക്കൊരമ്മായിയു

ഗുരു:—അതെ; അതെ. ഇതൊക്കെയുണ്ടായി. ഇതിന്നും പുറമെ വേറെ ചിലതു്. കോമപ്പക്കുറുപ്പിന്് ഒരഭിമാനവും അന്തസ്സും. അതെന്തേ വിട്ടുകളഞ്ഞു?

കോമ:—എനിക്കഭിമാനമോ; എനിക്കു് അന്തസ്സോ? ഗുരുദേവ, അവിടുത്തെ ശബ്ദോച്ചാരണത്തിലൊരു പിഴ പറ്റിപ്പോയി. അഭിമാനമല്ല കോമപ്പക്കുറുപ്പിനു കിട്ടിയതു്. അവമാനം; തികച്ചും അവമാനം. അന്തസ്സല്ല, അന്തസ്താപം. അതാണു് എന്റെ നേട്ടം.

ഗുരു:—കുറുപ്പേ, മാതുക്കുട്ടിയുടെ വിവാഹംകൊണ്ടു നിങ്ങൾക്കു് അഥവാ, നിങ്ങളുടെ ഈ തറവാടിനു് എന്തവമാനം, എന്തന്തസ്താപമാണുണ്ടായതെന്നു് എനിക്കു മനസ്സിലാകുന്നില്ല.

കോമ:—ഇല്ല; അവിടേക്കു മനസ്സിലാവില്ല. എങ്ങനെ മനസ്സിലാകാൻ? പതിനെട്ടടവും തിരിച്ചും മറിച്ചും, മറിച്ചും തിരിച്ചും ശിഷ്യരെ പഠിപ്പിക്കുന്ന അങ്ങേക്കു മാനാവമാനങ്ങളുടെ ഗഹനഗതി എങ്ങനെ മനസ്സിലാകാനാണു്?

ഗുരു:—മാതുക്കുട്ടിയുടെ തറവാടിനു് ഐശ്വര്യം പോരെന്നായിരിക്കുമോ?

കോമ:—അത്രാക്കുടുംബത്തിനു വേണ്ടുവോളമുണ്ടായിരിക്കാം. ഐശ്വര്യത്തേക്കാൾ വേറെയും ചിലതു ഞങ്ങൾ പ്രത്യാശിച്ചിരുന്നു.

ഗുരു:—സൌന്ദര്യമായിരിക്കുമോ?

കോമ:—മാത്രമല്ല.

ഗുരു:—സദ്സ്വഭാവം?

കോമ:—അതുകൊണ്ടും പോരാ.

ഗുരു:—വിദ്യാഭ്യാസം?

കോമ:—ഗുരുദേവ, ഇതൊക്കെ അവൾക്കുണ്ടു്. തറവാടിത്തത്തിന്റെ പട്ടികയിൽ ചേക്കാൻ ആ കുടുംബത്തിനെന്തുണ്ടെന്നാണു് ഞാൻ ചോദിക്കുന്നതു്.

ഗുരു:—മാതുക്കുട്ടിയുടെ കുടുംബക്കാൎക്കു് തറവാടില്ലന്നമിത്താണോ കുറുപ്പിന്റെ ആവലാതി?

കോമ:—മാതുക്കുട്ടി, ശസ്ത്രത്തിലും ശാസ്ത്രത്തിലും പ്രഗത്ഭയാണു്; അവൾക്കു സൌന്ദര്യവും സൽസ്വഭാവവും തികച്ചും ഉണ്ടു്. ധനത്തിലും അവൾ മികച്ചവൾതന്നെ. പക്ഷേ ഗുരുദേവ, അവളുടെ അച്ഛൻ, അവളുടെ മുത്തച്ഛൻ, മുതുമുത്തച്ഛൻ ഇവരൊക്കെ അല്പായുസ്സുകളായിരുന്നില്ലേ? ഇല്ലേ, പറയൂ.

ഗുരു:—അതുകൊണ്ടു്?

കോമ:—അതുകൊണ്ടു് ആ കുടുംബക്കാരെ ജനങ്ങൾ പഴിക്കുന്നുണ്ടു്.

ഗുരു:—അവിടെ വിവാഹം ചെയ്യുന്നവരെല്ലാം അകാലത്തിൽ മരിക്കുന്നതുകൊണ്ടു് ആ വീട്ടുകാരുടെ തറവാടിത്തത്തിനു് എന്തു ന്യൂനത സംഭവിച്ചു എന്നാണു് ഞാൻ ചോദിക്കുന്നതു്. അഥവാ അതാണെനിക്കു മനസ്സിലാവാത്തതു്.

കോമ:—ആണുങ്ങളെ കൊല്ലിക്കുന്ന പെണ്ണുങ്ങളാണു മാതുക്കുട്ടിയുടെ വീട്ടിലെ സ്ത്രീകളെന്നു ലോകപ്രസിദ്ധമാണു്. അങ്ങനെയുള്ള ഒരു കുടുംബത്തിൽ വേണോ കുഞ്ഞിച്ചന്തുവിനു പുടവമുറി?

ഗുരു:—കഴിഞ്ഞതൊക്കെ കഴിഞ്ഞില്ലേ കുറുപ്പേ?

കോമ:—ഉവ്വു്. കഴിഞ്ഞതൊക്കെക്കഴിഞ്ഞു. കഴിയാനുള്ളതും കഴിഞ്ഞു. ഇനിയൊന്നും കഴിയാനില്ല. തച്ചോളിവീടിനു അവമാനം നേരിട്ടുകഴിഞ്ഞു. എനിക്കും അവമാനം പററി.

ഗുരു:—കുറുപ്പേ, ഞാനൊന്നുപറഞ്ഞോട്ടെ. മാതുക്കുട്ടിയുടെ വിവാഹംകൊണ്ടു് ഒരവമാനവും ഈ വീടിനുണ്ടായിട്ടില്ല. ഉണ്ടാകേംല്യ.

കോമ:—ഗുരുദേവ, കുഞ്ഞിച്ചന്തു അങ്ങയുടെ പ്രധാനശിഷ്യനാണ്. അവന്റെ അപരാധം കാണാൻ അങ്ങേക്കു കണ്ണില്ല. അവൻ മാതുക്കുട്ടിയെ വിവാഹം ചെയ്തുകൊണ്ടു ഈ തറവാടു സ്വർഗ്ഗമായി എന്നല്ലെ അങ്ങു പറയുന്നതിൽ നിന്നു ഞാനൂഹിക്കേണ്ടതു്. അത്തരം ഒരു സ്വർഗ്ഗത്തിൽ എനിക്കു സ്ഥാനമൊന്നും വേണ്ട. ശിഷ്യനോടു പറയൂ, മാതുക്കുട്ടി അവന്റേതായപ്പോൾ കോമക്കുറുപ്പു ഗൃഹഹീനനായെന്നു്.

(കോപിച്ചുകൊണ്ടു് ഇറങ്ങിപ്പോകുന്നു)

കുഞ്ഞിച്ചന്തുവിന്റെ അമ്മ:—ഗുരുദേവ, ചേട്ടനെ സമാധാനിപ്പിക്കൂ. അദ്ദേഹം വല്ലാതെ ക്ഷോഭിച്ചിരിക്കുന്നു.

ഗുരു:—അതെ; സമാധാനിപ്പിക്കാതെ നിവൃത്തിയില്ല. എരിയുന്ന തീയിൽ എണ്ണ വീണുകൊണ്ടിരിക്കുമ്പോൾ അതു തല്ലിക്കെടുത്താൻ ശ്രമിച്ചാൽ കനൽ നാലുപാടും ചിന്നിച്ചിതറി സമീപസ്ഥങ്ങളായവയെക്കൂടി എരിച്ചു ചാമ്പലാക്കും. ഒരിക്കൽ എണ്ണ തീരും. അന്നു് ഈ അഗ്നി സ്വയം അടങ്ങുകയും ചെയ്യും.

അമ്മ:—എന്നാലും ഗുരുദേവ, കുഞ്ഞിച്ചന്തു ഇത്ര ധിക്കാരിയായല്ലോ.

ഗുരു:—സാരമില്ല. എല്ലാം നേരെയാകും. പരിഭ്രമിക്കാതിരിക്കൂ.

(ഗുരുദേവൻ പോകുന്നു.)

(കർട്ടൻ)

---

## രംഗം ൩.

[മാതുക്കുട്ടിയുടെ വീടു്. സഖിമാരായ ലക്ഷ്മിയും പാർവ്വതിയുമൊന്നിച്ചു് അവൾ സംഭാഷണം ചെയ്തുകൊണ്ടിരിക്കുന്നു. സമയം മദ്ധ്യാഹ്നം.]

മാതു:—ഞാൻ വിചാരിച്ചിരുന്നില്ല ലക്ഷ്മി, അദ്ദേഹം ഇങ്ങനം എന്നെ വിവാഹം ചെയ്യുമെന്നു്.

ലക്ഷ്മി:—നീ വിചാരിച്ചിരുന്നില്ല; അത്രയല്ലേയുള്ളു? ഞാനക്കാൎയ്യം സ്വപ്നംകാണുകകൂടി ചെയ്തിരുന്നില്ല.

പാൎവ്വതി:—അതുമിതുമൊക്കെ എന്തിനു പറേണു. ഒടുക്കം വരേണ്ടതു വന്നു. വന്നുകൂടാത്തതു വന്നുകൂടി. ഇതിന്റെ മറിച്ചടി, ഓജസ്സിൽക്കിടന്നു ഓളംവെട്ടുന്ന മാതുക്കുട്ടി മുമ്പേകൂട്ടി കണ്ടിട്ടുണ്ടാവില്ല, നിശ്ചയം.

ലക്ഷ്മി:—വിവാഹത്തിന്റെ മറിച്ചടി; അതെ. ഒരോമനക്കുഞ്ഞിച്ചന്തുവിന്റെ നേർപകൎപ്പ്. അതിനെക്കുറിച്ചു് ഇവൾ ആലോചിച്ചിരിക്കില്യ.

മാതു:—ലക്ഷ്മി, പരിഹസിക്കാതിരിക്കൂ. പാൎവ്വതി പറഞ്ഞതിൽ ചില സംഗതികൾ ശ്രദ്ധിക്കേണ്ടതായിട്ടുണ്ടു്.

ലക്ഷ്മി:—അതു പിന്നെ ഇല്ലാതിരിക്ക്യാ. അവളല്ലെ നിനക്കുവേണ്ടി അനസൂയ ചമഞ്ഞു പ്രണയലേഖനവുംകൊണ്ടു കളരിയിലേക്കു പോയതു്. ഞാനിതു് അന്നുതന്നെ അറിഞ്ഞു. മാതുക്കുട്ടി, നീ എഴുതിയ ആ എഴുത്തു് എന്നെയൊന്നു കാണിച്ചുതരാൻ നിനക്കു തോന്നിയില്ലല്ലൊ. എങ്കിലും ഞാനാ എഴുത്തും കണ്ടു; അതിന്റെ മറുവടിയും കണ്ടു.

മാതു:—അതെങ്ങനെ?

ലക്ഷ്മി:—നിന്റെ കാമുകനില്ലെ, ആ നവീനദുഷ്യന്തൻ. അയാൾ എന്നെ പാൎവ്വതിയാണെന്നു തെറ്റിദ്ധരിച്ചു്, വാൾപ്പയറ്റം കഴിഞ്ഞു ഞാൻ കളരിയിൽനിന്നു വരുമ്പോൾ "ഒന്നവിടെ നിക്കണേ" എന്നു യാചിച്ചു. ആദ്യം ഞാനല്പം പരിഭ്രമിച്ചു.

പാൎവ്വതി:—എങ്ങനെ പരിഭ്രമിക്കാതിരിക്കും? ഒരിക്കൽ നീ കുഞ്ഞിച്ചന്തുക്കുറുപ്പിനെ വടിപ്പയറ്റിൽ ഉന്തിയരത്തിൽ

അടിയറ വെപ്പിച്ചില്ലെ? അതിന്ന പകരംവീട്ടാൻ അയാൾ വിളിക്കയായിരിക്കും എന്ന നീ വിചാരിച്ചിട്ടുണ്ടാവും.

മാതു:—അങ്ങനേയും ആകാം; വേറേയും ആകാം.

ലക്ഷ്മി:—[മാതുക്കുട്ടിയുടെ കവിൾ നുള്ളുന്നു] കള്ളി, കഥയുടെ ബാക്കി കേൾക്കു്. ഞാൻ അയാൾ ആഗ്രഹിച്ചതുപോലെ കുറേനേരം പാതവക്കിൽ നിന്നു.

പാൎവ്വതി:—ലക്ഷ്മി, അപ്പോൾ നീ എവിടേക്കു തിരിഞ്ഞാണു നിന്നതു്? നിന്റെ മുഖം കറുത്തിരുന്നോ, വെളുത്തിരുന്നോ? നിന്റെ മനസ്സിൽ എന്തുണ്ടായിരുന്നു? അയാൾ വന്നു നിന്റെ മുമ്പിൽ നിന്നോ, ഇടത്തുഭാഗത്തു നിന്നോ, അതോ വലത്തുഭാഗത്തുനിന്നോ? ഉണ്ടായതൊക്കെ പറയണം. വ്യാജം പറഞ്ഞാൽ നിന്നെ എന്തു ചെയ്യുമെന്നറിയാമോ? ലക്ഷ്മി, ഒന്നും വിടാതെ നേരേ പറയണം.

ലക്ഷ്മി:—കുഞ്ഞിച്ചന്തുക്കുറുപ്പു് ഒരോലക്കഷണം എന്റെ കൈയിൽ തന്നിട്ടു് ഇങ്ങനെ പറഞ്ഞു:—"പാൎവ്വതി, ഈ ഓല മാതുക്കുട്ടിക്കു ആരും കാണാതെ സ്വകാൎയ്യമായി കൊടുക്കണം. നീ ഇന്നലെ കൊണ്ടുവന്ന എഴുത്തിന്റെ മറുവടിയാണിതെന്നു പറയുകയും വേണം". ഞാൻ ചിരിച്ചുചിരിച്ചു മണ്ണുകപ്പി. കുറുപ്പും എന്റെ ചിരികണ്ടു വല്ലാതെയായി. ഞാനും വിട്ടില്ല. ഇങ്ങനെ പറഞ്ഞു:—കുറുപ്പേ, മാതുക്കുട്ടി എന്നെ ഏല്പിച്ചിട്ടുണ്ടു് അവൾ ഇന്നലെത്തന്നെ എഴുത്തും മറുവടിയോടുകൂടി മടക്കിവാങ്ങിച്ചു കൊണ്ടുവരണമെന്നു്. കുറുപ്പിന്റെ കൈയിൽ എഴുത്തിരുന്നാൽ വല്ല ആപത്തും ഉണ്ടായേക്കുമത്രെ.

പാൎവ്വതി:—കുറുപ്പു് എന്നിട്ടെന്തു പറഞ്ഞു?

ലക്ഷ്മി:—എന്തു പറയാനാ? പാവം, പ്രണയജ്വരമല്ലേ തലച്ചോറില്. ബുദ്ധീം ബോധോം മലനാടു വിട്ടുകഴിഞ്ഞു

രിക്കുകയല്ലെ. കുറുപ്പ് ഓടിപ്പോയി എഴുത്തെടുത്തു കൊണ്ടുവന്നു് അതിന്മേൽ അധരമുദ്ര പതിച്ചു് എന്നെ ഏല്പിച്ചു.

(പാർവ്വതിയും മാതുക്കുട്ടിയും പരസ്പരം നോക്കുന്നു.)

മാതു:—ലക്ഷ്മീ ആ മറുപടി നീയെന്താണെന്നെ കാണിക്കാതിരുന്നതു്?

ലക്ഷ്മി:—കാണിക്കാതിരുന്നതോ? പറയാം. അതിനു കാരണങ്ങൾ ഒന്നുരണ്ടുണ്ടു്. ഒന്നാമതു നീ എന്നെ അറിയിക്കാതെ കുറുപ്പിനു പ്രേമപത്രം അയച്ചതു്; രണ്ടാമതു മറുവടി നിന്റെ ഹിതം അനുകൂലിച്ചതായി കണ്ടതു്. മൂന്നാമതു ഞാൻ അറിഞ്ഞാൽ നീയറിഞ്ഞതുപോലെയായല്ലോ എന്നുള്ളതു്. ആകട്ടെ, പാർവ്വതി പറഞ്ഞല്ലൊ മറിച്ചടിയെപ്പററി. അതെന്താണെന്നു പറയു.

പാർവ്വതി:—കുഞ്ഞിച്ചന്തുക്കുറുപ്പിന്റെ അമ്മാമൻ തച്ചോളി വിട്ടുപേക്ഷിച്ചു പോയ്ക്കഴിഞ്ഞിരിക്കുന്നു. തറവാട്ടമ്മ കരഞ്ഞുപിഴിഞ്ഞു കുഴങ്ങുന്നു. മാതുക്കുട്ടിയെ കുഞ്ഞിച്ചന്തുക്കുറുപ്പു് ഉപേക്ഷിക്കണമെന്നാണു് അമ്മാമന്റെ അഭിപ്രായം.

മാതു:—എന്നെ എന്റെ ഭർത്താവുപേക്ഷിക്കണം, അല്ലെ. ഇതല്ലെ അമ്മാമൻ പറയുന്നതു്. നല്ല കാര്യം.

പാർവ്വതി:—ഇത്രയുമായാൽ തല്ക്കാലം ഉണ്ടായിട്ടുള്ള ഭൂകമ്പം ശമിക്കും.

മാതു:—ഉപേക്ഷിക്കുക; ഭാര്യയെ ഉപേക്ഷിക്കുക. മലയക്ഷത്രിയനു ഇതും ഒരു ധർമ്മം. ഞാനദ്ദേഹത്തിന്റെ ധനമോ സൌഭാഗ്യമോ മോഹിച്ചല്ല അദ്ദേഹത്തെ വരിച്ചതു്; അദ്ദേഹത്തിനുണ്ടെന്നു് എനിക്കു തോന്നിയ ആ ക്ഷാത്രതേജസ്സു് ഒന്നുമാത്രം കൊതിച്ചാണു്. അദ്ദേഹത്തെ എന്നിൽനിന്നു വേർപിരിക്കാൻ ലോകത്തിലെ ഒരു ശക്തിക്കും സാദ്ധ്യമല്ല. (ആവേശം) മാതുക്കുട്ടി കോമക്കുറുപ്പിനു് ഒരന്തശ്ശല്യമാ.

യി അല്ലെ? ആ ശല്യം ഒരൊററ നിമിഷനേരംകൊണ്ടു് അവസാനിപ്പിക്കാം. മാതുക്കുട്ടി ഭയപ്പെടുന്നവളല്ല, മരണത്തെ. അവളൊരു യോദ്ധാവിൻെറ മകളാണെന്ന കഥ കോമക്കുറുപ്പു മറന്നിരിക്കാം. അവളും യുദ്ധനിപുണയാണ്. പരിത്യക്ത എന്ന നിലയിൽ മാതുക്കുട്ടി ഒരൊററ ദിവസം ജീവിക്കുമെന്നു് ആരും കരുതണ്ട. അവൾ പരണീതയാണ്. അവൾക്കറിയാം ആവളാരാണെന്നു്. ലക്ഷ്മി, (ദയനീയസ്വരം) ലക്ഷ്മി, ഞാനെന്തിനൊരു കുടുംബം അന്തഃഛിദ്രത്തിനിടയാകുന്നതു്? എൻെറ മരണംകൊണ്ടു് ആ ഭവനം നിർബ്ബാധമായിക്കൊള്ളട്ടെ.

(പെട്ടി തുറന്നു കഠാരി എടുക്കുന്നു) (പ്രിയപ്പെട്ട കഠാരി, നിൻെറ അല്പനേരത്തെ പ്രയത്നംകൊണ്ടു തച്ചോള്ളി കുടുംബത്തിനു ശാശ്വതശാന്തി ലഭിക്കും. നിനക്കെങ്കിലും എന്നിൽ കനിവുണ്ടാകണം. ദുഃഖിതകളുള്ള ആശ്വാസമാണ് നീ. വരൂ എന്നെ ഗാഢാശ്ലേഷം ചെയ്യൂ.)

[പെട്ടെന്നു ലക്ഷ്മിയും പാർവ്വതിയും മാതുക്കുട്ടിയെ പിടികൂടി കഠാരി അപഹരിക്കുന്നു.]

ലക്ഷ്മി:—മാതുക്കുട്ടി, നീയെന്താണു ഭാവിച്ചതു്? നിനക്കു മരിക്കാൻ ഇത്രവലിയൊരു ദാഹമോ? കുഞ്ഞിച്ചന്തുക്കുറുപ്പു ജീവിച്ചിരിക്കെ, അദ്ദേഹത്തെ മിഴിനീരിൽ മുക്കിക്കൊണ്ടു നീ അദ്ദേഹവുമായി വേർപിരിഞ്ഞുപോവുകയോ? നിനക്കിതിനു മനസ്സു വന്നല്ലോ? ഇതാണോ നീ പലപ്പോഴും പുകഴ്ത്താറുള്ള പ്രേമം?

മാതുക്കുട്ടി:—[ആലോചന] ലക്ഷ്മി, ഞാനെൻെറ ജീവിതേശനെ ദുഃഖിപ്പിക്കുകയില്ല. എൻെറ ചാപല്യത്തിനു മാപ്പു തരൂ. ഞാൻ ആത്മഹത്യ ചെയ്യുന്നില്ല. അദ്ദേഹത്തിനുവേണ്ടി ഞാൻ ജീവിക്കാം.

പാർവ്വതി:—ആ കണ്ടർമേനോൻ ആവശ്യപ്പെടുകയും ആഗ്രഹിക്കുകയും ചെയ്തതനുസരിച്ചു നീ അയാളെ വിവാഹം ചെയ്തിരുന്നു എങ്കിൽ, ഇളനാടൻ കോട്ടയിലെ കൊച്ചുറാണിയായി നിനക്കിരിക്കാമായിരുന്നില്ലെ? നീ അയാളുടെ ദൂതനെ അധിക്ഷേപിച്ചയച്ചു. ആ വിവരം അറിയുമ്പോൾ, കണ്ടർമേനോൻ എന്തൊക്കെ പ്രവർത്തിക്കുമോ! എനിക്കൊന്നും അറിഞ്ഞുകൂടാ.

മാതു:—കണ്ടർമേനോൻ! ഛീ: അവന്റെ പേരുപോലും പാർവ്വതി, നീയെന്റെ മുമ്പാകെ സംസാരിച്ചുപോകരുതു്. അക്രമം ചെയ്യാൻ അഞ്ചാത്തമൃഗം, വിഷയാസക്തിയുടെ ഒരു കാളസർപ്പം; വഞ്ചന രൂപമെടുത്ത ഭയങ്കരൻ; ആ നീചന്റെ ഭാര്യയാകാനല്ല മാതുക്കുട്ടി ജന്മമെടുത്തിട്ടുള്ളതു്.

ലക്ഷ്മി:—ഇപ്പോൾ കണ്ടർമേനോൻ ഇവിടെയില്ലല്ലൊ. ഉണ്ടെങ്കിൽ നിനക്കു് ഇപ്പറഞ്ഞവാക്കുകളിലൊന്നെങ്കിലും നാവിൽ വരുമോ? അയാളുടെ മുമ്പിൽ നീ പൂച്ചയെക്കണ്ട എലിതന്നെ.

മാതു:—ലക്ഷ്മി, പൂക്കോടൻ പരിയതിന്റെ നട്ടെല്ലൊടിക്കാനും, കുഞ്ഞാമുനമ്പ്യാരുടെ വക്ഷസ്സിൽ കഠാരികുത്തിയിറക്കാനും, പൊന്നമ്പുവിന്റെ മർമ്മം പിളക്കാനും കഴിഞ്ഞ മാതുക്കുട്ടിക്കു കണ്ടർമേനോൻ അത്ര വലിയൊരു ജന്തുവൊന്നുമല്ല. ഞാൻ അയാളെ എന്നോടെതിർത്താൽ പഞ്ഞിപ്രായമാക്കിവിടും. എനിക്കതിനുള്ള ശക്തി ഗുരുദേവന്റെ കൃപയാൽ ലഭിച്ചിട്ടുണ്ടു്. ഞാനെന്നെ സ്തുതിക്കയാണെന്നു കരുതണ്ട.

ലക്ഷ്മി:—ഒരു പുരുഷനെ ഒരു സ്ത്രീ ജയിക്കുക. അതത്ര എളുപ്പമല്ല.

മാതു:—ലക്ഷ്മി, നിനക്കറിഞ്ഞുകൂടാ സ്ത്രീയുടെ പ്രഭാവം. അവൾ ലോകസംഹാരശക്തിയാണു്. പഞ്ഞിക്കുട്ടിലെ ചെ

ന്തീയാണു്. അധൎമ്മത്തിന്റെ കണ്ഠകുഠാരമാണു്. സൂൎയ്യനെ അവൾ പിടിച്ചുനിറുത്തും; ചന്ദ്രനെ അവൾ നിഷ്പ്രഭനാക്കും! ഗ്രഹങ്ങളെ അവൾ നിശ്ചഞ്ചലങ്ങളാക്കും; കാലനെക്കൊണ്ടു് അവൾ കണക്കുപറയിക്കും. സ്ത്രീ ആരെന്നാണു നീ വിചാരിക്കുന്നതു് അവളുടെ ക്രോധാഗ്നിയിൽ അസംഖ്യം കണ്ടർമേനോന്മാർ ഒന്നിച്ചു ദഹിച്ചു ചാമ്പലായിത്തീരും; [സാനുകമ്പം]. ലക്ഷ്മി, ഞാനെന്തിനു വിവാഹിതയായി? എന്തിനു ഞാനൊരു പേരുകേട്ട കുടുംബം കലഹരംഗമാക്കി? സഹോദരിയെ ഉപേക്ഷിക്കാൻ സഹോദരനെ ഞാനെന്തിനു പ്രേരിതനാക്കി? വാത്സല്യനിധിയായ ഒരു മാതാവിന്റെ കോമളഹസ്തങ്ങളിൽ നിന്നു ആനന്ദത്തിനൊരു ഓമനക്കുഞ്ഞിനെ ബലാൽ അപഹരിച്ചു എന്റേതാക്കി? (ഗദ്ഗദം) ലക്ഷ്മി, ഞാൻ നിർഭാഗ്യയാണു്. എന്റെ ജ്യേഷ്ഠത്തിമാരെപ്പോലെയും അമ്മയെപ്പോലെയും മുത്തശ്ശിയെപ്പോലെയും ഞാനും ഭാഗ്യം കെട്ടവളാണു്. ഞാനെന്റെ ഭൎത്താവിനൊരു തീവ്രവേദനയാണു്; അഭിശാപമാണു്; ആപത്താണു്. ധൂമകേതുവാണു്. വേണ്ട ലക്ഷ്മി, ഈ ജീവിതം ഞാനിനിയും തുടരുന്നതു ശരിയല്ല. ഇതിവിടെ അവസാനിപ്പിക്കുകയാണു് ഉത്തമം.

(രണ്ടാമതും കഠാരി എടുത്തു വക്ഷസ്സിനുനേരെ പിടിക്കുന്നു. കുഞ്ഞിച്ചുണ്ണു ഓടിയെത്തി കഠാരി അപഹരിക്കുന്നു.)

കുഞ്ഞിച്ചുണ്ണു:—മാതുക്കുട്ടി, ഞാനാണാദ്യം ലോകരംഗത്തു വന്നതു്. അപ്പോൾ ആദ്യം മരിക്കേണ്ടതും മുറപ്രകാരം ഞാൻതന്നെ. ഞാൻ മരിക്കാം. കഠാരി പ്രയോഗിക്കുന്നതിൽ എനിക്കെത്രത്തോളം സാമൎത്ഥ്യമുണ്ടെന്നു നീയൊന്നു നോക്കു്. (കഠാരി സ്വവക്ഷസ്സിനഭിമുഖമായി പിടിക്കുന്നു. മാതുക്കുട്ടി ഭൎത്താവിനെ ഗാഢാശ്ലേഷം ചെയ്യുന്നു. ലക്ഷ്മിയും പാൎവ്വതിയും ഭയന്നു ഓടിപ്പോകുന്നു.)

മാതു:—നാഥ, എന്നെ കഠാരിക്കിരയാക്കുക. ഞാൻ മരിക്കട്ടെ. എന്റെ മരണംകൊണ്ടു് അവിടേക്കു സുഖവും സമാധാനവുമുണ്ടാകും. ഞാൻ മരിക്കുന്നതുവരെ അങ്ങേക്കു യാതൊരു സമാധാനവും ഉണ്ടാകുന്നതല്ല. കൊല്ലു; ഈ മാതുക്കുട്ടിയെ കൊല്ലു.

കുഞ്ഞി:—ഛീ: ഛീ: സ്ത്രീഹത്യ. സ്ത്രീഹത്യ (കഠാരി ദൂരെ വലിച്ചെറിയുന്നു.) പ്രിയേ, എനിക്കുമാപ്പുതരു. ഈ കൊടുങ്കാററിന്റെ രൗദ്രതക്കെതിരായി നമുക്കു ഒന്നിച്ചുനിന്നുപോരാടാം. ജയം നമ്മുടേതായിരിക്കും ഒടുവിൽ. മരിക്കുന്നതു ഭീരുത്വം. പോരാടുന്നതു ധർമ്മം. വരു.

മാതു:—നാഥ, ഞാനെന്നും അവിടത്തേതുമാത്രം.

കുഞ്ഞിച്ചന്തു:—ഈ വിശാലപ്രപഞ്ചത്തിൽ എനിക്കുള്ളതെല്ലാം നീ മാത്രമാണു്. എനിക്കുവേണ്ടി നീ ജീവിക്കുക.

മാതു:—എല്ലാം അവിടത്തെ ഹിതംപോലെ

(കർട്ടൻ)

## രംഗം ൪

[സ്ഥാനം കുഞ്ഞിചന്തുവിന്റെ കളരി. സമയം മദ്ധ്യാഹ്നം. ശിഷ്യന്മാരായ കണ്ണനും രൈരുവും അഭിമുഖമായിരുന്നു സംഭാഷണം].

കണ്ണു:—രൈരു, കുറുപ്പാശാന്റെ അമ്മായി കൊങ്കിയാമ്മ, തന്നത്താൻ കളരിയിലേക്കു വന്നതും കുഞ്ഞിച്ചന്തുക്കുരിക്കളോടു് കരഞ്ഞും പിഴിഞ്ഞും ആവലാതി പറഞ്ഞതും എന്തു കാര്യത്തിനാണെന്നു തനിക്കുവല്ലതും അറിയാമോ?

രൈരു:—അറിയാം; അറിയാം.

കണ്ണു:—എന്നാലൊന്നു പറയു. ഞാനും കേൾക്കട്ടെ.

രൈരു:—കുരിക്കൾ അനുവാദം തന്നിട്ടില്ല, പറയാൻ.

കണ്ണ:—എന്നോടു പറയാൻ അനുവാദം തന്നിട്ടില്ല, അല്ലെ? നമ്മളൊക്കെ ശിഷ്യന്മാരല്ലെ? തമ്മിൽതമ്മിൽ പറഞ്ഞാൽത്തന്നെയും അതൊക്കെ കുരിക്കളുണ്ടോ അറിയാൻ പോണു? പറയൂ ചെങ്ങാതി.

ഒരെരു:—അതൊക്കെ സ്വകാര്യം; സ്വകാര്യം.

കണ്ണ:—എന്തു സ്വകാര്യമായാലും ഞാൻ തന്റെ ചെങ്ങാതിയല്ലെ? എന്നേക്കാൾ തനിക്ക് ആരുണ്ടെടോ അത്ര വലിയവൻ.

ഒരെരു:—ആരുമില്ലെ? കുരിക്കൾ തന്നെക്കാൾ എനിക്കു വലിയവനല്ലെ?

കണ്ണ:—അതു കഴിഞ്ഞാൽ?

ഒരെരു:—അതുകഴിഞ്ഞാൽപ്പിന്നെ എന്റെ അച്ഛൻ; പിന്നെ അമ്മ; പിന്നെ സഹോദരങ്ങൾ; പിന്നെ ബന്ധുക്കൾ; പിന്നെ നാട്ടുകാർ. അങ്ങനെയങ്ങോട്ട് ഒരു വലിയ ജനസമൂഹം.

കണ്ണ:—അപ്പോൾ തന്റെ ഈ വലിയ പട്ടികയിൽ എനിക്കൊരു സ്ഥാനവും ഇല്ല; അല്ലെ? മതി മതി; താനും തന്റെ കൂട്ടുകെട്ടും എനിക്കു മതിയായി.

(മുഖംവിവർണ്ണമാകുന്നു)

ഒരെരു:—ചെങ്ങാതി താനെന്താ പെണ്ണുങ്ങളെപ്പോലെ കരയാനാഭാവം? കഷ്ടം! ആയമ്മ കളരിയിൽ വന്നു കുരുപ്പുതാനോട് എന്തൊക്കെയോ മററാരും കേൾക്കാതെ പറഞ്ഞതൊക്കെ, ഞാനെങ്ങനെയാണെടോ അറിയുക? എനിക്കു തോന്നുന്നതു് മാതുക്കുട്ടിയമ്മക്കു വല്ല സുഖക്കേടും ആയിരിക്കുന്നു.

കണ്ണ:—അതു ശുദ്ധമേ നുണ. ഇന്നു് ഓമല്ലൂർകാവിൽ കുളിച്ചു തൊഴാൻ പതിനാറുദാസിമാരോടുകൂടി ആനനടയിൽ മാതുക്കുട്ടിയമ്മ പോകുന്നതു ഞാൻനെന്റെ ഈ കണ്ണുംകൊണ്ടല്ലെ കണ്ടതു്. ഇതു സുഖക്കേടൊന്നുമായിരിക്കില്ല. വേറെ എന്തെങ്കിലും ആയിരിക്കും.

(കുഞ്ഞിച്ചന്തു ബദ്ധപ്പെട്ടു പ്രവേശിക്കുന്നു.)

കുഞ്ഞി:—ഒരെരു, കണ്ണു, നിങ്ങൾ രണ്ടുപേരും ഞാൻ മടങ്ങി വരുന്നതുവരെ കളരിക്കാര്യങ്ങൾ വീഴ്ചകൂടാതെ നടത്തണം.

ഒരെരു:—പിള്ളരെ പഠിപ്പിക്കണോ?

കുഞ്ഞി:—ആവുമെങ്കിൽ പഠിപ്പിക്കു. അപകടമൊന്നും ഉണ്ടാക്കരുതു്. ഞാൻ വരാൻ ഒരുപക്ഷേ കുറെ താമസിച്ചേക്കും.

കണ്ണു:—കുരിക്കള് കാശിരാമേശ്വരം പോകയായിരിക്ക്യോ?

ഒരെരു:—കണ്ണു, കുരിക്കൾക്കു് വയസ്സുകാലമൊന്നുമായിട്ടില്ലല്ലൊ കാശിരാമേശ്വരം പോകാൻ. വിഡ്ഢിത്തമൊന്നും എഴുന്നള്ളിക്കണ്ട.

കുഞ്ഞി:—ഞാൻ തീർത്ഥസ്ഥാനത്തിനൊന്നുമല്ല പോകുന്നതു്. എനിക്കു തുളുനാടൻകോട്ടവരെ ഒന്നു പോയിവരണം.

ഒരെരു:—കുരിക്കള് ഇണങ്ങീട്ടോ പോണതു്; അതോ പിണങ്ങീട്ടോ? പിണങ്ങീട്ടാണെങ്കിൽ കുരിക്കള് ഇപ്പൊ അങ്ങോട്ടു പോകണമെന്നില്ല. ആ കോട്ട അപകടംപിടിച്ച ഒരു ചെകുത്താൻ കോട്ടയാണു്.

കുഞ്ഞി:—തച്ചോളി ഭഗവതി അനുഗ്രഹിക്കുന്നപക്ഷം തുളുനാടൻകോട്ട എനിക്കൊരു നിസ്സാരവസ്തുവാണു്.

കണ്ണു:—അതെ; അതെ ഭഗവതിയുടെ കടാക്ഷം ഉണ്ടെങ്കിൽ.

കുഞ്ഞി:—ഞാൻ പോയിവന്നിട്ടു് എല്ലാംപറയാം. ഉപദേശം ഓർമ്മയിലിരിക്കട്ടെ.

രണ്ടു:—(തൊഴുതുകൊണ്ടു്) അങ്ങനെതന്നെ.

(കുഞ്ഞിച്ചന്തു പോകുന്നു)

കണ്ണു:—എനിക്കിതൊന്നും മനസ്സിലാകുന്നില്ല ഒരെരു. ആയമ്മ വന്നുപറഞ്ഞു എന്തൊക്കെയോ. ആശാൻ തുളുനാടൻ കോട്ടയിലേക്കു പുറപ്പാടുമായി.

ഒരെരു:—അതെയതെ; എനിക്കുതോന്നണു തുളുനാടൻ കോട്ടയുടെ തരത്തിൽ ഇവിടെയും ഒരു കോട്ട പണിയിക്കാൻ

കുരിക്കൾ ഉദ്ദേശിച്ചു് അതിന്റെ ഒരു സമ്പ്രദായം കണ്ടു പരിശോധിച്ചുവരാൻ പുറപ്പെട്ടുകയാണെന്നു്.

കുഞ്ഞു:—എടോ, അതിനു മാതുക്കുട്ടിയമ്മയുടെ അമ്മ എന്തിനാണു് ഖരന്റെമുമ്പിൽ ശൂർപ്പണഖയെപ്പോലെ മുറവിളികൂട്ടിക്കൊണ്ടുവന്നതു്?

ഔരു:—താൻ പറയുന്നതു കേൾക്കുമ്പോൾ അതും ആലോചിക്കേണ്ട വിഷയമായിത്തോന്നിപ്പോകുന്നു.

(പെട്ടെന്നു ശിഷ്യന്മാരിൽ ഒരുവനായ കമ്മാരൻ പ്രവേശിക്കുന്നു)

കമ്മാ:—നമ്മുടെ കുരിക്കളുടെ ഭാര്യയെ കണ്ടർമേനോൻ ഓമല്ലൂർകാവിന്നു കട്ടുകൊണ്ടുപോയത്രെ. എടോ, തീയിൽ ഉറുമ്പരിച്ചുകഴിഞ്ഞു.

ഔരു:—കുഞ്ഞു, എനിക്കിപ്പോ എല്ലാംമനസ്സിലായി. ദൈവമേ, കുരിക്കൾക്കു ഒരാപത്തുംവരല്ലേ.

കുഞ്ഞു:—താഴത്തുമഠത്തിൽ പുടവമുറികഴിച്ചു് ഏതു് ആൺകുട്ടിയാടോ, മര്യാദക്കു ജീവിച്ചിട്ടുള്ളതു്? കഷ്ടം, കുരിക്കളെ ആ കോട്ട പേച്ചുക്കുടെ വിഴുങ്ങും. അങ്ങോര് ഇനി മടങ്ങി വരുന്നു് എനിക്കുതോന്നുന്നില്ല.

കമ്മാ:—താഴത്തുമഠത്തിലെ പെണ്ണുങ്ങളെ, ആണുങ്ങളെ കൊല്ലിക്കുന്ന പെണ്ണുങ്ങളെന്നു നാട്ടുകാരൊക്കെ പണ്ടേക്കു പണ്ടേതന്നെ പറയാറുള്ളതു വെറുതെയാണോ? എന്നാലും കുരിക്കൾക്കു് ഒരാപത്തും ഉണ്ടാവല്ലേ ഭഗവതി!

കുഞ്ഞു:—അപകടം വരാതിരിക്കണമെന്നുതന്നെയാ എന്റേം പ്രാർത്ഥന. പക്ഷെ, ആ കോട്ടയുടെ മട്ടും മാതിരിയും അതിനുള്ളിലുള്ള കൃത്രിമപ്പണികളും കണ്ടർമേനോന്റെ കുതന്ത്രങ്ങളും പറങ്ങോടൻ ചാണക്യന്റെ കുനയങ്ങളും എല്ലാംകൂടി നോക്കുമ്പൊ, എന്റെ ഔരു, എനിക്കു് ഒരാശയുംതോന്നുന്നില്ല. ജീവനോടെ കുരിക്കൾ മടങ്ങിവന്നാ

ലിയ. കാലപുരിക്കു പോയ സത്യവാൻ, സാവിത്രിയുടെ തന്ത്രംകൊണ്ടു മടങ്ങിവന്നു. പിന്നെ രണ്ടാമതാരാണെടോ അവിടെപ്പോയിട്ടു മടങ്ങിവന്നിട്ടുള്ളതു്? അതുപോലെ മാതുക്കുട്ടിസ്സാവിത്രീടെ ഭക്തികൊണ്ടും ദൈവാനുഗ്രഹംകൊണ്ടും കുരിക്കളു് മടങ്ങിവന്നാലായി.

കമ്മാ:—ഭൈരു, മാതുക്കുട്ടിയെ ഇനി തിരിച്ചുകിട്ടിയീട്ടും കുരിക്കൾക്കു് എന്തുഫലം? അവളെ കണ്ടർ രാവണൻ അശുദ്ധപ്പെടുത്തിയിരിക്കും.

കുഞ്ഞു:—എടോ, സീത ഒരു കൊല്ലം ലങ്കയിലായിരുന്നില്ലേ? രാവണനു കഴിഞ്ഞോ ആ ദേവിയെത്തൊടാൻകൂടി?

കമ്മാ:—താനീപ്പറയുന്നതുകേക്കുമ്പോ, എനിക്കു തോന്നണു മാതുക്കുട്ടിയമ്മ സീതയാണെന്നു്. കുരിക്കളു് ശ്രീരാമൻ. ഇതൊക്കെ ക്ഷമിക്കാം. കണ്ടർമേനനെ രാവണനാക്കാഞ്ഞതിലാണു് എനിക്കുസങ്കടം.

കുഞ്ഞു:—രാവണന്റെ വരബലംഎവിടെ; ശക്തിയെവിടെ; പ്രതാപം എവിടെ; ശാസ്ത്രജ്ഞാന സമ്പത്തെവിടെ? പരാക്രമം എവിടെ? സീതാപഹരണം എന്ന ഒരു ദോഷമല്ലാതെ രാവണനു മറ്റെന്തുദോഷമാണെടോ ഉള്ളതു്? കണ്ടർമേനന്റെ സ്ഥിതിയോ? വഞ്ചന, ചതി, കാപട്യം, സജ്ജനദ്രോഹം ഇതൊക്കെയല്ലെ അയാളുടെ സമ്പാദ്യം? അത്ര പെട്ടെന്നൊന്നും കണ്ടർമേനനു വഴങ്ങിക്കൊടുക്കുന്നവളല്ല മാതുക്കുട്ടിഅമ്മ. അതെനിക്കു നല്ല ഉറപ്പാണു്. പതിനെട്ടടവും പഠിച്ചവളല്ലെ അവളും. തീരെ ഗതിയില്ലെന്നായാലേ, അവർ ആ ദുഷ്ടനു കീഴടങ്ങൂ. അതിനുമുമ്പു് അവരെ വീണ്ടെടുക്കാനിടയായാൽ ഭാഗ്യമായി.

ഭൈരു:—മാതുക്കുട്ടിയമ്മയുടെ കാര്യം കുഞ്ഞൻ പറയുന്നതു പരമാർത്ഥംതന്നെ. ഓമല്ലൂർകാവിൽവെച്ചു് അവരെ പിടികൂടിയപ്പോൾത്തന്നെ കണ്ടർമേനനു മനസ്സിലായിരിക്കും

അവരുടെ അഭ്യാസബലം. ഏതെങ്കിലും ഒരായുധം ആ സമയത്തു ആ സ്ത്രീയുടെ കൈയിൽ ഉണ്ടായിരുന്നെങ്കില് നിശ്ചയമായും കണ്ടർമേനൻ ജീവനോടെ മടങ്ങിയിരിക്കയില്ല.

കമ്മാ:—പഠിപ്പും പയററും എത്രതന്നെയുണ്ടെങ്കിലും ആയുധമില്ലാതെവന്നാൽ കഥയൊക്കെ അവതാളത്തിൽത്തന്നെ.

കുഞ്ഞു:—എടോ, എന്റെ ആലോചന ഇതൊന്നുമല്ല. നമ്മുടെ കുരിക്കളെ് ആ കാലം കോട്ടയിൽ എങ്ങനെ കടക്കും? എങ്ങനെ മാതുക്കുട്ടിഅമ്മയെ വീണ്ടെടുക്കും? എങ്ങനെ ആ മഹാപാപിയോടു പകപോക്കും?

കമ്മാ:—ശ്രീ പോൎക്കലിയമ്മക്കുമാത്രം അറിയാം. എല്ലാം നേരെയായാൽമതി. ആകട്ടെ. നമുക്ക കുരിക്കൾ കളരിയിലില്ലാത്തകോട്ടമൊന്നും കാണിച്ചുകൂടാ. പയററിനു കുട്ടികളും വരുന്നുണ്ടു്. എല്ലാം ഉജാറായിരിക്കണം.

എല്ലാവരും:—അങ്ങനെതന്നെ. (പോകുന്നു.)

കൎട്ടൻ.

---

## രംഗം. ൪

[സ്ഥാനം തുളുനാടൻകോട്ട. സമയം രാത്രി. കണ്ടർമേനോൻ കാര്യസ്ഥൻ പറങ്ങോടനുമായിരുന്നു സംഭാഷണം]

കണ്ടർ:—മാതുക്കുട്ടി വശത്താവാൻ പറങ്ങോടൻ പറയുന്നതു ബലംതന്നെ പ്രയോഗിക്കണമെന്നാണു്. അല്ലേ?

പറ:—അതെ; ശിവ: ശക്ത്യായുക്ത: എന്നപ്രമാണവുംഉണ്ടു്.

കണ്ടർ:—അങ്ങനെ കുഞ്ഞിച്ചന്തുവിന്റെ വിരോധവും നമ്മൾ സമ്പാദിച്ചു. ആ ചെക്കൻ ഒന്നാന്തരം മല്ലനാണെന്നാ, നാട്ടുകാരൊക്കെപ്പറയുന്നതു്. അവൻ പകപോക്കാതെ പിന്മാറുകയില്ലത്രെ. അവനു മന്ത്രവിദ്യയും മായാവിദ്യയുമൊക്കെ അറിയുംപോൽ. അവന്റെ കുരിക്കളും അതിയോഗ്യനാണു്.

പറ:—കുറിക്കാം കുഞ്ഞിച്ചുന്തുവിനെ എന്തെങ്കിലും പഠിപ്പിച്ചോട്ടെ. അവനതൊക്കെ പഠിക്കുകയും ചെയ്യട്ടെ. അവിടത്തെ മുമ്പിൽ അവന്റെ ഒരടവും പററൂല്ല. "മാർജ്ജാരസ്യ പുരോഭാഗേ കാ ഗതിർമ്മൂഷികസ്യ ച." എന്നില്ലേ?

കണ്ടർ:—മാതുക്കുട്ടിയും സാമാന്യക്കാരിയല്ല പറഞ്ഞോടാ. അവളും പയററിൽ കണ്ണുതെളിഞ്ഞവളാണ്.

പറ:—അതുകൊണ്ടുതന്നെയാണല്ലോ അവളിൽ അവിടേക്കിത്ര പ്രേമവും. "ധ്രുവാം പ്രേമ നായുക്തഃ" എന്നല്ലേ പറയേണ്ടു.

കണ്ടർ:—ഒരുഭാഗംകൊണ്ടാലോചിക്കുമ്പൊ, അങ്ങനെ തന്നെ. വേറൊരുവിധത്തിലും അവൾ എന്നെ വല്ലാതെ ശിക്ഷിക്കുന്നുണ്ട്. എന്റെ ഹിതത്തിന് അവൾ നിശ്ശേഷം കീഴ്പ്പെടുന്നപക്ഷം ഈ തുളുനാടൻകോട്ടയും കോട്ടവകസ്ഥാവരജംഗമസ്വത്തുക്കളും അവളുടെതുമാത്രമാണ്. ജനങ്ങൾ പറഞ്ഞും പറഞ്ഞോടൻ വർണ്ണിച്ചും കേട്ടതുപോലെ മാതുക്കുട്ടി സാക്ഷാൽ തിലോത്തമയാണെന്ന് നമുക്കു ബോദ്ധ്യമായി.

പറ:—ചിരുതക്കുട്ടിയെക്കാളും മികച്ചവളോ മാതുക്കുട്ടി?

കണ്ട:—ചിരുതക്കുട്ടിയെന്താ, കുറെ അധികം തലമുടിയുണ്ട്. ആകെക്കൂടി ഒരാനച്ചന്തം. അത്രയല്ലെയുള്ളു! മാതുക്കുട്ടി ഗജം; ചിരുതക്കുട്ടി അജം. അത്രയും അന്തരം അവർക്കുണ്ട്.

പറ:—അവിടന്നൊരിക്കൽ പറയുകയുണ്ടായി, ചിരുതക്കുട്ടിയെപ്പോലൊരു പെൺകിടാവ് ഇനി ലോകത്തിൽ ഉണ്ടാവുകയേയില്ലെന്ന്. അവളെ, അവളുടെ ഭർത്താവിൽനിന്നു കററി ഈ കോട്ടയിലേക്കു കൊണ്ടുവരാൻപെട്ട പാടാലോചിക്കുമ്പൊ, ഇപ്പോഴും എനിക്കു നടുക്കം ഉണ്ടാവുന്നു. ഈ കോട്ട ആ സ്ത്രീക്കു ഉദകപൂർവ്വമാണെന്ന് അവിടന്നു കല്പിക്കുകയും ചെയ്തിരുന്നു. ആ ദാനം റദ്ദാക്കിയിരിക്കാം.

കണ്ടർ:—ദാനമെല്ലാം ശരിതന്നെ. അവളുടെ പതിനേഴാം
വയസ്സിൽ അവൾതന്നെയായിരുന്നു ലോകൈകസുന്ദരി.
അന്നത്തെ സ്ഥിതിക്കു ഞാൻ അങ്ങനെയൊക്കെ വാക്കും
കൊടുത്തിരുന്നു. അവളേക്കാൾ മികച്ച ഒരു പെണ്ണ് എന്തി
നു ലോകത്തിൽ പിറന്നു? എന്തിനു ആ പെണ്ണിനെക്കുറിച്ചു
ഞാൻ കേൾക്കാനിടവന്നു? അഥവാ എന്തിനു അവളെന്നെ
ഭ്രമിപ്പിച്ചു; ചിരുതക്കുട്ടിയുടെ നിർഭാഗ്യത്തിനു! പറഞ്ഞോ
ടാ, മാതുക്കുട്ടി ഇവിടെ വന്നകഥ ചിരുത അറിഞ്ഞിട്ടുണ്ടോ?

പറ:—അറിഞ്ഞിട്ടുണ്ടോ എന്നു! എല്ലാം അവരെ ആരോ വി
സ്തരിച്ചുപറഞ്ഞു കേൾപ്പിച്ചിട്ടുണ്ടു. അവരുപറയാണു,
"എന്നെ നാടുവഴിയാക്കാനാണല്ലൊ അദ്ദേഹം ഇങ്ങനെ
യൊക്കെ ചെയ്യുന്നതെന്നു". പാവം. വളരെനേരംകരഞ്ഞുവ
ത്രെ. കരഞ്ഞുകരഞ്ഞു ഒടുവിൽ അവർക്കൊരു ബോധക്ഷയ
വും വന്നുവത്രെ.

കണ്ടർ:—കരച്ചിലും ബോധക്ഷയവുമൊക്കെ പെണ്ണുങ്ങൾക്കു
ദൈവംകൊടുത്തിട്ടുള്ള പ്രത്യേകവരങ്ങളല്ലെ പറഞ്ഞോടാ.
ഇതൊക്കെക്കണ്ടു പുരുഷന്മാരുടെ മനസ്സു അലിഞ്ഞുപോയാൽ,
തൊലഞ്ഞില്ലെ പൗരുഷം! ചിരുതയ്ക്കെന്തിനാണിത്രയൊക്കെ
വിഷാദിക്കാൻ? മാതുക്കുട്ടിയാകാൻ അവൾക്കു ഇജ്ജന്മം
സാധ്യമല്ല. അടങ്ങിയൊതുങ്ങി ഒന്നുംകണ്ടില്ലെന്നും കേട്ടി
ല്ലെന്നും വെച്ചുകഴിഞ്ഞുകൂടിയാൽ മരണംവരെ സുഖമായി
കഴിയാം. ഇടഞ്ഞാൽ തുളുനാടൻ കോട്ടയിൽ ഇരിക്കാൻ
ഒരു നിമിഷം സാധ്യവുമല്ല. അല്ല; ചിരുതക്കിതിലിരി
ക്കാൻ സാധ്യമല്ല പറഞ്ഞോടാ.

(പെട്ടെന്നു ചിരുത പ്രവേശിക്കുന്നു)

ചിരുത:—വേണ്ട പ്രഭോ, എനിക്കു കോട്ടയുംവേണ്ട അവിടു
ത്തെ ധനവുംവേണ്ട. മാതുക്കുട്ടിയും കോട്ടയുമായി അവി
ടന്നു കഴിഞ്ഞുകൂടിക്കൊള്ളുക.

കണ്ടർ:—ചിരുതേ, നീയറിയുന്നില്ല നിനക്കു വാൎദ്ധക്യച്ഛായ ബാധിച്ചകഥ.

ചിരുത:—അവിടന്നറിയുന്നതെല്ലാം ഇക്കൂട്ടത്തിൽ, അവിടക്കു നവയൗവനം സമാഗതമായിരിക്കുന്നു എന്ന വസ്തുത. ഞാൻ വൃദ്ധയായി; എന്റെ ഓജസ്സും തേജസ്സും നശിക്കുകയും ചെയ്തു. അങ്ങയെ ആകൎഷിക്കാൻ എന്നിലിപ്പോൾ എന്തുണ്ടു്? ഒന്നുമില്ല. (ദയനീയത). ഒരു കാലത്തു ഞാനും മാതുക്കുട്ടിയായിരുന്നു; ഒരു പക്ഷേ അവളിലും മികച്ചവളായിരുന്നു. ഇന്നത്തെ സ്ഥിതി അതല്ല. എന്റെ ഭൎത്താവിനെ നിഷ്ഠുരം കൊല്ലിച്ചു, അൎദ്ധരാത്രിയിൽ എന്നെ ഈ നരകക്കോട്ടയിൽ കൊണ്ടുവന്നിരുത്തി, ഒരു കൊല്ലത്തോളം കൊല്ലാതെ കൊന്നു. ഒടുവിൽ മനമില്ലാമനസ്സോടെ എന്നെ നിങ്ങൾ നിങ്ങളുടെ ഭാൎയ്യയാക്കി. ഇന്നു ഞാൻ ഒന്നിനും ഉതകാത്തവളായി; അവിടന്നു പറയുന്നതു ശരിയാണു്.

കണ്ടർ:—അതെ; നിനക്കിതെല്ലാം ആലോചിക്കാൻകഴിയും. നിന്നെ ഈ കോട്ടയിൽ ബന്ധനസ്ഥയാക്കിയതിനുശേഷം, നിന്റെ കരുണക്കായി ഞാൻ എത്ര രാപ്പകലുകൾ യാചിച്ചു? നീ എന്നെ അക്കാലത്തു പറഞ്ഞ ക്രൂരവാക്കുകൾ, നിനക്കിപ്പോൾ ഓൎമ്മയിൽ വരുന്നുണ്ടോ? ഒടുവിൽ നിന്നെ ഞാൻ പട്ടിണിയിട്ടുകൊല്ലാൻ തീൎമാനിച്ചു. ആ ഭീഷണികൊണ്ടു നീ എന്റെ ഹിതത്തിനു കീഴ്പെട്ടു. ഇത്രയൊന്നും വിഷമംകൂടാതെ, അന്നു നീ എന്നെ സ്വീകരിച്ചിരുന്നുവെങ്കിൽ നിന്നെ ഞാൻ കൃതജ്ഞതാപൂൎവ്വം ഓൎക്കുമായിരുന്നു. നീയെന്റെ നേരെ കാണിച്ച ക്രൂരതക്കു പ്രതികാരം ചെയ്യാൻ ഇപ്പോൾ ദൈവം എനിക്കവസരം തന്നിരിക്കുന്നു. അതിനൊരു മാതുക്കുട്ടിയും പ്രത്യക്ഷയായി.

ചിത്ര:—(ഉത്തേജിതയാകുന്നു) ദൈവം! എന്തിനു് ആ പവിത്രനാമം അവിടത്തെ ദുഷിച്ച നാവുകൊണ്ടു ഉച്ചരിക്കുന്നു! ദൈവം; നിങ്ങളുടെ ദൈവം പതിവ്രതമാരുടെ ചാരിത്ര്യം കശാപ്പുചെയ്യുന്ന രാക്ഷസൻ; സ്ത്രീകളുടെ താരുണ്യം ചവിട്ടിത്തേച്ചരച്ചാസ്വാദിച്ചാടുക്കുന്ന അസുരൻ; ധനപ്രഭാവത്തിന്റെ തണലിൽനിന്നുകൊണ്ടു ഹിംസകശക്തിയുണ്ടാക്കുന്ന അധമൻ; അഃയ്യോ, വസുന്ധരേ, ഇത്തരം ഭയങ്കരസത്വങ്ങളെ അവിടന്നെത്രകാലം ചുമന്നുകൊണ്ടുനില്ക്കും? ഒരു ഭൂകമ്പംകൊണ്ടു് അവിടന്നു നശിക്കു. അതോടുകൂടി ഇത്തരം കാപാലികന്മാരും നശിക്കട്ടെ.

പറ:—ചിത്രതേമ്മേ, കോപം കൊള്ളരുതൊന്നിന്നും. സാമംകൊണ്ടേ ജയംവരൂ. സ്വാമിയെ കൂടുതൽ അധീരനാക്കാതിരിക്കു. നല്ല വാക്കുകൊണ്ടു് അദ്ദേഹത്തെ പ്രസന്നനാക്കു.

ചിത്ര:—കൊല്ലുന്ന രാജാവിനു തിന്നുന്ന മന്ത്രി. തീക്ഷ്ണഖഡ്ഗത്തിനൊരു മൂർച്ച; ദുഷ്ടതയ്ക്കൊരു ക്രൂരത. പാറത്തോടൻ നായരേ, ഈ മനുഷ്യച്ചെകുത്താന്റെ പാപകർമ്മങ്ങളുടെ വലിയൊരംശം നിങ്ങൾക്കും ലഭിക്കാതിരിക്കയില്ല. നിങ്ങളാണു് ഈ ചെകുത്താനെ ഇത്രത്തോളം ഭയങ്കരനാക്കിയതു്. നിങ്ങളാണു കണ്ടർമേനവനു ശവക്കുഴി തോണ്ടുന്ന ദുഷ്ടൻ.

പറ:—ഞാനെന്തുചെയ്യു? മേനോനദ്ദേഹം ഭീഷ്മർ ചമഞ്ഞു. ഭീഷ്മർ അദ്ദേഹത്തിനുവേണ്ടിയാണോ കാശിരാജാവിന്റെ പുത്രിമാരെ അപഹരിച്ചതു്? അല്ല. ഈ ഭീഷ്മർ തന്നതാവശ്യത്തിനായി നിങ്ങളെ അപഹരിച്ചു. ഇതിലൊക്കെ അത്രയെല്ലാം പറയാനെന്തുണ്ടു്? ജീർണ്ണിച്ച യൗവനത്തെ വാക്കുകൊണ്ടു പൊക്കിനിറുത്തിക്കാണിക്കാൻ നിങ്ങൾ പണിപ്പെടുന്നു. നവയൗവനമാണു നിങ്ങൾക്കിപ്പോളുമെന്നു നിങ്ങൾ ഭാവിക്കുന്നു. വല്ല പരമാർത്ഥവും ഈ ഭാവത്തിലുണ്ടോ? ആലോചിച്ചുനോക്കു.

ചിരുത:—ഇല്ല; ഒട്ടുംതന്നെയില്ല. എൻെറ യൗവനസൂര്യൻ അസ്തമിക്കാറായി; അല്ല അസ്തമിക്കുകതന്നെ ചെയ്തിരിക്കുന്നു. നിങ്ങളുടെ പ്രഭുവിനോ നവയൗവനവും. പ്രായാധിക്യം അലതല്ലുന്ന ഒരു കടലല്ല അദ്ദേഹത്തിൻെറ ശരീരം. മതിയാക്കു. ഒന്നു ഞാൻ പറഞ്ഞേക്കാം. എന്നെ അപഹരിച്ചതിനുള്ള ശിക്ഷ നിങ്ങളുടെ പ്രഭുവിനു ലഭിച്ചിട്ടില്ല. അതു പലിശയുംകൂട്ടി വാങ്ങാനാണു മാതുക്കുട്ടിയെ അപഹരിച്ചുകൊണ്ടുവന്നതു്. ശിക്ഷ ഏററുവാങ്ങുന്ന സമയത്തു ഭാഗം പററാനോ, സംസാരിക്കാനോ പറങ്ങോടൻനായർ ഇവിടെ ഉണ്ടായിരിക്കയും ഇല്ല.

കണ്ടർ:—ആര്; മാതുക്കുട്ടിയുടെ ഭർത്താവോ? തച്ചോളി കുഞ്ഞിച്ചന്തുവോ മുതലും പലിശയും തന്നു തീർക്കാൻ വരുന്നതു്. അവൻെറ കുഞ്ഞമ്മാമൻ പണ്ടൊരിക്കൽ ഈ കോട്ട പിടിച്ചടക്കാൻ വന്നിട്ടു് എന്തു നേട്ടമുണ്ടായി എന്നൊന്നന്വേഷിച്ചുനോക്കു്. അയാൾക്കു സാധിക്കാത്ത ഒരു കാര്യം കുഞ്ഞിച്ചന്തുച്ചെക്കനു സാധിക്കുമെന്നു നീ സ്വപ്നത്തിൽക്കൂടി ഊഹിക്കേണ്ട. അവനോ എനിക്കെതിരാളി? സമുദ്രത്തിന്നെതിരാളി ഒരു പൊട്ടക്കിണറ്. തേക്കുമരത്തോടു മത്സരിക്കാനൊരു കരിന്തകര. കൊമ്പനാനയോടെതിരിടാൻ കുഴിയാന. സൂര്യൻെറ ശത്രു ഒരു മിന്നാമിനുങ്ങു്. അയ്യോ—പാവം!

പറ:—അതെ; മൂർഖൻപാമ്പിനെതിരാളി ഒരു ഞാഞ്ഞൂലും. ഹിരണ്യകശിപുവിനോടു നേർക്കാൻ ഒരു പിച്ചക്കാരൻ; ചിരുതക്കുട്ടിയമ്മേ, തുളുനാടൻ കണ്ടർ മേനോനെന്നു പറഞ്ഞാൽ ഈ പരശുരാമക്ഷേത്രംതന്നെ ഒന്നു ഞെട്ടിവിറയ്ക്കും. കുഞ്ഞിച്ചന്തു, ഈ കോട്ടയുടെ പേർ കേട്ടാൽമതി; അവൻ സ്വയം ദഹിച്ചു വെണ്ണീറാവും.

കണ്ടർ:—പറങ്ങോടാ, ആ ചെക്കനു് അറിയാമോ മാതുക്കുട്ടി തുളുനാടൻ കോട്ടയിലേക്കാണു വന്നിട്ടുള്ളതെന്നു്?

പറ:—അതുപിന്നെ അറിയാതിരിക്ക്യാ? അവളുടെ ദാസിമാരിൽ പതിനാറെണ്ണവും ബോധമില്ലാതെയിരിക്കുമോ? ഏതെങ്കിലും ഒരെണ്ണം, വിവരം കുഞ്ഞിച്ചന്തുവിനെ അറിയിക്കാതിരിക്ക്യാ? അവൻ അറിഞ്ഞാൽത്തന്നെ എന്തുവരും? പാവം. കഷ്ടിച്ചു കോട്ടയുടെ പുറംവരെ വന്നേക്കും. അവിടെവന്നു കോട്ടയെ പാദാദികേശം, കേശാദിപാദം നല്ലപോലെ ഒന്നുനോക്കി കൊഞ്ഞനം കാണിക്കും. പിന്നെ കുറെ നെടുവീർപ്പിടും. മുട്ടിയപക്ഷം തേങ്ങിത്തേങ്ങി കുറെ കരയും. പിന്നെ ശവത്തെ അനുഗമിക്കുന്ന ബന്ധുക്കളെപ്പോലെ തലയും താഴ്ത്തി നാട്ടിലേക്കു മടങ്ങിപ്പോകയും ചെയ്യും.

കണ്ടർ:—പറഞ്ഞോടാ, മാതുക്കുട്ടിയെ കൊണ്ടുപോന്നതു് ഈ കണ്ടർ മേനോനാണെന്നു അവരറിഞ്ഞാൽ എങ്ങനെ അറിയും?

പറ:—(തലചൊറിയുന്നു.) അതാ പറയാം. അവൾ അങ്ങയുടെ മടിക്കു് കൈചുരുട്ടി നാലഞ്ചിടിച്ചപ്പോൾ ആവിടന്നു പറഞ്ഞില്ലേ ഇളനാടൻ കണ്ടർമേനവനെ ഇതിനു മുമ്പാരും ചൂണ്ടാണിവിരൽപൊക്കി നോക്കിയിട്ടില്ലെന്നു്. ദാസിമാർ ഈ പേർ ആവർത്തിച്ചു പറയുന്നതു ഞാൻ കേട്ടു.

കണ്ടർ:—ശരി; ഞാനങ്ങനെ പറഞ്ഞതു ശരിയാണു്. പേർ പറയാതിരുന്നെങ്കിൽ നന്നായിരുന്നു.

ചിരുത:—അതെങ്ങനെ. പറയാൻ തോന്നാതിരിക്കും. ചൊല്ലുന്നതു അധർമ്മമല്ലേ. ശത്രുക്കളെ വിളങ്ങാതിരിക്ക്യാ അവിടെ? കുഞ്ഞിച്ചന്തു പകവീട്ടാതിരിക്കുമെന്നു സ്വപ്നേപി കരുതേണ്ട. അവൻ തച്ചോളി കുടുംബത്തിൽ പിറന്ന പുരുഷസിംഹമാണു്. കുറുനരികളുടെ മുവെട്ടാനാം അവിടെ ഫലിക്കുകയുമില്ല. ശൗര്യംകൊണ്ടു കാര്യം നേടുവാൻ വിഷമമാണെന്നു കണ്ടാൽ ബുദ്ധിമാന്മാർ നയം പ്രയോഗിച്ചു കാര്യം സാധിക്കും.

കണ്ടർ:—പറഞ്ഞോടാ, ചിരുതക്കു ഭ്രാന്താണു്; തനി ഭ്രാന്തു്.

ചിരുത:—അതെ എനിക്കു തനി ഭ്രാന്തുതന്നെ. അല്ലെങ്കിൽ ഞാൻ ഇത്രയും കാലം ഈ നരകത്തിൽ ഈ വിധം എങ്ങനെ കഴിഞ്ഞുകൂടും. ഇവിടന്നു കല്പിക്കുന്നതു വാസ്തവം തന്നെ.

(ചിരുതക്കുട്ടി പോകുന്നു.)

കണ്ടർ:—ഞാനിന്നു മാതുക്കുട്ടിയെ കാണുകയുണ്ടായില്ല. അവളെക്കണ്ടു് എങ്ങനെ ഇരിക്കുന്നു എന്നറിയട്ടെ.

പാ:—പൗരുഷേണ പ്രയത്നേന ദുർല്ലഭം കിന്നു മൽപ്രഭോ”

(കർട്ടൻ)

## രംഗം ൩.

[സ്ഥാനം—ഇളനാടൻ കോട്ട. സമയം രാത്രി. മാതുക്കുട്ടി ചിന്താവിഷ്ടയായി പര്യങ്കത്തിൽ ഇരിക്കുന്നു]

മാതു:—ഈശ്വര, മദാന്ധനായ കണ്ടർമേനോൻ എന്റെ എല്ലാ രക്ഷാമാർഗ്ഗത്തേയും അടച്ചുകഴിഞ്ഞിരിക്കുന്നു. അയാൾക്കു മാനവുമില്ല; മര്യാദയുമില്ല. ഒരന്യന്റെ ഭാര്യയെ പരിഗ്രഹിക്കണമെന്ന ദുർബ്ബുദ്ധി, ആസുരംതന്നെ. കണ്ടർമേനോനുണ്ടോ ഇതേതെങ്കിലും മനസ്സിലാക്കിയിരിക്കുന്നു! ഈ കോട്ടയിൽനിന്നു രക്ഷനേടുക അസാധ്യം. ബലിഷ്ഠങ്ങളായ കോട്ടമതിലുകൾ. കോട്ടക്കുള്ളിൽ എത്രയോ അപകടംപിടിച്ച ഏർപ്പാടുകൾ. എന്റെ പ്രാണനാഥൻ എത്രതന്നെ ശ്രമിച്ചാലും കോട്ടയിൽ കടക്കാൻ ശക്തനാകുന്നതല്ല. അഥവാ കടന്നു എന്നു വന്നാൽതന്നെയും കണ്ടർമേനോന്റെ സേനയേയും കണ്ടർമേനോനേയും പോരാടി ജയിച്ചു എന്നെ വീണ്ടെടുക്കുക അത്ര എളുപ്പമല്ല. എന്റെ വേർപാടുകൊണ്ടു് അദ്ദേഹം ഇപ്പോൾ വിവശനായിക്കഴിഞ്ഞിരിക്കും. കഷ്ടം! എന്നെ വിവാഹം ചെയ്ത

ളുതന്നെ കുടുംബക്കാർക്ക് അഹിതമായിട്ടല്ലേ! അവരും ഇപ്പോൾ ഞങ്ങളെ അപഹസിക്കുന്നുണ്ടാകണം. എല്ലാ ദുഃഖവും ഇന്ന് അദ്ദേഹത്തെ ഒന്നിച്ചുചേർന്നു വിഷമിപ്പിക്കുന്നുണ്ടാകണം. ഈ സമയത്ത് അദ്ദേഹത്തെ സമാശ്വസിപ്പിക്കാൻ എനിക്കുകഴിവില്ലല്ലോ. മഹാപാപിനിയാണു ഞാൻ.

(നെടുവീർപ്പിടുന്നു.)

(കണ്ടർമേനോൻ പ്രവേശിക്കുന്നു. മാതുക്കുട്ടി എഴുന്നേററു് അല്പം പിന്മാറിനില്ക്കുന്നു.)

കണ്ടർ:—മാതുക്കുട്ടി, ളൂനാടൻകോട്ടയിലെ വാസം നിനക്കു രുചിക്കുന്നില്ലെന്നുണ്ടോ? (സമീപിക്കുന്നു.)

മാതുക്കുട്ടി:—(പിന്മാറുന്നു) ഐശ്വര്യസമൃദ്ധമായ ഈ കോട്ട ആർക്കാണു രുചികരമല്ലാതെ വരുക?

കണ്ടർ:—അങ്ങനെ പറയു. ഇതാണു നിന്നിൽ എനിക്ക് അനുനിമിഷം പ്രേമം വർദ്ധിക്കാനുള്ള കാരണം! മാതുക്കുട്ടി കുഞ്ഞിച്ചന്തുവിനെ മറന്നേക്കു. അവനെ വിചാരിച്ചു മനസ്സും ദേഹവും പീഡിപ്പിക്കരുത്. നിന്റെ ക്ഷീണം കാണാൻ കണ്ടുക്ക കെല്പില്ല. എന്നെ പരിഗ്രഹിച്ച് ഈ കോട്ടയിലെ കൊച്ചുറാണിയായി ആയുശ്ശേഷം നയിക്കുകയാണു നിനക്കിനി എല്ലാംകൊണ്ടും നല്ലത്. നിന്റെ കല്പന, ഈ കോട്ടയിലുള്ള അസംഖ്യം പരിവാരങ്ങൾ കൈക്കൂപ്പി അനുസരിക്കാൻ തയാറുണ്ട്. ഞാൻതന്നെ നിന്റെ അടിമയാണ്. ബലംപ്രയോഗിക്കാതെ നീ എനിക്കു വശംവദയാവുകയില്ല എന്നു വരുമ്പോളേ ഞാനെന്റെ തനിനിറം പുറത്തുകാണിക്കു. ഏതെങ്കിലും വിധത്തിൽ രക്ഷപ്രാപിക്കാമെന്നും ഇനിയും കുഞ്ഞിച്ചന്തുവിന്റെ ഭാര്യയായി കഴിഞ്ഞുകൂടാമെന്നും നീ വ്യാമോഹിക്കണ്ട. ഈ കോട്ട അഭേദ്യമാണ്. ദുർഗ്ഗമവുമാണ്. നീ മനസ്സാ

എന്നെ സ്വീകരിക്കുന്നില്ലെങ്കിൽ നിശ്ചയമായും ബലം പ്രയോഗിച്ചു നിന്നെ ഞാൻ വശത്താക്കും. എന്തുവേണം.

മാതു:—(നെടുവീൎപ്പ്. പുഞ്ചിരിതൂകാൻ പണിപ്പെടുന്നു.) പ്രഭോ, ഞാൻ ഒരടിമ. അടിമയോടിങ്ങനെ പറയുന്നതുതന്നെ അനാവശ്യം. അങ്ങേക്കു മാതുക്കുട്ടി കൂടിയേ തീരൂ. അവൾ സ്വയം വശത്തായാൽ അങ്ങനെ; അല്ലാത്തപക്ഷം ബലം പ്രയോഗിച്ചിട്ട്. ഒരബലയോടു ബലപ്രയോഗത്തിന് അങ്ങു സന്നദ്ധനായിരിക്കാം; പക്ഷേ ഞാനതിന് ഒരുക്കമില്ല.

കണ്ടർ:—അപ്പോൾ നീയെന്നെ പരിഗ്രഹിക്കാൻ തയാറാണെന്ന്. സന്തോഷമായി എനിക്ക്. (പുഞ്ചിരിതൂകി സമീപിക്കുന്നു.)

മാതു:—നില്ക്കൂ. ഇത്ര ബദ്ധപ്പാടു നന്നല്ല. ഞാനൊന്നു പറഞ്ഞുകൊള്ളട്ടെ. ഞാനങ്ങയെ ദേവാലയത്തിൽവെച്ച് എതിൎത്തു; പ്രഹരിച്ചു; പരുഷവാക്കുകൾ പലതും പറഞ്ഞു വേദനിപ്പിച്ചു. എന്നെ സംബന്ധിച്ചിടത്തോളം അതെല്ലാം ഘോരന്യായങ്ങൾതന്നെ. ഞാൻ സമ്മതിക്കുന്നു.

കണ്ടർ:—ഏയ്, മാതുക്കുട്ടി, അതുകൊണ്ടൊന്നും എനിക്കു ഒരു പരിഭവവുമില്ല. നീയെന്നെ പ്രഹരിച്ചതുതന്നെ ഒരു വീരമുദ്രയായിട്ടാണ് ഞാൻ കരുതിയിരിക്കുന്നത്. ആ കുഞ്ഞിക്കൈകൊണ്ടുള്ള താഡനം, ഗാഢാശ്ലേഷത്തിന്റെ മധുരപ്രവാഹമായിട്ടാണു ഞാൻ വിചാരിക്കുന്നത്.

മാതു:—മഹാന്മാൎക്കു നിന്ദയിലും അഭിനന്ദനത്തിലും തുല്യമനഃസ്ഥിതിയേ ഉണ്ടായിരിക്കു. പക്ഷെ അപരാധബോധം എന്തുതന്നെയായിട്ടും എന്നെ വിട്ടുപോകുന്നില്ല. അതിനു പ്രതിവിധിചെയ്കല്ലാതെ എന്റെമനസ്സിനു ശാന്തിയും ഉണ്ടാകുന്നതല്ല. എന്റെ കഥയില്ലായ്മക്കു പ്രായശ്ചിത്തമായി പതിന്നാലുദിവസം വ്രതമെടുക്കാനും അതുവഴി

ആത്മശുദ്ധിവരുത്താനും ഞാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു. ആ അവധികഴിയുന്നതുവരെ അവിടുന്നു് എന്നെ വികാരാവേശത്തോടുകൂടി സന്ദർശിക്കുകയോ ഞാനുമായി സംഭാഷണംചെയ്യുകയോ അരുതെന്നാണു് എന്റെ അപേക്ഷ.

കണ്ടർ:— അതിനു് ഇത്രയൊക്കെ ദിവസം വേണോ മാതുക്കുട്ടി? പതിനാലുദിവസം — പതിന്നാലു യുഗംപോലെ ദീർഘമായിട്ടാണു് എനിക്കുതോന്നുന്നതു്. പതിന്നാലു ദിവസംതന്നെ വേണോ?

മാതു:— അതുകൂടാതെ കഴികയില്ല. എന്നാൽ മാത്രമേ മനോമാലിന്യംതീർന്നു മനസ്സു നിർമ്മലമാകുകയുള്ളു. വിശേഷിച്ചും ഇതു് കൃഷ്ണപക്ഷവുമല്ലെ? കൃഷ്ണപക്ഷം വിവാഹം തുടങ്ങിയ കാര്യങ്ങൾക്കു ശുഭവുമല്ല.

കണ്ടർ:— ഇതൊക്കെ ഒരു വിവാഹത്തിന്റെ കൂട്ടത്തിൽ കണക്കാക്കാമോ? ആകട്ടെ, നിന്റെ അപേക്ഷ നിരസിക്കാനുള്ള വിമുഖതകൊണ്ടു പതിന്നാലുദിവസം ഞാൻ എങ്ങനെയൊക്കെയെങ്കിലും കഴിച്ചുകൂട്ടിക്കൊള്ളാം.

മാതു:— എന്റെ അപേക്ഷ സ്വീകരിച്ചതിനു ഞാനങ്ങേക്കു് ഏററവും കടപ്പെട്ടിരിക്കുന്നു.

കണ്ടർ:— ഇനി ഞാൻ വാസ്തവം പറയാലോ, എന്നോടു നമ്മുടെ കാര്യസ്ഥൻ പറങ്ങോടൻപറഞ്ഞു നീ ഒരിക്കലും നമ്മുടെ ഹിതത്തിനു കീഴ്പ്പെടുകയില്ലെന്നു്. തച്ചോളി കഞ്ഞിച്ചന്തുവിന്റെ ഭാര്യയായി ഒരൊററദിവസമെങ്കിലും നീ കഴിച്ചുകൂട്ടിയിട്ടുണ്ടെങ്കിൽ ആ നീ എന്നെ സ്മരിക്കുകയേ ചെയ്യുകയില്ലെന്നും അയാളെന്നോടുപറഞ്ഞു. അയാൾ അറിയിച്ചതുപോലെ വരുമോ സംഗതി എന്നുള്ള ശങ്കയും എനിക്കുണ്ടായിരുന്നു. ഇപ്പോൾ എന്റെ എല്ലാ സംശയവും തീർന്നു.

(പറങ്ങോടൻ പ്രവേശിക്കുന്നു)

കണ്ടർ:—എന്താ, പറങ്ങോടൻ, വിശേഷമൊന്നുമില്ലല്ലൊ.

പറ:—അല്പം ഒരു വിശേഷമുണ്ട്.

കണ്ടർ:—പറഞ്ഞോളൂ. മാതുക്കുട്ടിക്കു കേൾക്കാം. അവളെ അറിയിക്കാതെ നമുക്കിനി ലോകത്തിൽ ഒരു രഹസ്യവും ഇല്ല.

പറ:—അത്രക്കൊക്കെയായോ കാര്യം!

കണ്ടർ:—ആകാതെപിന്നെ! പറങ്ങോട, എന്റെ ഗുണം അറിയാനുള്ള തന്റേടവും ശക്തിയും ഉള്ള ചിലരെങ്കിലും ലോകത്തുണ്ട്. അവരിൽ ഒരാളാണ മാതുക്കുട്ടി. അവൾ എന്നെ സ്വീകരിക്കാമെന്ന് ഒരു ശാഠ്യവുംകൂടാതെ സമ്മതിച്ചിരിക്കുന്നു.

പറ:—അവിടത്തെ മഹാഭാഗ്യത്തിന് എന്നും ഉച്ചസ്ഥിതി തന്നെ. എന്നാൽ ഞാൻ കാലത്തു കണ്ടുകൊള്ളാം.

കണ്ടർ:—അങ്ങനെ അങ്ങോട്ട തീർച്ചയാക്കിയെന്നുവെച്ചു നമ്മുടെ കിടപ്പു ഇവിടെക്കാക്കി എന്നു തെററിദ്ധരിക്കണ്ട. ഞാനും വരുന്നു.

(രണ്ടുപേരുംകൂടിപോകുന്നു)

മാതു:—ഈശ്വര, ഞാനെന്തിനാണ പതിന്നാലുദിവസം ഈ ക്രൂരനോട് അവധി വാങ്ങിയത്. ഇതുകൊണ്ടെന്തൊന്നൊരു പ്രയോജനം. അവധിക്കുമുമ്പായി എന്റെ പ്രാണനാഥൻ വന്ന് എന്നെ വീണ്ടെടുക്കാത്തപക്ഷം ഈശ്വര, എന്റെ ജീവിതം പാഴാകുമല്ലൊ. പരമകാരുണികനായ ദൈവമേ എന്റെ ഭർത്താവിന് എന്നെ വീണ്ടെടുക്കാനുള്ള എല്ലാക്കഴിവുകളും നൽകണമേ!

(കർട്ടൻ)

## രംഗം ൧

(സ്ഥാനം തുളുനാടൻകോട്ട. സമയം അപരാഹ്നം. കണ്ടേർമേനോൻ ഇരിക്കുന്നു. പറങ്ങോടൻ പ്രവേശിക്കുന്നു.)

കണ്ടേർ:—എന്താ പറങ്ങോടാ,

പറ:—ഒരു സന്യാസി വന്നു കോട്ടയ്ക്കുപുറത്തു കാത്തുനില്ക്കുന്നു.

കണ്ടേർ:—സന്യാസി! നാട്ടുംവീട്ടും ബന്ധുക്കളും ഒന്നുമില്ലാതെ അലഞ്ഞുതിരിയുന്ന ഒരുകൂട്ടം തെണ്ടികളാണു സന്യാസികൾ. അവറ്റെ കണ്ടാൽ അന്നു പച്ചവെള്ളം കിട്ടൂല്ല. അതുതീർച്ച. ആ സന്യാസിക്കു് നാഴിഅരി കൊടുത്തു കടന്നുപോകാൻ പറയാതെ ഇങ്ങോട്ടുവന്നിരിക്കുന്നു, പറങ്ങോടൻ ആ വർത്തമാനവുംകൊണ്ടു്.

പറ:—അരി കൊണ്ടുപോയി കൊടുത്തു; പോകാൻ പറഞ്ഞു. അയാൾക്കു് അരിയും വേണ്ട, പണവും വേണ്ട. പോകാൻ പറഞ്ഞാൽ കൂട്ടാക്കുന്നുമില്ല.

കണ്ടേർ:—അരിയും കാശും ഒന്നും വേണ്ടെങ്കിൽപ്പിന്നെ ഈ കോട്ടയായിരിക്കുമോ ആ പിച്ചക്കാരനുവേണ്ടതു്?

പറ:—എനിക്കയാളൊരു പിച്ചക്കാരനായ സന്യാസിയായിട്ടല്ല, സിദ്ധനായ ഒരു യഥാർത്ഥയോഗിയായിട്ടാണു് തോന്നുന്നതു്. നന്നെ ചെറുപ്പം; നല്ല ഓജസ്സു്; കടഞ്ഞെടുത്തതുപോലുള്ള കൈകാലുകൾ; ജ്വലിക്കുന്ന മുഖം; മാംസളമായ കവിൾത്തടം; വിരിഞ്ഞ നെററി; വിസ്തീർണ്ണമായ മാറിടം. കണ്ടാൽ വല്ല രാജകുമാരനോ മറേറാ ആണെന്നേ തോന്നൂ.

കണ്ടേർ:—(ആലോചിച്ചു്) ഇങ്ങനെ ഒരു സന്യാസിയോ? അയാളെന്താണാവശ്യപ്പെടുന്നതു്.

പറ:—ഈ കോട്ടയുടെ നാഥനായ മഹാപുരുഷനെ കണ്ടു് ആശീർവദിച്ചുപോകാൻ മാത്രമാണത്രെ അദ്ദേഹം ആഗ്രഹിക്കുന്നതു്.

കണ്ടർ:—പറങ്ങോടാ, ഏതോ ഒരു മഹാഭാഗ്യം എനിക്കുവരാനിരിക്കുന്നതുപോലെ തോന്നുന്നു. ഇന്നലെ മാതുക്കുട്ടി എന്നിൽ അത്യന്തം പ്രീതയായതും ഇന്നു സന്യാസി അനുഗ്രഹിക്കാൻ സമയം കാത്തുകൊണ്ടു നില്ക്കുന്നതും നല്ലകാലത്തേയാണു സൂചിപ്പിക്കുന്നതു്.

പറ:—മാതുക്കുട്ടി സാക്ഷാൽ ലക്ഷ്മീദേവിയാണു്. ആ ദേവി അവിടത്തെ ദാസിയാകാൻ സമ്മതിച്ച സ്ഥിതിക്കു യോഗികൾ അങ്ങയെ എങ്ങനെ വിട്ടുപിരിയും?

കണ്ടർ:—ആ സന്യാസിയുടെ വേഷമൊന്നു വർണ്ണിക്കു.

(മാതുക്കുട്ടി പ്രവേശിക്കുന്നു.)

മാതുക്കുട്ടി, നിനക്കു ഇവിടെ വന്നിരിക്കുന്ന സിദ്ധയോഗിയെ കാണണ്ടെ? മഹാതേജസ്വിയാണത്രെ. ഒന്നു വർണ്ണിക്കു പറങ്ങോട, മാതുക്കുട്ടിയും കേൾക്കട്ടെ.

പറ:—നീണ്ടമൂക്കു്, കറുത്തിരുണ്ടു് ഇടതൂർന്ന പുരികങ്ങൾ; ജ്വലിക്കുന്ന കണ്ണു്; ചെമ്പകപ്പൂമേനി; നാഗഫണം വെച്ചു കെട്ടിയ ജലാകലാപം; കാഷായവസ്ത്രമാണു സന്യാസി ഉടുത്തിരിക്കുന്നതു്. കഴുത്തുനിറയെ രുദ്രാക്ഷമാല; കൈയിലുണ്ടു് ഒരു വലിയ കാശിക്കാവടി; ദർപ്പുൽപ്പായ; യോഗദണ്ഡു്, കമണ്ഡലു്. ഇങ്ങനെ ഒരു യുവസന്യാസിയെ ഞാനെന്റെ ജീവിതത്തിൽ കണ്ടിട്ടില്ല.

കണ്ടർ:—അയാൾ സംസാരിക്കുന്ന ഭാഷ?

പറ:—ഇടക്കിടക്കു ഹിന്ദുസ്ഥാനി തട്ടിവിടും; തമിഴും സുലഭം; മലയാളം പറയുമ്പോൾ ചില വിഷമങ്ങൾ കാണുന്നുണ്ടു്.

കണ്ടർ:—പറങ്ങോടൻ സംസാരിച്ചുനോക്കിയോ?

പറ:—ഓഹോ, മൂപ്പക്കു തനി വേദാന്തംതന്നെയെ പറയാനുള്ളു; ജീവാത്മാവു്, പരമാത്മാവു്, ദ്വൈതം, അ-

ദൈവതം, വാസന, പ്രാരബ്ധം, സംസാരം, ധൎമ്മം. ഇതൊക്കെ നമുക്കു ദഹിക്കുന്ന വിഷയങ്ങളാണൊ?

കണ്ടർ:—ഇത്ര ചെറുപ്പത്തിൽത്തന്നെ ഇതൊക്കെ പഠിച്ചറിഞ്ഞിട്ടുള്ള ആൾ സാമാന്യനായിരിക്കയില്ല. ആകട്ടെ, വേഗം അയാളെ കൂട്ടികൊണ്ടുവരു.

[പറങ്ങോടൻ പോകുന്നു]

[മാതുക്കുട്ടി അകത്തേക്കുപോകാൻ ഭാവിക്കുന്നു]

കണ്ടർ:—മാതുക്കുട്ടി, ഇവിടെ നിന്നോളൂ. നിനക്കും സന്യാസിയെ തൊഴുതു് അനുഗ്രഹം വാങ്ങിക്കണ്ടെ? മഹാ ദിവ്യനാണത്രെ [മാതുക്കുട്ടി ദൂരെ മാറിനില്ക്കുന്നു.]

[സന്യാസി പ്രവേശിക്കുന്നു. കണ്ടർമേനോൻ ഓടിച്ചെന്നു കാല്ക്കൽ വീണു നമസ്കരിക്കുന്നു. മാതുക്കുട്ടി, യോഗിയെ തിരിച്ചറിഞ്ഞു സന്തോഷഭരിതയായി സാഷ്ടാംഗപ്രണാമം ചെയ്യുന്നു; പറങ്ങോടനും നമസ്കരിക്കുന്നു.

സന്യാസി:—മംഗളാനി ഭവന്തു. മംഗളാനി ഭവന്തു. ജയറാം; സീതാറാം.

കണ്ടർ:—സ്വാമി, ഞങ്ങൾക്കു മലയാളം മാത്രമേ അറിഞ്ഞുകൂടു. ക്ഷമിക്കണം. അരുളിച്ചെയ്യുന്നതു മലയാളത്തിലായിരിക്കണം.

സന്യാസി:—അങ്കനെ ദന്നെ. (അങ്ങനെ തന്നെ)

കണ്ടർ:—സ്വാമി വന്നിട്ടു വളരെ നേരമായിരിക്കുമോ?

സന്യാ:—നാങ്കു നാളികയാഗണം ഇപ്പൊ ബന്ന ഉഡനെ കൊഞ്ചം കഞ്ചാവെട്ടത്തു് അരിഞ്ഞു ചെലുമ്പിയിലെ നിറച്ചു നെരുപ്പു പിടിപ്പിച്ചു ബലിച്ചു.

പറ:—അയ്യയ്യോ, കഞ്ചാവുപുകയിൽ നമ്മുടെ കോട്ടതന്നെ മുങ്ങിപ്പോയി എന്നു് ഞാൻ വിചാരിച്ചു.

കണ്ടർ:—ഇപ്പോൾ സ്വാമികൾ വരുന്നതു്?

സന്യാ:—ബാരാണസിയിൽ നിൻറു് വരണു.

കണ്ടർ:—ഗംഗാതീത്ഥം കൊണ്ടുവന്നിട്ടുണ്ടായിരിക്കാം.

സന്യ:—എദേഷ്ടം. എദേഷ്ടം. (മൊന്ത കാണിക്കുന്നു) ഇദുനിറയെ കെങ്കാ ദീത്ഥം. ഇതാ ദീത്ഥം.

(തീത്ഥം ഒഴിച്ചുകൊടുക്കുന്നു. കണ്ടർമേനോൻ, മാതുക്കുട്ടി, പാറങ്ങോടൻ, ഇവരെല്ലാം തീത്ഥം ഭക്തിപൂവ്വം വാങ്ങി സേവിച്ചു സന്യാസിയെ തൊഴുന്നു)

സന്യാ:—ഇൻറു് എള്ള ദിനമായി നാൻ ശാതം കഴിച്ചിട്ടു്. അരിശ്ശു കൈയിലെ ഇരിക്കുന്നു. അതു വാങ്കി സന്യാസിക്കു ചോറിഡണം.

കണ്ടർ:—സ്വാമി, എന്താണവിടുന്നിങ്ങനെ കല്പിക്കുന്നതു്. ഉള്ളനാടൻകോട്ടയിൽ വരുന്ന മഹാത്മാവായ ഒരു സന്യാസിയോടു കണ്ടർമേനോൻ അരിവാങ്ങി ചോറുകൊടുക്കുക എന്നതു് ഏററവും അധമ്മമല്ലെ? അവിടേക്കു് ആഹാരം തരാൻ എനിക്കു് ഒരു വിഷമവും ഇല്ല. അവിടേക്കു് എത്രനാളം താമസിക്കണമെങ്കിലും അതിന്നുള്ള എല്ലാച്ചെലവും വഹിക്കാൻ കണ്ടക്കു ശക്തിയുണ്ടു". അരി അവിടത്തെ കൈവശം ഇരിക്കട്ടെ.

സന്യാ:—മേനവരേ, നിങ്ങള് മഹാദനികൻ. ദാനം ശെയ്യാൻ തയാർ. സന്യാസിക്കു ജന്മംമുഴവനും ശാതം കൊടുക്കാൻ മേനവക്കു കളിയും. ആനാൽ എനക്കു് ഒരു നിശ്ചയം. ഇരു സന്യാസി ഇന്തനാളുംവരെ അരിശി കൊടുക്കാമലെ ശാതം വാങ്ങി ശാപ്പിട്ടവനല്ല. അരിശ്ശു വാങ്കി ശാതം തരണം മേനവരേ! [അരിയെടുത്തു മാററി വെക്കുന്നു]

മാതു:—സ്വാമി, ആ അരി പ്രത്യേകം വല്ലവരും പാകപ്പെടുത്തണമെന്നുകൂടി നിശ്ചയം ചെയ്തിട്ടുണ്ടോ?

സന്യാ:—[ചിരിക്കുന്നു] അപ്പിടിയൊൻറും ഇല്ലമ്മ. ആരു പാകപ്പെടുത്തിനാലും പരവാ ഇല്ലൈ.

കണ്ടർ:—ശരി സ്വാമി. സമ്മതിച്ചു. പറഞ്ഞോടാ, സ്വാമിയുടെ നിശ്ചയത്തിന്നു മുടക്കം ഉണ്ടാക്കണ്ട. അരി വാങ്ങി സ്വാമിക്കു മൃഷ്ടാന്നം കൊടുക്കാൻ കുട്ടിപ്പട്ടരോടു് ഞാൻ പറഞ്ഞയച്ചതായിച്ചെന്നു പറയു.

പാറ:—അങ്ങനെയാകാം. (പോകുന്നു)

മാതു:—സ്വാമി, സ്വാമിയേപ്പോലുള്ളവക്കു ശാഠ്യം പാടുണ്ടോ?

കണ്ടർ:—മാതുക്കുട്ടി, മഹാത്മാക്കളോടു് ഇങ്ങനെയൊന്നും ചോദിക്കരുതു്.

മാതു:—സ്വാമി, എന്റെ കഥയില്ലായ്മക്കു മാപ്പുതരാതിരിക്കയില്ല. സ്വാമിക്കറിയരുതെ നമ്മളെപ്പോലുള്ള സാധുക്കളുടെ ചിത്തവൃത്തികൾ.

സന്യാ:—സ്‌ന്യാസി എന്നു കേൾക്കുമ്പോളു് നിങ്ങൾ ബിജാരിക്കും അയാൾക്കൊരു വ്യവഃസ്ഥംല്യ; നിയമോല്യ എന്നൊക്കെ. അതുകൊണ്ടാ ഇങ്ങനെ തോന്നണു്.

കണ്ടർ —സ്വാമി, ഈ അരി അവിടേക്കു ആരാണു് തന്നതു്?

സന്യാ:—ഞാനൊരു വലിയ വീട്ടില്ലു് ചെന്നു. അവരു തന്നു അരി, എനിക്കറിഞ്ഞുകൂടാ ആ വീട്ടിന്റെ പേരും അരി തന്ന ആളുടെ പേരും.

കണ്ടർ:—ഇത്ര ചെറുപ്പത്തിൽത്തന്നെ സ്വാമിക്കു് വൈരാഗ്യം വന്നതിൽ ഞാൻ അത്ഭുതപ്പെടുന്നു.

സന്യാ:—മേനവരേ, മണ്ണു്, പെണ്ണു്, പൊന്നു് ഇതൊക്കെ മാനിടരുക്കു് ചത്രുക്കൾ, ലോകം വേണമെന്നുള്ളവക്കു ഇന്ത ചത്രുക്കൾക്കിടയില് പണം വേണം എനക്കു ഇതൊന്നും വേണ്ട.

കണ്ടർ:—സ്വാമി, അവിടന്നു മഹാഭാഗ്യവാൻ. ഞങ്ങളൊക്കെ മായാവലയിൽക്കിടന്നു വിഷമിയ്ക്കുന്ന പുഴുക്കൾ. എ

ന്തുചെയ്യാം! എത്ര അനുഭവിച്ചാലും ലോകസുഖത്തിൽ ഞങ്ങൾക്കു തൃപ്തി ഉണ്ടാകുന്നില്ല.

സന്യാ:—സുഖിക്കു പെണ്ണിനുവേണ്ടി ഭ്രാന്തുപിടിച്ചുനടക്കു. മണ്ണിനുവേണ്ടി അലയു. പൊന്നിനുവേണ്ടി ഓടിപ്പാഞ്ഞു നടക്കു. നടക്കട്ടെ. പ്രപഞ്ചവിഷയങ്ങൾ നടക്കണമല്ലൊ.

കണ്ടർ:—സ്വാമി, വൈരാഗ്യംവരുന്ന കാലംവരെ വിഷയസുഖങ്ങൾ അനുഭവിക്കാൻ ശക്തി ഉണ്ടാകുന്നതിനു വല്ല ദിവ്യൗഷധവും അവിടത്തെ കൈവശമുണ്ടെങ്കിൽ അതു തന്നു് എന്നെ അനുഗ്രഹിക്കു.

സന്യാ:—ഞങ്ങൾക്കു ഒന്നിലും ആശ ഇല്ല. നിങ്ങളൊക്കെ ലൗകികന്മാർ മരിക്കുന്നതുവരെ രമിക്കണം. ഇതല്ലെ താൽപര്യം?

കണ്ടർ:—അതെ; സ്ത്രീകൾ പുരുഷന്മാരുടെ ഏതു കല്പനയും എപ്പോഴും അനുസരിച്ചു നടക്കാൻ അവരെ പ്രേരിപ്പിക്കുന്ന ദിവ്യൗഷധങ്ങൾ വല്ലതും സ്വാമി എനിക്കു തന്നു് എന്നെ അനുഗ്രഹിക്കണം.

സന്യാ:—എന്തു വേണമാനാലും കൊടുക്കാം. ഞാൻ കുറച്ചാഹാരം കഴിക്കട്ടെ. എന്നിട്ടൊക്കെ സറിയാക്കാം. (കഞ്ചാവു്കുടക്കയെടുത്തു തീ പിടിപ്പിക്കുന്നു; കഞ്ചാവിൽനിന്നുയരുന്ന പുക കോട്ടമുഴുവൻ വ്യാപിച്ചു കോട്ടയെ ആവരണം ചെയ്യുന്നു.)

കണ്ടർ:—സ്വാമി, ഉള്ളനാടൻ കോട്ട അവിടത്തെ കഞ്ചാവുപുകയിൽ മൂടിപ്പോയിരിക്കുന്നു.

സനാ:—അതെ; എല്ലാംമൂടും; നിങ്ങളുംമൂടും; കോട്ടയുംമൂടും. സർവ്വവുംമൂടും.

കണ്ടർ:—(നാലുപാടും തിരിഞ്ഞുനോക്കുന്നു) മാതുക്കുട്ടി, കണ്ടില്ലെ സ്വാമിയുടെ കഞ്ചാവുപുക കോട്ട മൂടിയിരിക്കുന്നതു്!

മാതു:—(കടാക്ഷം) സ്വാമി, ഞങ്ങളെ പുകകൊണ്ടു അന്ധരാക്കാനാണോ അവിടുന്നു ഭാവിക്കുന്നതു്?

സന്യാ:—അല്ല. നിങ്ങളുടെ കണ്ണില്ലെ, അതു തുറപ്പിക്കാൻ നമ്മൾക്കു് ആശയുണ്ടു്. ആദ്യം അജ്ഞാനം കൊണ്ടുകണ്ണടയും. പിന്നെ ജ്ഞാനം കൊണ്ടു താനേ തുറക്കും.

(കുട്ടിപ്പട്ടർ ചോറും കറിയും കൊണ്ടു സന്യാസിക്കു് ഇലയിട്ടു വിളമ്പുന്നു. സ്വാമി ഇരിക്കുന്നു. ചോർ ഉരുട്ടുന്നു; വായിലേക്കുകൊണ്ടുപോകുന്നു; ഉണ്ണാതെ ഉരുള ഇലയിൽ വെക്കുന്നു)

കണ്ടർ:—സ്വാമി, അവിടുന്നെന്താണു ഉണ്ണാത്തതു്?

സന്യാ:—ഞാനീ നിമിഷംവരെ നൊടിയരിച്ചോറു ഊണു കഴിച്ചു ശീലിച്ചിട്ടില്ല.

കണ്ടർ:—എടൊ കുട്ടിപ്പട്ടരേ, വേഗം ചെന്നു പഴയരിച്ചോറു കൊണ്ടുവന്നു സ്വാമിക്കു വിളമ്പു.

[കുട്ടിപ്പട്ടർ പോയി പഴയരിച്ചോർ കൊണ്ടുവന്നു സന്യാസിക്കു വിളമ്പുന്നു. സന്യാസി ഉണ്ണുന്നു.]

കണ്ടർ:—സ്വാമി, നമുക്കു കാലത്തു സംസാരിക്കാം. സ്വാമിക്കു് കോട്ടയുടെ ഗോപുരത്തിൽ കിടപ്പിനു വേണ്ട ഏൎപ്പാടു ചെയ്യിച്ചിട്ടുണ്ടു്.

സന്യാ:—വേണ്ട. ഗോപുരത്തിൽ ശത്രുഭയം കൂടാതെ കിടന്നുറങ്ങാൻ സാദ്ധ്യമാവില്ല. വേറെ എവിടെങ്കിലും കിടക്കാം.

കണ്ടർ:—പൽക്കുളിനു സമീപമായാലോ?

സന്യാ:—വേണ്ട. ദുൎഗ്ഗന്ധം.

കണ്ടർ:—എന്നാൽ കോണിച്ചുവട്ടിലാകാം. പോരെ?

സന്യാ:—മതി. മേനവരും പോയി വിശ്രമിക്കു.

[കണ്ടരും മാതുക്കുട്ടിയും പോകുന്നു. സന്യാസി കരിമ്പടം വിരിച്ചു അതിൽ ശയിക്കുന്നു.]

[അൎദ്ധരാത്രി]

[കണ്ടർമേനോൻ ഉറങ്ങുന്നു. മാതുക്കുട്ടി പ്രവേശിക്കുന്നു. സന്ന്യാസിയെ ഉണത്തുന്നു.]

മാതു:—ഇനി ഇവിടന്നങ്ങാട്ടുള്ള ഉദ്ദേശംഎന്താണു്? രക്ഷപ്പെടാൻ വല്ലമാർഗ്ഗവുംഉണ്ടോ?

സന്ന്യാ:—മാതുക്കുട്ടീ, നീ നിർദ്ദോഷയാണോ? ഇതാണെനിക്കാദ്യമായി അറിയേണ്ടതു്.

മാതു:—പ്രാണനാഥ, ദുഷ്ടനായ കണ്ടർമേനോൻ എന്നെ സ്പർശിച്ചിട്ടില്ലെന്നു ഞാനിതാ ശപഥംചെയ്യുന്നു. എന്റെ ചാരിത്ര്യം ഈനിമിഷത്തിലും സുരക്ഷിതമാണു്. എന്നെ അവിടന്നു വിശ്വസിക്കുക.

സന്ന്യാ:—മാതുക്കുട്ടീ, ഈ കോട്ടയിൽനിന്നു നിന്നെ കൊണ്ടുപോകാൻ എനിക്കു സാധിക്കുന്നപക്ഷവും, അതു രഹസ്യമായിട്ടാകാൻ ഞാൻ ഒരുക്കമില്ല. തച്ചോളി കുഞ്ഞിച്ചന്തു ഭീരുവല്ല; ചോരനുമല്ല. ഞാൻ ദുഷ്ടനായ കണ്ടർമേനോനുമായി ധർമ്മയുദ്ധം ചെയ്തു നിന്നെ വീണ്ടെടുക്കും. അതിനെനിക്കു സാധിക്കാത്തപക്ഷം ഞാൻ ജീവനോടെ കോട്ടയിൽനിന്നു മടങ്ങുന്നതല്ല.

മാതു:—അവിടേയ്ക്കു് ഈ കോട്ടയുടെ രഹസ്യം അറിഞ്ഞുകൂടാ. ഇതിന്നുള്ളിൽപെടുന്ന ശത്രുവിനു് ഒരു രക്ഷാമാർഗ്ഗവും ഇല്ല. അവിടന്നു് ബന്ധനസ്ഥനായി നരകിക്കും. എന്റെ ഗതി അധോഗതിയുമാകും. അതുകൊണ്ടു ഞാൻ പറയുന്നു, നമുക്കു ആരുമറിയാതെ എങ്ങിനെയെങ്കിലും കണ്ടർമേനോൻ ഉണരുന്നതിനുമുമ്പു രക്ഷപ്രാപിക്കണം.

ചന്തു:—മാതുക്കുട്ടീ, വരൂ. നീ കോട്ടവാതിലുകൾ മലർകിടക്കുന്ന കാഴ്ച കാണുന്നില്ലേ? (നോക്കൂ)

മാതു:—(നോക്കുന്നു. സാത്ഭുതം) നാഥ, ഇതെങ്ങിനെ സംഭവിച്ചു?

ചന്തു:—ദൈവസഹായംകൊണ്ടു മാത്രം. ഇനി തോക്കുകൾ ശബ്ദിക്കയില്ല; പാറാവുകാർ എതിൎക്കുകയില്ല. കണ്ടർമേനനുമായി ഇടയാൻ ഒരു അവസരമേ വേണ്ടു. അതിനു നീയൊരു കാൎയ്യം വേണം. (ചാക്കു ചൂണ്ടിക്കാണിക്കുന്നു.) ഈ ചാക്കിൻെറ ഉള്ളിൽ നീ ഇറങ്ങി ഇരിക്കണം. പ്രഭാതത്തിൽ കണ്ടർമേനോൻ ഞാനുമായി ഇടയും. പിന്നത്തെ സ്ഥിതി ദൈവാധീനത്തിൽത്തന്നെ. ഞാൻ പറയുന്നതു് വേഗം അനുസരിക്കുക.

(മാളുക്കുട്ടി ചാക്കിനുള്ളിൽ കടന്നിരിക്കുന്നു.)

ചന്തു:—മാളുക്കുട്ടി, നിന്നെ ചാക്കിലിട്ടു മൂടാൻ എനിക്കു് മനസ്സുവരുന്നില്ല. നിവൃത്തിയില്ലല്ലോ. (ചാക്കു ബന്ധിക്കുന്നു. ചന്തു വീണ്ടും കിടക്കുന്നു. ചാക്കു സമീപത്തായി ചാരിവെക്കുന്നു.)

(കൎട്ടൻ)

---

## രംഗം ൮.

[സ്ഥാനം തച്ചോളി വീടു്. കുഞ്ഞിച്ചന്തുവിൻെറ അമ്മ ചിന്താവിഷ്ടയായി ഇരിക്കുന്നു. സമീപം ഗുരുദേവൻ വിവൎണ്ണമുഖനായി സ്ഥിതിചെയ്യുന്നു. അല്പം അകലെയായി കോമക്കുറുപ്പു സഗൗരവം ഇരിക്കുന്നു.]

കോമ:—ഞാനന്നും പറഞ്ഞില്ലേ, താഴത്തു മഠത്തിൽ പോയ കുഞ്ഞിച്ചന്തു കൊട്ടങ്ങല്ലൂൎക്കു പോയ കോഴിയാണെന്നു്

അമ്മ:—ജ്യേഷ്ഠാ, അവിടുന്നിങ്ങനെയൊന്നും പറയരുതു്.

കോമ:—നിൻെറ മകനു അല്പമെങ്കിലും ബോധം ഉണ്ടെങ്കിൽ, ആരുടേയും സഹായം കൂടാതെ ഏകാകിയായി തുളുനാടൻ കോട്ടയിൽ കാലെടുത്തുവെക്കുമോ? എന്താണു് ആ കോട്ടയുടെ പ്രഭാവം എന്നു് നിനക്കു വല്ലതും അറിയാമോ?

ബാലിയെ ബന്ധിച്ചുകൊണ്ടുവരാൻ, ഒരു പുൽക്കൊടിയു മായി പണ്ടു രാവണൻ പോയെന്നു കേട്ടിട്ടുണ്ടു്. കുഞ്ഞി ച്ചന്തു ആ സ്ഥാനത്തു് കൈയിൽ ഒരു കാവടിയാണെടു ത്തതു്.

ഗുരു:—കുറുപ്പേ, കുഞ്ഞിച്ചന്തു കാവടി കൈയിലെടുത്തിട്ടു ള്ളതു് കോട്ട കീഴടക്കാനല്ല; പക്ഷെ, അവൻെറ ഉദ്ദേശ സാദ്ധ്യത്തിനു അതു് അത്യാവശ്യമായിരുക്കണം. ക്ഷമിക്കു. കുഞ്ഞിച്ചന്തുവിൻെറ ശ്രമം സഫലമാകാതിരിക്കയില്ല.

കോമ:—ഗുരുദേവ, തുളുനാടൻകോട്ട പിടിച്ചടക്കാമെന്നു് ഒരു വ്യാമോഹം എനിക്കും ഉണ്ടായിരുന്നു. ഫലം എ ന്തായി? പക്ഷേ, കോട്ട കൈവശപ്പെട്ടില്ലെങ്കിലും എനി ക്കെൻെറ ജീവനു് അപായം വരാതെ സൂക്ഷിക്കാൻ കഴി ഞ്ഞു. കുഞ്ഞിച്ചന്തുവിൻെറ കാര്യത്തിൽ അതുംകൂടി സാ ധ്യമാകുമെന്നു തോന്നുന്നില്ല.

അമ്മ:—ഞാനവനെ വളരെ തടുത്തു. ഒരു ഫലവും ഉണ്ടാ യില്ല. മാതുക്കുട്ടിയില്ലാത്ത ജീവിതം അവനു് ആവശ്യമി ല്ലെന്നാണു് അവൻെറ നില. ഞാനെന്തുചെയ്യും അവൻ പോയതിനുശേഷം ഒരു വിവരവും ഇല്ല. എൻെറ മനസ്സു ദഹിക്കുന്നതുപോലെ തോന്നുന്നു.

കോമ:—ഇത്തരത്തിലുള്ള മുട്ടാളന്മാരെ പ്രസവിച്ച ദോഷ ത്തിനു തക്ക ശിക്ഷ അവരുടെ അമ്മമാർ അനുഭവിക്കാതെ എന്തു നിവൃത്തി? അവൻെറ മതാവിനും അവനെ പെററ കുററത്തിനു ദണ്ഡനം അനുഭവിക്കാതെ കഴികയില്ല.

ഗുരു:—കുറുപ്പേ; കുഞ്ഞിച്ചന്തുവിനെ പ്രസവിച്ച അമ്മ മഹാ ഭാഗ്യശാലിനിയാണു്. അവൻ നിങ്ങൾക്കു് അഹിതമായി എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ അതു് ഒരു തരത്തിലും തച്ചോളിക്കുടുംബത്തിനു മാനക്കേടായിവരുന്നതല്ല.

കോമ:—ഗുരുദേവ, അവിടന്നും കുഞ്ഞിച്ചന്തുവിന്റെ അമ്മയുമാണ് അവനെ താലോലിച്ചു വഷളാക്കിയതു്.

ഗുരു:—ഇല്ല; ഞങ്ങളവനെ താലോലിച്ചതു ശരിയായിരിക്കാം. പക്ഷെ അതുകൊണ്ടു് അവൻ വഷളനായിട്ടില്ല; ആകുകയും ഇല്ല.

അമ്മ:—ജ്യേഷ്ഠ, കുഞ്ഞിച്ചന്തു എന്തു തെററചെയ്തിട്ടുണ്ടെങ്കിലും അതൊന്നും ഈ അവസരത്തിൽ എടുത്തു പറഞ്ഞു് എന്റെ മനസ്സു കൂടുതൽ വ്യഥിതമാക്കരുതു്. ജ്യേഷ്ഠൻ തുളുനാടൻകോട്ടവരെ ഒന്നു പോയി അവന്റെ സ്ഥിതിഗതികൾ അറിഞ്ഞുവരണം.

കോമ:—എന്താണു സ്ഥിതിഗതികൾ അറിയാനുള്ളതു്? കോട്ടക്കുള്ളിൽ അവൻ കടന്നിട്ടുണ്ടോ, എന്നാൽ നിശ്ചയമായും അവനെക്കുറിച്ചു് ഒരന്വേഷണത്തിനും മാർഗ്ഗമില്ല. രണ്ടോ മൂന്നോ ലക്ഷം സൈന്യങ്ങൾ ഒന്നിച്ചുപോയി ആക്രമിച്ചാലും കുഞ്ഞിച്ചന്തുവിരിക്കുന്ന കോട്ട അവൎക്കു കീഴ്പ്പെടുന്നതല്ല.

അമ്മ:—ജ്യേഷ്ഠ, ഞാൻ കോട്ടയിലേക്കു പോകുന്നതു അവിടേക്കു സമ്മതമായിരിക്കുമോ?

കോമ:—ഇല്ല; നീ പോകാൻ ഞാൻ നിന്നെ അനുവദിക്കുന്നതല്ല. നീ തുളുനാടൻകോട്ടയിൽപോയിട്ടു് എന്തു കാൎയ്യം? സ്വസ്ഥമായിരിക്കൂ.

അമ്മ:—എങ്ങനെ സ്വസ്ഥമായിരിക്കും ഞാൻ. മാതൃഹൃദയത്തിന്റെ.............

കോമ:—മാതൃഹൃദയം!

ഗുരു:—കുറുപ്പേ, കുഞ്ഞിച്ചന്തുവിനു ജയം തീൎച്ചയായും ഉണ്ടാകും.

കോമ:—ശരി; ശരി. എല്ലാം ഉടനെ അറിയാമല്ലോ!

(കൎട്ടൻ)

## രംഗം ൯.

[സ്ഥാനം ഉള്ളനാടൻകോട്ട. കോട്ടയുടെ അരക്ഷിതാവസ്ഥ ഒരോന്നോരോന്നായി കണ്ടർമേനോൻ ചുററിനടന്നു കാണുന്നു. മാളുക്കുട്ടിയെ കാണാതെ പരിഭ്രമിക്കുന്നു.]

കണ്ടർ:—പറങ്ങോട, പറങ്ങോട,

പറ:—[പ്രവേശിക്കുന്നു] തൊലഞ്ഞു; എല്ലാം തൊലഞ്ഞു. കോട്ടയിൽ ശത്രുക്കൾ കടന്നുകഴിഞ്ഞു. അവർ കോട്ടവാതിലുകൾ നിരുപയോഗങ്ങളാക്കിക്കഴിഞ്ഞു. പീരങ്കികളിൽ നിറയെ വെള്ളം. പാറാവുകാരെല്ലാം ചത്തുകിടക്കുന്നു. ഇങ്ങനെ ഒരാപത്തു സ്വപ്നത്തിൽകൂടി ഞാൻ കണ്ടിട്ടില്ല.

കണ്ടർ:—ഇന്നലെ രാത്രിവന്ന ആ സന്യാസി എവിടെ?

പറ:—ആ പാവം, കോണിച്ചോട്ടിൽ കിടക്കുന്നുണ്ടു്. ചത്തുകെടക്കെ ചാവാതെ കിടക്കുവാ അറിഞ്ഞൂടാ.

കണ്ടർ:—കോട്ടയിൽ ശത്രുക്കൾ കടന്നതു് ആ കപടസന്യാസിയുടെ അറിവോടുകൂടിയായിരിക്കണം. അവനെ ഉടൻ ചങ്ങലവെച്ചു കല്ലറ കാണിക്കണം.

പറ:—കല്ലറേം തൊലഞ്ഞു. നെല്ലറേം തൊലഞ്ഞു. കോട്ടയ്ക്കുള്ളിൽ കടന്ന ശത്രു—വല്ലാത്ത ഒരുവൻ തന്നെ. സംശയമില്ല. ലോകം മുഴുവോം പേരുള്ള ഈ കോട്ട ഒരൊററ നാൾകൊണ്ടു് ചുടുകാടിനൊപ്പമായതാലോചിക്കുമ്പോ വല്ലാത്ത വിസ്മയമാണു് എനിക്കുണ്ടാവണതു്.

കണ്ടർ:—പറങ്ങോടാ നീ ചെന്നു് ആ സന്യാസിയെ വേഗം നമ്മുടെ മുമ്പിലേക്കു് കൂട്ടിക്കൊണ്ടുവാ.

പറ:—അയാളു് ചത്തുകെടക്കയാണെങ്കിലോ?

കണ്ടർ:—ചത്തിട്ടുണ്ടാവില്ല. വേഗം കൂട്ടിക്കൊണ്ടുവാ.

[പറങ്ങോടൻ പോകുന്നു]

പറങ്ങോട, ഒന്നിവിടെ വാ. (മടങ്ങിവരുന്നു.)

എടോ, മാതുക്കുട്ടിയെയും കോട്ടയിൽ കാണുന്നില്ല. അവളെവിടേക്കായിരിക്കും പോയിരിക്കുക?

പറ:—ചത്തെങ്കില് നരകത്തിലേക്ക്. ചത്തിട്ടില്ലെങ്കി, തച്ചോള്ളിപ്പാലാട്ടെ വീട്ടിലേക്ക്. ഞാനപ്പോഴും പറഞ്ഞില്ലെ കുഞ്ഞിച്ചന്തു സാമാന്യനല്ലെന്ന്. അവിടയ്ക്കുതു വിശ്വാസമായില്ല. സീതനിമിത്തം ലങ്ക മുടിഞ്ഞു എന്നു പറഞ്ഞപോലെ മാതുക്കുട്ടി എന്നൊരു വിഷകന്യ കാരണം തുളുനാടൻ കോട്ട നാമാവശേഷമായി.

കണ്ടർ:—മാതുക്കുട്ടി എന്നോടു ആവിധമൊക്കെ പറഞ്ഞിട്ട് ഇപ്പോളിങ്ങനെ ഒരു വാക്കുപോലും പറയാതെപോവോ?

പറ:—എന്താണിങ്ങനെ കഥയില്ലാതെ സംസാരിക്കുന്നതു്? അവളും അങ്ങയുടെ ആരാണ് യാത്രപറഞ്ഞു പോകാൻ. അവളാണ് അങ്ങക്കു സർവ്വനാശം വരുത്തിവെച്ചിട്ടുള്ളതു്. എന്നിട്ടും അവളിൽ അത്രക്കൊക്കെ ഒരു വിശ്വാസം!

കണ്ടർ:—ആകട്ടെ പോയി ആ തടിയൻസന്യാസിയെ കൂട്ടിക്കൊണ്ടുവാ.

(പറങ്ങോടൻ പോകുന്നു.)

കണ്ടർ:—ഇന്നലെ ഒരു രാത്രികൊണ്ടു എന്തെല്ലാം അലങ്കോലമാണിവിടെയുണ്ടായതു്. കണ്ടർമേനന്റെ കോട്ട ഞെട്ടിവിറച്ചുകൊണ്ടുമാത്രം അനുസ്മരിക്കപ്പെടുന്ന ഈ കോട്ട പരിഹാസപാത്രമായി രൂപാന്തരപ്പെട്ടതോർക്കുമ്പോൾ എനിക്കു വല്ലാത്ത വ്യസനം തോന്നുന്നു.

(പറങ്ങോടനൊന്നിച്ചു സന്യാസി പ്രവേശിക്കുന്നു)

കണ്ടർ:—സ്വാമി, നമ്മുടെ കോട്ടയ്ക്കു ഇന്നലെ മുതൽ ഏഴരശ്ശനി ബാധിച്ചിരിക്കുന്നു.

സന്യാ:—കോട്ടയ്ക്കെന്തുപറ്റി?

പറ:—എന്തുപറ്റി? വലിയ പററലൊന്നുംപററിയിട്ടില്ല. കോട്ടയുടെ അചകം പിടിയും തകർന്നുകഴിഞ്ഞു.

സന്യാ:—വലിയകഷ്ടമായിപ്പോയി.

കണ്ടർ:—അതുമാത്രമല്ല; എൻെറ ഭാര്യയെ ഇവിടെയെങ്ങും കാണുന്നില്ല.

സന്യാ:—ഇന്നലെ നിങ്ങളുടെ അടുത്തു നില്ക്കുന്നതായിക്കണ്ട ആ ചെറുപ്പക്കാരിയെ ഉദ്ദേശിച്ചായിരിക്കുമോ പറയുന്നതു്?

പാറ:—അല്ലാതെ? മററവക്കു വയസ്സു കൊറെയായി. അവരിവിടെ തറവാട്ടിലമ്മ ചമഞ്ഞു് അടുക്കളത്തളത്തിൽ ഇരിക്കണൊണ്ടു്.

സന്യാ:—ഓഹോ, അപ്പോ, ചെറുപ്പക്കാരിയേയാണ് കാണാതായതു്. അല്ലെ? അവരുടെ പേരു്?

കണ്ടർ:—മാതുക്കുട്ടി.

സന്യാ:—നിങ്ങളുടെ ഭാര്യയായ മാതുക്കുട്ടിയെ ഞാൻ കാണുകയൊ, മറയ്ക്കുകയോ ചെയ്തിട്ടില്ല. അതിനു് ആവശ്യവും ഇല്ല.

കണ്ടർ:—എടോ, താനവളെ കണ്ടില്ലെ? സത്യം പറഞ്ഞേക്കം. കണ്ടതുമേനനെ കബളിപ്പിക്കുക എന്നതു്—അങ്ങനെ ചെയ്യുന്നവൻ—അവൻെറ ശവക്കുഴി സ്വയം കുഴിക്കുക മാത്രമാണ്

സന്യാ:—ഞാൻ മറുവടി പറഞ്ഞുകഴിഞ്ഞു.

പാറ:—എടോ സന്യാസി, ഉണ്ട ചോറിൻെറ മഹത്വം ആലോചിച്ചു് ഉള്ളതങ്ങോട്ടു പറഞ്ഞേക്കു.

സന്യാ:—ഞാൻ നിങ്ങളുടെ എജമാനൻെറ ചോറുണ്ടിട്ടുണ്ടെങ്കിൽ അതിനുപകരം അരിയും കൊടുക്കുകയുണ്ടായിട്ടുണ്ടു്.

കണ്ടർ:—എടൊ സന്യാസി, താനെന്നെ വല്ലാതെ അരിശംകൊള്ളിക്കുന്നു. സത്യം പറഞ്ഞേക്കു. താൻ എൻെറ ഭാര്യയായ മാതുക്കുട്ടിയെ കണ്ടൊ? അവളെവിടെ പ്പോയാലും

ഞാൻ കണ്ടുപിടിച്ചു കൂട്ടിക്കൊണ്ടുവരാതിരിക്കയില്ല. സത്യം പറഞ്ഞാൽ തന്റെ ജീവൻ തനിക്കു തിരിച്ചുകിട്ടും.

പറ:—സന്യാസിയെ കൊല്ലുന്നതു കഷ്ടമല്ലെ എന്നു വിചാരിച്ചു് ഇതേവരെ ഇദ്ദേഹം ക്ഷമിച്ചു. ക്ഷമക്കും ഉണ്ടു് ഒരതിൎത്തി താൻ. ഉള്ളതു പറഞ്ഞേക്കു. എജമാനന്റെ ഭാൎയ്യ-മാതുക്കുട്ടി എവിടെപ്പോയി എന്നു.

സന്യാ:—കണ്ടർമേനനേ, നിങ്ങൾ തുളുനാടൻ കോട്ടയുടെ ഉടമസ്ഥനായിരിക്കാം; പയററിൽ തെളിഞ്ഞ പരാക്രമിയും ആയിരിക്കാം. പക്ഷെ മാതുക്കുട്ടിയുടെ ഭൎത്താവു നിങ്ങളാണെന്നു നിങ്ങളുഞ്ഞോട്ടു പറഞ്ഞാൽ അതു വിശ്വസിക്കാൻ എനിക്കു സാദ്ധ്യമല്ല.

പറ:—ഓഹോ, ഇയാളൊരു ദേശവാഴിയെപ്പോലെ വെച്ചുലക്കുന്നല്ലോ. എയ് സന്യാസി, മാതുക്കുട്ടിയമ്മ എജമാനന്റെ ഭാൎയ്യയല്ലെങ്കിൽ ഉടനെ തന്നെ ഭാൎയ്യയാകുന്ന പെണ്ണു്. അവൾ ഇദ്ദേഹത്തിന്റെ ഭാൎയ്യയായാൽ തനിക്കെന്തു്? അല്ലെങ്കിൽ തനിക്കെന്തു്?

സന്യാ:—പറങ്ങോടൻ നായരേ, താൻ തന്റെ പാട്ടിനിരിക്കു്. ഈ കണ്ടർമേനോൻ പറയട്ടെ, മാതുക്കുട്ടിയെ എന്നു്, എവിടെവെച്ചു്, ആരെല്ലാം കാണ്കെ, അയാൾ വിവാഹം ചെയ്തു എന്നു്.

കണ്ടർ:—നാടും വീടും മുമ്പെങ്ങും പരിചയവും ഇല്ലാത്ത ഒരു ഭിക്ഷക്കാരനോടു എനിക്കു മറുവടി പറയാൻ മാനക്കേടുണ്ടു്.

സന്യാ:—എനിക്കു് നാടുണ്ടു്, കണ്ടർമേനനേ, നിങ്ങൾ കേട്ടിട്ടുണ്ടോ തച്ചോളി കുഞ്ഞിച്ചന്തു എന്നൊരു യുവാവിനെ?

കണ്ടർ:—ആ ചെറുക്കൻ നിന്റെ കൂട്ടുകാരനോ ബന്ധുവോ ആയിരിക്കാം.

സന്യാ:—അവനെന്റെ കൂട്ടുകാരനല്ല, ബന്ധുവമല്ല. നിങ്ങളുടെ കോട്ടയിൽ കടന്നു നിങ്ങളോടൊരു കൈനോക്കി സ്വഭാര്യയെ വീണ്ടും കൊണ്ടുപോകാൻ സന്നദ്ധനായി നില്ക്കുന്ന ഈ സന്യാസി, തച്ചോളി കുഞ്ഞിച്ചന്തുവാണു്. ഇപ്പോഴം മനസ്സിലായോ സന്യാസി ആരെന്നു്?

കണ്ടർ:—സന്യാസി വേഷത്തിൽ എന്റെ കോട്ടയിൽ കടന്നുവന്നു് എന്നെ എതിർക്കാൻ നിന്നെ ആർ പ്രേരിപ്പിച്ചതായാലും കൊള്ളാം അവൻ നിന്റെ ശത്രുവാണു്.

സന്യാ:—ഞാൻ എന്റെ പ്രാണസർവ്വസ്വത്തിനുവേണ്ടി എല്ലാ വേഷവും കെട്ടും. അവളും എന്റെ ഭാര്യയാണു്. ഞാനവളെ അഗ്നി സാക്ഷിയായി പരിഗ്രഹിച്ചവനുമാണു. അന്യന്റെ ഭാര്യകളെ കവർന്നു കൊണ്ടുവന്നു കല്ലറയിൽ ബന്ധിച്ചു് ആണത്തം അഭിനയിക്കുന്ന നീച, കൈയൂക്കിന്റെ പേരിൽ സാഹസം കാണിക്കുന്ന ഭോഷ, നീയോ ഞാനോ ആരാണപരാധിയെന്നു ഒന്നാലോചിച്ചു നോക്കു് നീ കരുതി, നിന്റെ ഈ കോട്ട കുഞ്ഞിച്ചന്തുവിനു ദുർഗ്ഗമമാണെന്നു്. നീ വിചാരിച്ചു മാതുക്കുട്ടി നിന്റേതാവുമെന്നു് ഞാനവളെ നിന്റെ കോട്ടയിൽ നിന്നപഹരിച്ചു രാവുക്കുരാവേ ഓടിപ്പോകാൻ വന്നവനല്ല. നിന്നെ പരസ്യമായി യുദ്ധത്തിൽ തോല്പിച്ചു ശ്രീരാമചന്ദ്രൻ സീതയെ എന്നപോലെ ഞാനെന്റെ മാതുക്കുട്ടിയെ വീണ്ടു കൊണ്ടുപോകാനാണു വന്നിട്ടുള്ളതു്. ഇതാ മാതുക്കുട്ടി; നോക്കു്. (മാതുക്കുട്ടി ചാക്കിന്നുള്ളിൽ നിന്നു പുറത്തുകടന്നു സധീരം നില്ക്കുന്നു, കണ്ടർ മാതുക്കുട്ടിയുടെ സമീപത്തേക്കു ചെല്ലുന്നു.)

ചന്തു:—ഛീ, നീ ആരെ സമീപിക്കാനാണു ഭാവിക്കുന്നതു്? അവളെ തൊട്ടുപോയാൽ നിന്റെ കഥ ആ നിമിഷം കഴിയും. ദൂരെ നില്ക്കു്. നീചൻ, ലമ്പടൻ.

കണ്ടർ:—ഓഹോ, എന്റെ ഈ കോട്ടയിൽ ഞാനൊരന്യനോ? നീയാരാണ് എന്നെ ധിക്കരിക്കാനും അപമാനിക്കാനും? പറങ്ങോടാ, നമ്മുടെ പരിവാരങ്ങളെ ഇങ്ങോട്ടു വിളിക്ക്. ഈ ചെകുത്താൻ സന്യാസിയെ പിടിച്ചു വരിഞ്ഞുകെട്ടി നിറുത്താൻ നാം പറഞ്ഞതായി പറ.

പറ:—പരിവാരങ്ങളുടെ കഥ ഞാൻ അറിവിച്ചതു മറന്നു പോയിരിക്കുമോ? അവരെയൊക്കെ ഈ യമഘാതകൻ ഇന്നലെ രാത്രി തന്നെ കൊന്നുകളഞ്ഞില്ലേ? ഇവനെന്തൊരു മൂർഖസ്സന്യാസി!

കണ്ടർ:—[വിഷാദപ്രകടനം] എട, നീ ആയുധപ്പുരയിൽ ചെന്ന് എന്റെ ആ ചുരിക വേഗം എടുത്തു കൊണ്ടുവാ. ഇവന്റെ കഥ ആദ്യം കഴിക്കാം. പിന്നീടിവന്റെ കനകാംഗിയേയും.

പറ:—(ഓടിപ്പോയി തിരികെവന്നു) എജമാനനേ, ഇതെന്തൊരുമായം. ഈ സന്യാസി വല്ലാത്തൊരു ജാലവിദ്യക്കാരനുമാണ്. ആയുധപ്പുരയിൽ ഗണപതിക്ക് കുറിക്കാൻ ഒരായുധം പോലുമില്ല. എല്ലാം പൊയ്യൊഴിഞ്ഞു.

ചപ്പു:—കണ്ടർമേനനേ, ഒട്ടും അധീരനാകണ്ട. എന്റെ കൈവശം രണ്ടു ചുരികയുണ്ട്. രണ്ടു വാളുണ്ട്; രണ്ടു പരിചയും ഉണ്ട്. ഏതായുധം വേണമെന്നു പറഞ്ഞു കൊള്ളൂ. തരാം. (വാളും പരിചയും ഇട്ടു കൊടുക്കുന്നു) എടുക്ക്, വാളെടുക്ക. നിങ്ങൾക്കും എനിക്കും കൂടി ഈ ലോകത്തു സ്ഥാനമില്ല. ഒന്നുകിൽ രാമൻ; അല്ലെങ്കിൽ രാവണൻ. ഹും, എടുക്ക വാളും പരിചയും.

പറ:—ഇയാളുടെ കല്പന കേട്ടില്ലേ? എടുക്ക വാള്. ഇയാളാരാ നാടുവാഴിയോ, അതോ പെരുമാളോ?

കഞ്ഞി:—പറങ്ങോടൻ നായരേ, താനും എജമാനനെ സഹാ

യിച്ചു കൊടുക്കു. മാതുക്കുട്ടിയെ കട്ടു കൊണ്ടുപോരാൻ അരു നിന്നതന്നിക്കു് വാൾപ്പയററില്ലം എജമാനനെ സഹായിച്ചു കൂടേ?

കണ്ടർ:—മരിക്കാൻ എനിക്കു മടിയുണ്ടു്. എന്നാലും കണ്ടർ, വെല്ലു വിളിക്കാരനെ വെറുതെ വിടാൻ ഭാവമില്ല. കുഞ്ഞിച്ചന്തു, നിനക്കു നന്നെ ചെറുപ്പം. നീ എന്തിനിങ്ങനെ ചെറുപ്പത്തിലേ തന്നെ ചാകാൻ ഒരുങ്ങുന്നു.

കുഞ്ഞിച്ചന്തു:—ആ വീരവാദമൊക്കെ നില്ക്കട്ടെ. വാളെടുക്കാനല്ലെ പറഞ്ഞതു്.

[കണ്ടർമേനോൻ വാൾ എടുക്കുന്നു. പറങ്ങോടൻ നായർ പെട്ടെന്നു മറയുന്നു. കുഞ്ഞിച്ചന്തുവും മേനനുമായി ഭയങ്കര സമരം ചെയ്യുന്നു. പതിനെട്ടടവും കഴിഞ്ഞതിനുശേഷം ചന്തു, പെട്ടെന്നു പരിചകൊണ്ടു പൂഴിവാരി കണ്ടർമേനന്റെ മുഖത്തു ചൊരിയുന്നു. കണ്ണുകാണാതെ കണ്ടർ ഉഴലുന്നു. കുഞ്ഞിച്ചന്തു ഈ അവസരം നോക്കി മേനന്റെ കഴുത്തിൽ വാൾ ഏല്പിക്കുന്നു. കണ്ടർമേനോൻ നിലം പതിക്കുന്നു.]

കുഞ്ഞിച്ചന്തു:—[മൃതദേഹം പരിശോധിച്ചു നോക്കുന്നു] പ്രതാപലങ്കേശ്വരനെന്നു കരുതപ്പെട്ട ഈ മനുഷ്യരാക്ഷസനും വീരസ്വർഗ്ഗം പ്രാപിച്ചിരിക്കുന്നു. ഇനി ആരൊക്കെയാണു വരുന്നതെന്നു നോക്കാം. ഞാൻ തയാർ.

[ചിരുതക്കുട്ടി പ്രത്യക്ഷയാകുന്നു]

കുഞ്ഞി:—അമ്മേ, നിങ്ങളാരാണു്?

ചിരുത:—കുഞ്ഞിച്ചന്തു, ഇതു് വല്ലാത്ത സാഹസമായിപ്പോയി.

കുഞ്ഞി:—അധർമ്മിയെ കൊന്നതോ?

ചിരുത:—അല്ല. ഒരു സ്ത്രീയെ അശരണയാക്കിയതു്.

കുഞ്ഞി:—ഞാനൂഹിക്കുന്നു, നിങ്ങൾ കണ്ടർ മേനന്റെ പത്നിയായിരിക്കുമെന്നു്.

ചിരുത:—നിങ്ങളുടെ ഊഹം പിഴച്ചിട്ടില്ല. ആ നിർഭാഗ്യ തന്നെയാണു ഞാൻ. എന്നെയും നിങ്ങൾ നിഗ്രഹിക്കണം. എനിക്കിനി ജീവിച്ചിരിക്കാൻ ലേശമെങ്കിലും ആഗ്രഹമില്ല. കൊല്ലു, എന്നെയും കൊല്ലു.

കുഞ്ഞി:—സ്ത്രീഹത്യ ചെയ്തു കീർത്തിനേടാൻ തച്ചോളി വീട്ടുകാർ ഒരു കാലത്തും ആഗ്രഹിച്ചിട്ടില്ല. ഞാൻ നിമിത്തം നിങ്ങൾ വിധവയായി. ശരി തന്നെ. ഇതു തന്നെ സംബന്ധിച്ചിടത്തോളം ഒരപരാധവും ആയിരിക്കാം. പ്രായശ്ചിത്തത്തിനു ഞാൻ ഒരുക്കം തന്നെ. കണ്ടർ മേനോന്റെ വിധവയ്ക്കു് ഈ കോട്ടയും സ്വത്തുക്കളും ഞാൻ ഒഴിഞ്ഞു കൊടുക്കാൻ തയാറാണു്. ഇതിലധികം ചെയ്യാൻ ഞാൻ മറെറാന്നും കാണുന്നില്ല.

ചിരുത:—കുഞ്ഞിച്ചന്തു, എനിക്കൊരപേക്ഷയുണ്ടു്.

കുഞ്ഞി:—പറയാമല്ലോ.

ചിരുത:—മാതുക്കുട്ടിയെ എന്റെ മകളായി കരുതാനും ആയുശ്ശേഷം അവളെ ഓമനിച്ചും ശുശ്രൂഷിച്ചും കഴിഞ്ഞുകൂടാനും എന്നെ അനുവദിക്കണം. എനിക്കു് ഈ കോട്ടയാകട്ടെ, കോട്ടയെ സംബന്ധിച്ച സ്വത്തുക്കളാകട്ടെ ആവശ്യമില്ല. ഈ സ്വത്തുക്കൾക്കു ഞാൻ അവകാശിനിയും അല്ല.

കുഞ്ഞി:—മാതുക്കുട്ടി, മാതുക്കുട്ടി.

(മാതുക്കുട്ടി പ്രവേശിക്കുന്നു)

കുഞ്ഞിച്ചന്തു:—പ്രിയേ, ഈ നില്ക്കുന്ന സ്ത്രീ, കണ്ടർമേനോന്റെ പത്നിയാണു്. ഇവരെ നീ നിന്റെ അമ്മയായിക്കരുതി സ്വീകരിക്കണം. നിനക്കതിൽ വൈമുഖ്യമുണ്ടോ?

മാതു:—അവിടത്തെ വാക്കുകൾ എനിക്കു ആജ്ഞകളാണു്. ഞാനിവരെ മാതാവായി സ്വീകരിച്ചിരിക്കുന്നു. (ചിരുതക്കുട്ടിയെ നോക്കി) അമ്മേ, നമസ്കാരം! (നമസ്കരിക്കുന്നു)

ചിരുത:—മകളേ, നിനക്കു ആയുരാരോഗ്യ സുഖങ്ങളുണ്ടാകട്ടെ.

(ചിരുതയെ നോക്കി)

കുഞ്ഞി:—ഞാൻ കൃതാർത്ഥനായി.

(പറങ്ങോടൻ കുറെ ലക്ഷ്യങ്ങളുമെടുത്തു പ്രവേശിക്കുന്നു)

കുഞ്ഞി:—പറങ്ങോടൻനായരേ. നിങ്ങൾ പിണങ്ങാറായതോ ഇന്നങ്ങാനോ വന്നിരിക്കുന്നതു്.

പറ:—ഇനിയെന്തിനു ആരോടു് പിണക്കം? എൻെറ എജമാനൻ മരിച്ചു. ഇതദ്ദേഹത്തിൻെറ നിർഭാഗ്യമോ എൻെറ നിർഭാഗ്യമോ എനിക്കറിഞ്ഞുകൂടാ. ഞാൻ നിങ്ങൾക്കെതിരായി വല്ല അനിഷ്ടവും ചെയ്തിട്ടുണ്ടെങ്കിൽ എനിക്കു മാപ്പുതരണം. മേലാൽ അവിടത്തെ ഒരാശ്രിതനായി കഴിഞ്ഞുകൂടാൻ അനുവദിക്കയും വേണം.

കുഞ്ഞി:—അതിനെസ്സംബന്ധിച്ചു നമുക്കാലോചിക്കാം. കണ്ടർമേനനെൻറ ശവസംസ്കാരത്തിനു വേണ്ട ഒരുക്കം ചെയ്യു. അതു കഴിയട്ടെ.

പറ:—കോട്ടവക സ്വത്തുക്കളെല്ലാം അടങ്ങുന്ന ലക്ഷ്യങ്ങളാണു് ഇവയെല്ലാം. (റിക്കാർട്ടുകൾ വെച്ചുകൊടുക്കുന്നു)

കുഞ്ഞി:—പറങ്ങോടൻനായരേ, ശവസംസ്കാരം വേഗം കഴിപ്പിക്കൂ. അതു കഴിഞ്ഞ ഉടനെ എന്നെ വന്നുകാണു.

പറ:—അങ്ങിനെതന്നെ. (പോകുന്നു.)

കുഞ്ഞി:—മാതുക്കുട്ടി, നീയും അമ്മയും കോട്ടവക മേനാവിൽ കേറി പുറപ്പെട്ടുകൊള്ളുക.

മാതു:—അവിടന്നോ?

കുഞ്ഞി:—എനിക്കല്പം താമസമുണ്ടാകും. കോട്ട വക ഖജനാവു പരിശോധിക്കണം; കോട്ടയുടെ കേടുപാടു ഉടനെ തീർക്കാൻ വേണ്ട ഏർപ്പാടു ചെയ്യണം; കോട്ട സൂക്ഷിക്കാൻ ആളെ നിയമിക്കണം. ഇതെല്ലാം കഴിയുന്നവേഗം

അവസാനിപ്പിച്ചു ഞാൻ കുതിരപ്പുറത്തുകേറി നിങ്ങളോടൊപ്പം എത്തിക്കൊള്ളാം. നിങ്ങൾക്ക അകമ്പടിയായി ചിലരെ അയക്കുകയും ചെയ്യാം.

മാതു:—എല്ലാം അവിടത്തെ ഹിതംപോലെ.

( കട്ടൻ )

---

## രംഗം ൧൦.

[സ്ഥാനം—തച്ചോളി വീട്ട്. കോമക്കുറുപ്പ് കാരണവസ്ഥാനത്തിരിക്കുന്നു. ഗുരുദേവൻ സമീപം ഒരു പീഠത്തിൽ ഇരിക്കുന്നു. സമയം മദ്ധ്യാഹ്നം.]

കോമ:—ഗുരുദേവ, അതാ ആരോ ഒരാൾ ഓടികിതച്ചുകൊണ്ടുവരുന്നുണ്ട് നോക്കു.

ഗുരു:—[നോക്കുന്നു] ഇവിടേക്കുതന്നെയാണ് അയാളുടെ വരവ്. [ആഗതൻ പ്രത്യക്ഷനാകുന്നു]

കോമ:—എവിടെനിന്നു വരുന്നു? പേരെന്താ?

പറ:—എൻെറ പേരു പറങ്ങോടൻ എന്ന്. വരുന്നതു തുളുനാടൻകോട്ടയിൽനിന്ന്.

കോമ:—ഗുരുദേവ, ശ്രദ്ധിച്ചുകേട്ടോളൂ. അവൻെറ കഥ കഴിഞ്ഞില്ലെ?

പറ:—കഴിഞ്ഞു. [കരയുന്നു]

കോമ:—ഗുരുദേവ, ഞാനന്നും, പറഞ്ഞില്ലെ? ആകട്ടെ അങ്കം വെട്ടിത്തന്നെയല്ലെ മരിച്ചതു്?

പറ:—അതെ; എന്തൊരു പോരായിരുന്നു. ഇങ്ങനെ ഒരു പോര് ഞാനെൻെറ ജീവിതത്തിൽ കണ്ടിട്ടുമില്ല; കേട്ടിട്ടും ഇല്ല. ശരിയായ വാൾപ്പയററെന്നു പറേണോങ്കില് അതിനെത്തന്നെവേണം.

ഗുരു:—അന്യായം; അന്യായം.

കോമ:—ഒരന്യായവുമില്ല. ഞാനിങ്ങനെതന്നെയാണൂഹിച്ചിരുന്നതു്.

പറ:—ഊഹിച്ചതിൽ തെററില്ല. ഇവിടേക്കറിഞ്ഞുകൂടെ എജമാനൻെറ യോഗ്യത!

ഗുരു:—എന്തു യോഗ്യതയുണ്ടായിട്ടും ഫലമുണ്ടായില്ലല്ലൊ. യുദ്ധം എത്രനേരത്തോളം നിന്നു?

പറ:—എൻെറ അഭിപ്രായത്തിൽ ഏഴരനാഴിക നേരം നടന്നിരിക്കണം. വെട്ടും തടയും പിൻവാങ്ങലും, മുന്നോലും. കടകം തിരിയലും അയ്യയ്യോ എന്തൊരു വമ്പിച്ച പോരു്.

ഗുരു:—ആകട്ടെ. ആ പെണ്ണെവിടെ?

പറ:—ആയമ്മക്കു് ഇനി അവിടെ എന്തു ചെലവു്? ഇങ്ങോട്ടു പുറപ്പെട്ടിട്ടുണ്ടു്.

കോമ:—തച്ചോളി വീട്ടിലേക്കോ അവളുടെ വീട്ടിലേക്കോ?

പറ:—ഇവിടേക്കു പോരുന്നോളുമെന്നാണു് എജമാനൻെറ കല്പന.

കോമ:—എനിക്കാ ദുഷ്പ്രണയുടെ മുഖം കാണുകയേ വേണ്ട.

പറ:—ഇവിടന്നങ്ങനെ കല്പിക്കരുതു്. ഇനി, ഇവിടെ ആശ്രയിച്ചു കഴിഞ്ഞുകൂടുകയല്ലാതെ അവൾക്കു വേറെ എന്താണൊരു ഗതി?

കോമ:—നല്ലൊരു പയററിത്തെളിഞ്ഞ വീരനെ കൊലക്കു കൊടുപ്പിച്ച ആ ചെട്ടിച്ചിക്കു് എൻെറ വീട്ടിൽ സ്ഥാനമോ? അതുണ്ടാവാത്തകാര്യം.

ഗുരു:—കുറുപ്പേ, എനിക്കാകപ്പാടെ വല്ലാത്ത ഒരു കുഴപ്പം നേരിട്ടിരിക്കുന്നു. കാര്യങ്ങൾ ഞാനീയാളോടു ചോദിച്ചു വിസ്തരിച്ചു മനസ്സിലാക്കട്ടെ.

കോമ:—ചത്തകുട്ടിയുടെ ജാതകം വായിച്ചിട്ടെന്തൊരു ഫലം. കഴിഞ്ഞതുകഴിഞ്ഞു.

പറ:—ചത്ത ആളു ചത്ത ആളുതന്നെ. ഇനി ആരെന്തൊക്കെ പറഞ്ഞാലും പോയ ആളു തിരിച്ചു വരില്ല. വ്യസനിച്ചിട്ടും മുറവിളി കൂട്ടീട്ടും ഫലവും ഇല്ല.

കോമ:—എടോ പറങ്ങോടൻനായരേ, ഇവിടെ വന്നു് ഈ വിവരങ്ങളൊക്കെ പറയാൻ തന്റെ എജമാനനല്ലെ തന്നോടു പറഞ്ഞയച്ചതു്?

പറ:—അതെ, എജമാനൻതന്നെ.

കോമ:—ഇനി എന്തിനു സംശയിക്കുന്നു ഗുരുദേവ, അവൻ അല്പായുസ്സായിക്കഴിഞ്ഞു. ഇനി അവന്റെ അമ്മയെ ആശ്വസിപ്പിക്കാൻ എന്റീശ്വര, ഞാനെന്തു മാർഗ്ഗമാണു കൈക്കൊള്ളേണ്ടതു്!

ഗുരു:—കഷ്ടം! കഷ്ടം!

കോമ:—ഞാനെന്റെ വ്യസനംകൊണ്ടു പലതും കുഞ്ഞിച്ചന്തുവിനെ നിരായി പറഞ്ഞു അതിത്രവേഗത്തിൽ ഇങ്ങനെ ഫലിക്കുമെന്നു് ഞാൻ ഓർത്തില്ല. കുഞ്ഞിച്ചന്തു, നിന്നിൽനിന്നു ഞാൻ പലതും പ്രതീക്ഷിച്ചിരുന്നു. നീ ഞങ്ങളെ ദുഃഖസാഗരത്തിൽ താഴ്ത്തി മറഞ്ഞുപോയല്ലൊ. [കരയുന്നു]

ഗുരു:—എനിക്കും ഒട്ടുംതന്നെ വിചാരമുണ്ടായിരുന്നില്ല അവനു് അകാലമരണം സംഭവിക്കുമെന്നു്. എന്തു ചെയ്യാം. ദൈവംതന്നെ നിർദ്ദയനായിക്കഴിഞ്ഞാൽ—അയ്യോ എന്നാലും ഇതൊരു വല്ലാത്ത സ്ഥിതിതന്നെ. [കരയുന്നു]

പറ:—നിങ്ങൾ ഇത്രയൊക്കെ വ്യസനിക്കുമ്പോൾ ഞാൻ എത്രതന്നെ വ്യസനിക്കണം. കണ്ടരുമേനോൻ നിങ്ങൾക്കൊക്കെ ഇത്രത്തോളം പ്രിയപ്പെട്ട ആളാണെന്നു് ഞാൻ അറിഞ്ഞിരുന്നില്ല. [കരയുന്നു]

[കുഞ്ഞിച്ചന്തു, മാതുക്കുട്ടി, ചിരുത എന്നിവർ പ്രവേശിക്കുന്നു. എല്ലാവരും കോമപ്പക്കുറപ്പിനേയും ഗുരുദേവനേയും നമസ്കരിക്കുന്നു.]

കോമ:—[ഭയപ്പെടുന്നു] അയ്യോ, പ്രേതം, പ്രേതം. കുഞ്ഞിച്ചന്തുവിന്റെ അരുകൊലപ്രേതം. ഗുരുദേവ, എന്നെ പിടിച്ചുകൊള്ളണേ. എനിക്കു ഭയമാകുന്നു. [വികടഹാസം] കുഞ്ഞിച്ചന്തു, നിനക്കു് ഈ ദുസ്ഥിതിയാണല്ലോ നേരിട്ടതു്!

ഗുരു:—കുറപ്പേ, നിങ്ങളെന്താണീപ്പുലമ്പുന്നതു്. നിങ്ങളുടെ മരുമകൻ കുഞ്ഞിച്ചന്തുവാണു നില്ക്കുന്നതു്. അവൻ മരിച്ചിട്ടില്ല.

കോമ:—കുഞ്ഞിച്ചന്തു തുളുനാടൻകോട്ടയിൽവെച്ചു് അങ്കത്തിൽ മരിച്ചു. അവനല്ല ഇതു്. ഇതവന്റെ പ്രേതം.

ഗുരു:—കുറപ്പേ ഞാൻ സത്യമാണു പറയുന്നതു്. ഈ നില്ക്കുന്നതു കുഞ്ഞിച്ചന്തുവാണു്. മരിച്ചതു കണ്ടർമേനോനാണു്. അല്ലെ പറങ്ങോടൻനായരേ.

പറ:—അതെ; ഈ എജമാനനല്ല ആ എജമാനനാണു മരിച്ചതു്. കുഞ്ഞിച്ചന്തു എജമാനൻ മരിച്ചിട്ടില്ല.

കോമ:—സത്യമാണോ നിങ്ങളൊക്കെപ്പറയുന്നതു്.

ഗുരു:—അതെ.

കുഞ്ഞി:—അമ്മാമേ, അവിടത്തെ കുഞ്ഞിച്ചന്തു കണ്ടർമേനോനെ ധർമ്മയുദ്ധത്തിൽ വധിച്ചു കോട്ടപിടിച്ചടക്കി ഇതാ അനുഗ്രഹംവാങ്ങാൻ വന്നിരിക്കുന്നു. കോട്ടയും കോട്ടവക സ്വത്തുക്കളും ഇന്നുമുതൽ അവിടത്തെ വകയാണു് സ്വീകരിക്കുക.

കോമ:—[ചിരിക്കുന്നു] കുഞ്ഞിച്ചന്തു, [കുഞ്ഞിച്ചന്തുവിനെ ആശ്ലേഷിക്കുന്നു] നീ തച്ചോള്ളിത്തറവാടിന്റെ മാനം രക്ഷിച്ചു. മാതുക്കുട്ടി എവിടെ?

കുഞ്ഞി:—ഇതാ, നില്ക്കുന്നു. മാതുക്കുട്ടി, ഒരിക്കൽക്കൂടി നമസ്കരിക്കു അമ്മാമനെ

(നമസ്കരിക്കുന്നു)

മാതുക്കുട്ടി:—അമ്മാമേ, എന്റെ സമസ്താപരാധവും പൊറുത്തു എനിക്കു മാപ്പുതരണം.

കോമ:—നീ എന്തപരാധം ചെയ്തു? നീ ചെയ്തതു തച്ചോള്ളികുടുംബത്തിന്റെ മാനം വർദ്ധിപ്പിക്കലാണു്. നിനക്കു സർവ്വാഭീഷ്ടയവും സിദ്ധിക്കട്ടെ.

കുഞ്ഞി:—അമ്മാമേ, കണ്ടർ മേനോന്റെ വിധവയും ഇവിടേക്കു വന്നിട്ടുണ്ടു്. അവരുടെ കാര്യത്തിൽ നാം എന്താണു ചെയ്യേണ്ടതു്?

കോമ:—അവൎക്കു ലേശമെങ്കിലും അസമാധാനത്തിനോ അല്ലലിനോ സംഗതിവരാതെ സംരക്ഷിക്കണം.

[കുഞ്ഞിച്ചന്തുവിന്റെ അമ്മ പ്രവേശിച്ചു മകനെ ആശ്ലേഷിക്കുന്നു, മാതുക്കുട്ടിയും ചിരുതയും നമസ്കരിക്കുന്നു അമ്മ എല്ലാവരേയും ആശീൎവ്വദിക്കുന്നു]

കോമ:—സഹോദരീ, കുഞ്ഞിച്ചന്തു നമ്മുടെ കുടുംബത്തിനൊരു കെടാവിളക്കു കൊളുത്തിത്തന്നു. അവനെ പ്രസവിച്ച നീ ഭാഗ്യവതിയുമായി. വീരപ്രസൂ എന്ന കീൎത്തിയും നിനക്കു സിദ്ധിച്ചുകഴിഞ്ഞിരിക്കുന്നു.

അമ്മ:—ജ്യേഷ്ഠാ, എല്ലാം അവിടത്തെ കരുണ.

ഗുരു:—കുഞ്ഞിച്ചന്തു, നീ എന്നെയും അഭിമാനിയാക്കി.

കുഞ്ഞി:—എന്റെ എല്ലാ വിജയവും നിങ്ങളാൽ സിദ്ധിച്ചിട്ടുള്ളതാണു്. നിങ്ങൾക്കു പൊതുവേയും എന്റെ ഈ തറവാടിനു പ്രത്യേകിച്ചും ഒരനുഗ്രഹീതത്വമാണു സിദ്ധിച്ചിരിക്കുന്നതു്.

അമ്മ:—എല്ലാവരും കുഞ്ഞിച്ചന്തുവിനെ ഹൃദയംഗമം സ്വീകരിച്ചു ആശീൎവ്വദിക്കണം.

എല്ലാവരും:—അങ്ങനെതന്നെ.

കോമ:—[പാടുന്നു]

വന്ദേമാതരം.
സുജലാം സുഫലാം മലയജശീതളാം
സസ്യശ്യാമളാം വരദാം. (വന്ദേമാതരം)

(കൎട്ടൻ)

## രംഗം ൧൧.

[സ്ഥാനം—കുഞ്ഞിച്ചന്തുവിൻെറ കളരി. സമയം മദ്ധ്യാഹ്നം. ശിഷ്യന്മാരായ ചൈരു, കണ്ണൻ, കമ്മാരൻ എന്നിവർ വട്ടമിട്ട് ഇരിക്കുന്നു.]

ചൈരു:—കുരിക്കള് കണ്ടർ മേനവനെ കൊന്നു തുളുനാടൻ കോട്ടേം സൊത്തും കൈവശപ്പെടുത്തി മാതുക്കുട്ടി അമ്മയേയും കൂട്ടികൊണ്ടു വന്നിരിക്കുന്നു. കേട്ടില്ലെ വത്തമാനം?

കണ്ണൻ:—കേട്ടു കേട്ടു നാട്ടുകാരൊക്കെപ്പറേണു.......

കമ്മാരൻ:—എന്തു പറേണു? കുരിക്കൾ പോന്നവനാണെന്ന് അല്ലാതെ എന്തു പറയാനാണ്?

കണ്ണൻ:—വേറെ ഒന്നും പറയാനില്ലെ?.

ചൈരു:—വേറെ എന്തു പറയാൻ?

കണ്ണൻ:—നമ്മുടെ കുരിക്കൾ വല്യ ആൾതന്നെ. നാട്ടുകാർക്ക് അത്രയൊന്നും വല്യ ആളല്ല കുരിക്കൾ. കുരിക്കൾക്ക് എന്തുദോഷമുണ്ടെങ്കിലും നമ്മൾ അതു കാണല്യ. കണ്ടാൽത്തന്നെ പുറത്തു മിണ്ടോല്യ. ദേശപ്രമാണികൾക്കൊന്നും കുരിക്കളെ അത്ര പേടിയൊന്നുമില്ല. അവർ അവർക്ക് തോന്ന്യപോലെ പറയും.

കമ്മാ:—അതാ ഞാനും നിന്നോടു ചോദിക്കണെ. ഈ ദേശപ്രമാണികൾക്ക് അത്രക്കൊക്കെ പറയാൻ എന്തുണ്ടായിരുന്നു പറ.

കണ്ണൻ:—ഞാനൊന്നും പറയ്ന്നില്ല.

[കുഞ്ഞിച്ചന്തു ശിഷ്യന്മാരുടെ സംഭാഷണം മറഞ്ഞുനിന്നു കേൾക്കുന്നു]

ചൈരു:—നിന്നോടു ഞങ്ങളാരെങ്കിലും ചോദിച്ചോ നാട്ടുകാര് കുരിക്കളെപ്പറ്റി എന്താ പറയണതെന്ന്? നീയല്ലേ കെട്ടി എഴുന്നള്ളിച്ചതു്? അതുകൊണ്ടു കേട്ട വത്തമാ

165440
38368

നം നീതന്നെ പറയണം. നീ പറയാത്തപക്ഷം നിന്നെ ക്കൊണ്ടു പറയിക്കും. കരിക്കൾ വന്നാൽ ആദ്യം ഇതാ യിരിക്കും ഞങ്ങൾ അഃട്ടഹത്തെ അറിവിസ്സൂ.

കണ്ണൻ:—ഞാൻ കോട്ടവത്തമാനം നിങ്ങളോട് പറഞ്ഞില്ലെ ങ്കിലല്ലെ നിങ്ങൾ കരിക്കൾ വരുമ്പോ പറയുള്ളൂ?

കമ്മാ:—അഃത്രയുള്ളു. എന്നാൽ കേൾക്കട്ടെ.

കണ്ണൻ:—എനിക്കു പറയാൻ തന്നെ വളരെ സങ്കടോണ്ടു്.

ഒരെരു:—നീ കേട്ട വത്തമാനമല്ലെ? നിൻെറ സ്വൊന്തം അഭി പ്രായമൊന്നു മല്ലല്ലൊ. പറഞ്ഞോ.

കണ്ണൻ:—കുരിക്കള് മാത്തുക്കുട്ടിയെ സ്വീകരിച്ചതു് നന്നാ യില്ലത്രെ. അവളെ കണ്ടർമേനോൻ അശുദ്ധമാക്കീന്നാ അവർ പറേണതു്.

കമ്മാ:—കണ്ടർമേനോൻ ചെറുമനോ ഉള്ളാടനോ നായാ ടിയോ ആണോ മാത്തുക്കുട്ടി അമ്മയെ അശുദ്ധമാക്കാൻ?

ഒരെരു:—കണ്ണൻ പറയുന്നതി[illegible] കണ്ടർ മേനോൻ അവരെ കുറച്ചു [illegible] വെച്ചു ന്നായിരിക്കും; അല്ലെ കണ്ണ[illegible]

കണ്ണ:—അങ്ങനേയാണു ഭേര[illegible].

ഒരെരു:—[ആലോചന] കഷ്ടമാണു, ദേശപ്രമാണികള് പറ ഞ്ഞെന്നു് വിചാരിച്ചു് അവരെ അത്രസ്സങ്ങോട്ട കുററക്കാരാ ക്കണ്ട. കണ്ടർമേനോൻ മര്യാദക്കാരനൊന്നുമല്ല. അയാ ളുടെ രാക്ഷസപ്രകൃതിക്കു് അയാൾ മാത്തുക്കുട്ടി അമ്മയെ കോട്ടയിൽ വെറുതെ ഇരുത്തി എന്നു വിശ്വസിക്കാൻ ജന ങ്ങള് ധയ്യറാവോ?

കമ്മാ:—ഒന്നാലോചിക്കുമ്പൊ, അതും ശരിയാണു്. മാത്തു ക്കുട്ടി അമ്മയോട്ട കുരിക്കള് ചോദിക്കാതിരിക്യൊ?

കണ്ണൻ:—എന്തു ചോദിക്യാതിരിക്യാ?

കമ്മാ:—മാളുക്കുട്ടി, നിന്നെ കണ്ടരുമേനോൻ അശുദ്ധമാക്കി യോ എന്നു്.

MUL 165440
UNIVERSITY LIBRARY - 6 MAR 1956

രൈരു:—ചോദിച്ചിരിക്കും. അതിന് ആയമ്മ ഇല്ലാന്നു മറുവടീം കൊടുത്തിരിക്കും.

കണ്ണു:—അതു പിന്നെ അങ്ങനല്ലാണ്ടു പറയ്യോ. കട്ടകള്ളനെ പിടിച്ചുകെട്ടിയിട്ടു നീ കട്ടോടാന്നു ചോതിച്ചാ അവനുണ്ടോ ഞാൻ കട്ടൂന്നു പറേണ്. അതു പോലെ തന്നെയാ ഇങ്ങനെ യൊക്കെയുള്ള ചോദ്യങ്ങളുടെ സ്ഥിതിയും.

കമ്മാ:—അപ്പൊ, കണ്ണന്റെ അഭിപ്രായം മാതുക്കുട്ടിയമ്മ അശുദ്ധമായീന്നാണ്, അല്ലെ?

കണ്ണു:—എന്റെ അഭിപ്രായം എങ്ങനേങ്കിലും ആവട്ടെ, നാട്ടുകാരുടെ അഭിപ്രായമാണു ഞാനിവിടെ കേട്ടവിവരം പറഞ്ഞതു്. എന്റെ അഭിപ്രായമൊക്കെ കുരിക്കളുടെ കാര്യത്തിൽ ആവശ്യവും ഇല്ല. എന്നാലും കുരിക്കളുടെ ഇതേവരേള്ള പേരിനു കളങ്കമാണ് ഇതൊക്കെ.

രൈരു:—അതിനു സംശയമില്ല. ഉള്ളതോ ഇല്ലാത്തതോ അതു ദൈവത്തിനറിയാം. എങ്കിലും നമ്മുടെ കുരിക്കൾക്കു വല്ലാത്ത കുറച്ചില് വന്നുകൂടി.

കണ്ണു:—ദേശപ്രമാണികള് തച്ചോള്ളി വീട്ടുകാരെ കരയോഗത്തിന്നു തിരിച്ചു നിർത്താൻ കൂടി ആലോചനേണ്ടത്രെ. മാതുക്കുട്ടിയമ്മയെ കുരിക്കള് വേണ്ടാന്നു വെക്കുമ്പോ ക്ഷോഭാംല്യ കൂടീല്യ. അല്ലാത്തപക്ഷം വിചാരണേം വിസ്താരോം ഒണ്ടാവും അങ്ങനെയാ കേൾവി.

കമ്മാ:—എന്തു തന്നെ വന്നാലും കുരിക്കള് മാതുക്കുട്ടിയമ്മേ വിടൂല്യ. അതു തീർച്ച

കണ്ണു:—താനല്ലെ കുരിക്കളുടെ മുഖ്യാർ കാര്യസ്ഥൻ.

കമ്മാ:—ഞാൻ കാര്യേസ്ഥനായിട്ടൊന്നുമല്ല പറേണെ. കുണ്ടയ്യമേനോന്റെ തല കൊയ്യാനും തുളുനാടൻ കോട്ട പിടിച്ചടക്കാനും കുരിക്കള് പുറപ്പെട്ടതെന്തിനു വേണ്ടി? അപ്പൊ, കരയോഗത്തിലും അദ്ദേഹം വിട്ടു കൊടുക്കല്യ. അതു വിചാരിച്ചു ഞാൻ പറഞ്ഞതാണ് ചങ്ങാതി.

രൈരു:—ഏറിയ വീട്ടില് പെണ്ണുങ്ങളില്ലെ? ഇങ്ങനെ ഒരു പെണ്ണും ഇതു പോലൊരു കള്ളപ്പും, ഇതു പോലെ ആളെ കൊല്ലിക്കലും ലോകത്തെവിടേങ്കിലും ഉണ്ടോ? വല്ലാത്ത പെണ്ണാണപ്പാ മാതുക്കുട്ടിയമ്മ.

കണ്ണു:—താഴത്തെ മടത്തിലെ പെണ്ണിൽ ഏതാണെടാ ആണുങ്ങളെ കൊല്ലിക്കാതിരുന്നിട്ടുള്ളതു്? അവരൊക്കെ ഭർത്താക്കന്മാരെയാണു കൊല്ലിച്ചിട്ടുള്ളതു്. ഈ അമ്മ കണ്ടരു മേനനേ. വെത്യാസം അത്രക്കേള്ളൂ.

[കുഞ്ഞിച്ചന്തു പെട്ടെന്നു പ്രത്യക്ഷനാകുന്നു]

കണ്ണു:—എന്തൊക്കെയാണു വർത്തമാനം? നിങ്ങൾക്കൊക്കെ സുഖം തന്നെയല്ലെ? കളരി കാര്യങ്ങൾക്കൊന്നും വീഴ്ച വന്നില്ലല്ലൊ.

[എല്ലാവരും പരിഭ്രമിച്ചു മുഖത്തോടു മുഖം നോക്കി മൌനമായി നില്ക്കുന്നു]

കുഞ്ഞി:—എന്താണു് ആരും ഒന്നും മിണ്ടാത്തതു്?

കണ്ണു:—ഒക്കെ ശരിയായി നടന്നു. ഒരു വീഴ്ചും വന്നില്ല.

കുഞ്ഞി:—ഞാൻ കുറച്ചു ദിവസം കൂടി കളരിയിൽ ഉണ്ടായാരിക്കയില്ല. കളരിക്കാര്യങ്ങൾ നിങ്ങൾ തന്നെ ഭംഗിയായി നിർവ്വഹിക്കണം.

രൈരു:—ഇത്തവണ പോണതു് എവിടേക്കാണാവോ?

കുഞ്ഞി:—ഞാൻ പുത്തരി യങ്കത്തിനു പേരു കൊടുത്തിട്ടുണ്ടു്, പോകണം. കോഴിക്കോട്ടു വെച്ചാണു് അങ്കം. നിങ്ങൾ ആരെങ്കിലും കൂടെ വരുന്നുണ്ടോ?

എല്ലാവരും:—(മൌനം)

കുഞ്ഞി:—നിങ്ങളാരും ഇഷ്ടപ്പെടുന്നില്ല; ശരി; ഞാൻ പോയിവരാം

(പോകുന്നു)

കണ്ണു:—എടോ, രൈരു കാര്യം വലിയ തകരാറിലായീന്നാ തോന്നണെ.

കുമ്മാ:—എനിക്കും അങ്ങിനെ ന്നാ തോന്നണെ.

ശൈരു:—നമ്മടെ വർത്തമാനമൊക്കെ മൂപ്പര് ഒളിഞ്ഞു നിന്നു കേട്ടിരിക്കണം. മൂപ്പർക്ക് എന്തു തോന്നു വോ?

കുഞ്ഞു:—തോന്നാനെന്തുണ്ട്? നമ്മള് കേട്ട വർത്തമാനം പറഞ്ഞതല്ലെയുള്ളു. അതിലത്രക്കൊക്കെ വിചാരിക്കാനെന്തുണ്ട്

കുമ്മാ:—എല്ലാം ദൈവത്തിനറിയാം.

(കർട്ടൻ)

## രംഗം ൧൨

[കരയോഗം—യോഗപ്രമാണികളായ ചന്തുനമ്പ്യാർ, കുഞ്ഞു കുരിക്കള്, കുട്ട്യപ്പക്കുപ്പ്, കോന്തുനായർ ഇവർ ഇരിക്കുന്നു]

ചന്തുനമ്പ്യാർ:—തച്ചോളളിവീട്ടുകാരെ കരയോഗത്തിൽനിന്നുഒഴിവാക്കേണ്ടആവശ്യം ഞാൻ പറഞ്ഞുകഴിഞ്ഞു. നിങ്ങളുടെ അഭിപ്രായം എന്താണ്?

കുഞ്ഞു:—മാളുക്കുട്ടി 41 ദിവസം കാവിൽ ഭജനവും പഞ്ചഗവ്യസേവയുംകഴിച്ചു വിളിച്ചു ചൊല്ലി പ്രായശ്ചിത്തം ചെയ്താൽപോരെ?

കുട്ട്യപ്പ:—മാളുക്കുട്ടിയുടെ കാര്യത്തിൽ അനുമതി. യോഗം പ്രമാണികളോടാലോചിക്കാതെ അവളെ ഭാര്യയായി കുഞ്ഞിച്ചന്തുസ്വീകരിച്ചതു് തെററുതന്നെ. അതിനു ശിക്ഷ കരയോഗത്തിൽനിന്നു് ആ വീട്ടുകാരെ പിരിച്ചുവിടുക തന്നെവേണം.

കോന്തു:—കോമപ്പക്കുറുപ്പിനു് ആളയച്ചിട്ടുണ്ടല്ലൊ. അദ്ദേഹം വരട്ടെ, എന്തുപറയുമെന്നറിയാമല്ലോ.

[ഗുരുദേവനും കോമപ്പക്കുറുപ്പും പ്രവേശിക്കുന്നു]

ചന്തുന:—വരു. വരു. ഇരിക്കൂ.

[രണ്ടുപേരുംഇരിക്കുന്നു]

ചന്തുനമ്പ്യാർ:—ആ ഉടമ്പടികാര്യം മനസ്സിലായിരിക്കുമല്ലോ. ആ കാര്യത്തിൽ എന്താണുവേണ്ടതെന്ന് ഞങ്ങൾ ആലോചിക്കുകയായിരുന്നു.

കോമ:—ഇതിൽ അത്രയൊക്കെ ആലോചിക്കാനെന്താണുണ്ടെന്ന് എനിക്കു മനസ്സിലാകുന്നില്ല. കുഞ്ഞിചന്തു തുളുനാടൻ കോട്ടപിടിച്ചടക്കുകയും കണ്ടരുമേനനെ അങ്കത്തിൽകൊന്ന് ഭാര്യയെ വീണ്ടെടുക്കുകയും ചെയ്തതിൽ കരയോഗത്തിന്ന് ഏല്പ്പെടേണ്ടകാര്യം എന്താണെന്നാണ് എനിക്കു മനസ്സിലാവാത്തത്.

കൃഷ്ണ:—കുഞ്ഞിച്ചന്തു ഈ കരയോഗത്തിൽപ്പെട്ട തച്ചോളി വീട്ടിലെ ഒരു അംഗമാണ്. അവൻ ചെയ്ത അനീതി ആ വീട്ടിന്റെ അനീതിയായിവേണം കണക്കാക്കാൻ.

ഗുരു:—ദുഷ്ടനിഗ്രഹം ശിഷ്ടപരിപാലനം അനീതിയാണോ?

ചന്തുന:—കരയോഗത്തിലെ വാദവിഷയം ഗുരുദേവൻ പറയുന്ന ദുഷ്ടനിഗ്രഹമൊന്നുമല്ല. കുഞ്ഞിച്ചന്തു കണ്ടരുമേനന്റെ ഭാര്യയായ തീന്ന മങ്കുട്ടിയെ, കരയോഗത്തിന്റെ അറിവോ സമ്മതമോ കൂടാതെ സ്വീകരിച്ചതു് ശരിയായില്ലെന്നാണ് യോഗത്തിന്റെ നിശ്ചയം. മങ്കുട്ടിയെ കുഞ്ഞിച്ചന്തു രണ്ടാമതും സ്വീകരിച്ചതു് ശരിയല്ലേ?

കോമ:—അതു ശരിയാണ്.

ചന്തുന:—അങ്ങനെയാണെങ്കിൽ കരയോഗത്തോടാലോചിക്കേണ്ടതായിരുന്നില്ലേ?

കോമ:—ഇത്തരം കാര്യങ്ങളിൽ ഓരോ വ്യക്തികൾക്കുമുള്ള സ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യുന്നതു് ശരിയല്ല. ഇതുകൊണ്ടു സമുദായത്തിൽ സമാധാനഭംഗമോ, അസ്വാസ്ഥ്യമോ ഉള്ളതായും എനിക്കു തോന്നുന്നില്ല.

കുട്ട്യപ്പു:—അതു് കോമപ്പക്കുറിപ്പിനല്ലെ തോന്നണതു് കുഞ്ഞിച്ചന്തുവിന്റെ പ്രവൃത്തി സമുദായത്തിൻ വലിയ ഒപ്പാടുണ്ടാക്കിയിട്ടുണ്ടു്.

കോമ:—കുഞ്ഞിച്ചന്തു എന്തുചെയ്യണമെന്നാണു് യോഗപ്രമാണികൾ പറയുന്നതു്?

ചന്തുന:—ഒന്നുകിൽ കുഞ്ഞിച്ചന്തു തച്ചോളിവീട്ടിൽനിന്നു ബഷ്കൃഹിതനാകണം.

കോമ:—അല്ലാത്തപക്ഷം?

ചന്തുന:—അല്ലാത്തപക്ഷം കരയോഗത്തിൽനിന്നു ആ വീടു് ബഹിഷ്കൃതമാകണം.

ഗുരു:—വേറെ പോംവഴിയൊന്നും ഇല്ലെ?

ചന്തുന:—ഇല്ല.

[കുഞ്ഞിച്ചന്തു പ്രവേശിക്കുന്നു]

കുഞ്ഞി:—കരയോഗപ്രമാണികളേ, മാതുക്കുട്ടിയെ വീണ്ടെടുത്തതു് ഒരപരാധമാണെങ്കിൽ ആ അപരാധം കുഞ്ഞിച്ചന്തുവിന്റെ മാത്രമാണു്. അതിനു ശിക്ഷയർഹിക്കുന്നുണ്ടെങ്കിൽ അതനുഭവിക്കേണ്ടതും അയാളാണു്. തച്ചോളിവീടിനെ ഈ കലാപത്തിലേയ്ക്കൊന്നും വലിച്ചിഴച്ചുകൊണ്ടുവരേണ്ട ആവശ്യംഇല്ല. എന്റെ അപരാധത്തിനു എന്റെ തറവാടു് ശിക്ഷയനുഭവിക്കുന്നതു് എനിക്കിഷ്ടമല്ല. ശിക്ഷ എന്താണെന്നുമാത്രം കല്പിക്കണം.

ചന്തു:—തച്ചോളി വീടു ബഹിഷ്കരിച്ചു കുഞ്ഞിച്ചന്തു മറുനാട്ടിൽ എവിടെയെങ്കിലും പോയി ജീവിക്കണം.

കുഞ്ഞി:—ഇതൊരുതരം നാടുകടത്തൽതന്നെ. എനിക്കൊരു കാര്യംചോദിക്കാനുണ്ടു്. ഗ്രാമാധികാരിയുമായി ആലോചിച്ചിട്ടാണോ നിങ്ങൾ ഇത്തരംഒരു ശിക്ഷവിധിക്കാൻ തയാറായതു്?

ചന്തുന:—ഗ്രാമാധികാരിക്കു കരയോഗത്തിന്റെ ആഭ്യന്തരകാൎയ്യങ്ങളിൽ കൈയില്ല. യോഗത്തിന്റെ അധികാരം, യോഗത്തിനുതന്നെയാണു്.

കുഞ്ഞി:—അങ്ങനെയാണെങ്കിൽ യോഗാധികാരിക്കു ഒരു വീടിന്റെ ആഭ്യന്തരകാൎയ്യത്തിൽ കൈകടത്താൻ എന്തധികാരം?

ഗുരു:—അതെ; കുഞ്ഞിച്ചന്തുവിന്റെ കാൎയ്യം ഒരുവീടിന്റെ ആഭ്യന്തരകാൎയ്യമാണു്. അതിൽ യോഗത്തിനു കൈകടത്താൻ അധികാരമില്ല. തച്ചോള്ളിക്കാരണവർ, കുഞ്ഞിച്ചന്തുവിന്റെ നടവടി ശരിയല്ലെന്നു യോഗത്തിൽ ആവലാതിബോധിപ്പിക്കുകയോ, കുഞ്ഞിച്ചന്തുവിനെ ശിക്ഷിക്കണമെന്നപേക്ഷിക്കുകയോ ചെയ്തിട്ടില്ല. ആ സ്ഥിതിക്കു ഈ ശിക്ഷനടപ്പിൽവരുത്താൻ യോഗത്തിനു് അധികാരമില്ല.

ചന്തുന:—കരയോഗത്തിനധികാരമുണ്ടു്.

ഗുരു:—ശരി; ആ അധികാരം കുഞ്ഞിച്ചന്തുവും യോഗപ്രമാണികളും നിൎത്തുന്ന ആളും തമ്മിലുള്ള ഒരു അങ്കംകൊണ്ടു വേണം തീരുമാനിക്കാൻ. ഇക്കാൎയ്യം യോഗത്തിനുസമ്മതമല്ലെ?

ചന്തു:—സമ്മതം തന്നെ. എന്നാൽ അങ്കത്തിനു തീയതി കുറിക്കുകയല്ലെ?

കോമ:—അതെ;

കുട്ട്യപ്പ:—ശരി; മാളുകുട്ടിയും കുഞ്ഞിച്ചന്തുവും തമ്മിൽ അങ്കംവെട്ടണം. ഇതാണെന്റെ ആലോചന.

കോമ:—കുട്ട്യപ്പക്കുറുപ്പേ, കുഞ്ഞിച്ചന്തുവിനു എതിരാളി ഒരു സ്ത്രീ. ഇതു ഞങ്ങളെ അധിക്ഷേപിക്കുകയല്ലെ?

ഗുരു:—എന്താണിത്ര സംശയം. തികച്ചും അധിക്ഷേപിക്കൽ.

കുഞ്ഞി:—തച്ചോള്ളി വീട്ടുകാർ, പെണ്ണുങ്ങളോടങ്കം വെട്ടു

ത്തക്കവണ്ണം ഭീരുക്കളല്ല. നിങ്ങൾക്കു അങ്കം വെട്ടാൻ ആളെ കിട്ടുകയില്ലെങ്കിൽ അതു് സമ്മതിക്കു. അധർമ്മപ്രസ്താവം ആവശ്യമില്ല.

ചന്തു:—തന്ത്രത്തു് കണാരിയായാലോ?

ഗുരു:—പുരുഷന്മാരാരായാലും ഇവിടെ സമ്മതം. കോമക്കുറുപ്പു് എന്തു പറയുന്നു?

കോമ:—ഗുരുദേവന്റെ അഭിപ്രായം തന്നെ എന്റേയും അഭിപ്രായം.

ചന്തു:—എന്നാൽ ചിങ്ങമാസം തിരുവോണത്തുന്നാൾ മദ്ധ്യാഹ്നത്തിൽ കണാരിയും കുഞ്ഞിച്ചന്തുവും തമ്മിൽ അങ്കംവെട്ടി കാര്യം തീർച്ചപ്പെടുത്താൻ വിചാരിക്കുന്നു. സമ്മതമല്ലേ?

കോമ:—അതെ. എന്നാൽ ഞങ്ങൾ പോകട്ടെ.

ചന്തു:—അങ്ങനെതന്നെ.

[കുഞ്ഞിച്ചന്തുവും കോമക്കുറുപ്പും ഗുരുദേവനും പോകുന്നു.]

കർട്ടൻ.

---

## രംഗം ൧൧.

[തച്ചോളി വീടു്. കോമക്കുറുപ്പും ഗുരുദേവനും ഇരിക്കുന്നു. പറങ്ങോടൻനായർ സമീപത്തായി നില്ക്കുന്നു.]

കോമ:—ഗുരുദേവ, ഞാൻ വിചാരിച്ചില്ല അങ്കത്തിൽ കണാരൻ തോല്ക്കുമെന്നു്.

ഗുരു:—കുഞ്ഞിച്ചന്തു തോല്ക്കുമെന്നായിരിക്കുമോ വിചാരിച്ചതു്.

കോമ:—അങ്ങനെ ഞാൻ വിചാരിക്കൊ. കുഞ്ഞച്ചന്തു എന്തുതന്നെ യോഗ്യനായാലും അവൻ നമ്മുടെയല്ലേ? അവനിൽ നാം അത്ര മതിപ്പു ഭാവിക്കില്ല. അതുകൊണ്ടു പറഞ്ഞുന്നുമാത്രം.

പറ:—ഭീമസേനൻ എന്നൊരാളെപ്പററി രാമായണത്തിൽ പറഞ്ഞിട്ടുള്ളതല്ലാതെ ഞാൻ കണ്ടിട്ടില്ല. കണാരൻ കാഴ്ചക്കു ഭീമൻതന്നെ.

(കുറുപ്പും ഗുരുദേവനും ചിരിക്കുന്നു)

അവന്റെ കടഞ്ഞെടുത്ത കൈകാലുകളും, വിരിഞ്ഞ മാറും, തടിച്ച കഴുത്തും, നാഗപടം വെച്ചു കെട്ടിയ കുടുമ്മയും, തോട്ടിക്കടുക്കനും ഒക്കെക്കൂടി കണ്ടാൽ പെട്ടെന്നു് ആൎക്കും തോന്നും പേടി.

ഗുരു:—പറങ്ങോടൻ പയററ പഠിച്ചിട്ടില്ലേ?

പറ:—പലതും പയററി. ഒടുവിലൊക്കെ അടിയറവും. കളരീന്നു വളരെയൊന്നും കിട്ടീട്ടില്ല് വക.

(കുറുപ്പും ഗുരുദേവനും ചിരിക്കുന്നു)

കോമ:—ഗുരുദേവ, അങ്കത്തിനു പുറപ്പെടുന്ന സമയത്തു് അവിടുന്നു കുഞ്ഞിച്ചന്തുവിനെ വിളിച്ചു സ്വകാൎയ്യമായി കല്പിച്ചതു് എന്തായിരുന്നു?

ഗുരു—മറെറാന്നുമല്ല. തോല്ക്കും എന്ന ഘട്ടം വന്നാൽ ചെയ്യേണ്ടതിന്നതെന്നു പറഞ്ഞുകൊടുത്തു. അത്രമാത്രം. കണ്ടർമേനനെ ജയിച്ചതും ഇതുപോലുള്ള മറെറാരു വിദ്യകൊണ്ടാണു്.

കോമ:—അതെന്തായിരുന്നു?

ഗുരു:—പരിചകൊണ്ടു മണ്ണുകോരി എതിരാളിയുടെ കണ്ണിൽ ചൊരിയുക.

കോമ:—ധൎമ്മയുദ്ധത്തിൽ ഇതു് സ്വീകാൎയ്യമാണോ?

ഗുരു:—കുറുപ്പേ, ധൎമ്മയുദ്ധം ധൎമ്മയുദ്ധം എന്നൊക്കെ നിങ്ങൾ പറയുന്നല്ലോ. കണ്ടർമേനോനു കുഞ്ഞിച്ചന്തു തുല്യനാണോ? വയസ്സുകൊണ്ടു നോക്കിയാലും പഠിപ്പുകൊണ്ടു നോക്കിയാലും കണ്ടരുമേനനുമായി യുദ്ധം ചെയ്യാൻ കുഞ്ഞിച്ചന്തു മതിയോ. അപ്പോൾ അവർ തമ്മിലുള്ള യുദ്ധം എങ്ങനെ ധൎമ്മയുദ്ധമാകും.

കോമ:—കണാരന്റെ കാര്യത്തിൽ ഉപദേശിച്ചതും ഇതുതന്നെയായിരുന്നുവോ?

ഗുരു:—അല്ല. യുദ്ധത്തിൽ ജയം സന്നിദ്ധമാണെന്നു ഉറപ്പുവന്നാൽ എതിരാളിയുടെ മർമ്മത്തിൽ ദൃഷ്ടിവിക്ഷേപം ചെയ്യാനാണ് എന്റെ ഉപദേശം.

കോമ:—അതുകൊണ്ടു്?

ഗുരു:—അതുകൊണ്ടോ? അതുകൊണ്ടു് എതിരാളിയുടെ കൈകളും കാലുകളും മരവിക്കും. അപ്പോൾ അയാളുടെ ദേഹത്തിൽ ശസ്ത്രം ഏല്പിക്കുക സുകരമായിരിക്കും. ഇതു് മർമ്മവിദ്യയാണു്; രഹസ്യമാണു്.

കോമ:—ഗുരുദേവ, കുഞ്ഞിച്ചന്തുവിന്റെ പേരിൽ അവിടേക്കുള്ള ശിഷ്യവാത്സല്യം അതിരുകവിഞ്ഞതുതന്നെ. സംശയമില്ല. അവന്റെ വിജയം കാണാൻ അച്ഛൻ ജീവിക്കേണ്ടിയിരുന്നു.

ഗുരു:—എന്തു ചെയ്യാം. ദൈവസങ്കല്പം.

[സാമൂതിരിയുടെ ദൂതൻ പ്രവേശിക്കുന്നു]

കോമ:—എവിടെനിന്നു വരുന്നു?

ദൂതൻ:—ഞാനിപ്പോൾ വരുന്നതു് കൊക്കോയിക്കോട്ടുനിന്നു്. കുന്നലക്കോൻ, കുഞ്ഞിച്ചന്തുക്കുറുപ്പിനെ പ്രധാന സേനാനായകനായി നിയമിച്ചിരിക്കുന്നു. ആ വിവരം കല്പനമൂലം അറിയിക്കാനാണ് എന്നെ അയച്ചിരിക്കുന്നതു്.

കോമ:—കുഞ്ഞിച്ചന്തു പ്രധാന സേനാനായകനാകാനും മറവുമുള്ള പ്രായത്തിലെത്തിയിട്ടുണ്ടോ? കുട്ടിക്കളി മാറാത്ത കുട്ടി.

ഗുരു:—കുറുപ്പിനു കുഞ്ഞിച്ചന്തു കളിക്കുട്ടി. കുന്നലക്കോനു് കുഞ്ഞിച്ചന്തു സേനാനായകപ്രമാണി. കാഴ്ചയുടെ വ്യത്യാസം.

ദൂത:—ഇപ്പോൾത്തന്നെ കൂട്ടിക്കൊണ്ടുവരാൻ കല്പനയായിട്ടുണ്ടു്.

കോമ:—കുഞ്ഞിച്ചന്തു ഇപ്പോളിവിടെയില്ല. നാളെയേ വരൂ. വന്നാൽ ഉടൻ അങ്ങോട്ടെത്തും. അവനെ അയക്കുകയും ചെയ്യാം താമസിക്കാതെ.

165440
38368
032:2N015:11
H9

ദൂതൻ—എന്നാൽ ഞാൻ പോകട്ടെ.

കോമ:—അങ്ങനെതന്നെ.

(ദൂതൻ പോകുന്നു.)

ഗുരു:—കണ്ടോ കുറുപ്പേ, കുഞ്ഞിച്ചന്തുവിന്റെ കീർത്തി എവിടെയൊക്കെച്ചെന്നലയ്ക്കുന്നു എന്നു്. കുന്നലക്കോന്റെ പ്രധാനസേനാനിയാകാനുള്ള ഭാഗ്യം ഒരു സാധാരണക്കാരനുണ്ടാവില്ല. കുഞ്ഞിച്ചന്തുവിനു് ആ ഭാഗ്യവും സിദ്ധിച്ചു

പറ:—കുഞ്ഞച്ചന്തുയജമാനൻ കപ്പിത്താനായി പോകുമ്പോൾ, എന്നേംകൂടെ കൊണ്ടുപോകാൻ പറയണം.

ഗുരു:—പടയിൽ പറങ്ങോടനെക്കൊണ്ടു് ആവശ്യമെന്തു്?

പറ:—കുഞ്ഞിച്ചന്തു എജമാനന്റെ അങ്കംവെട്ടല്ലു് കാണാൻ വളരെ രസമാണു്. അതുകൊണ്ടാണു് ഇങ്ങനെ ആവശ്യപ്പെടുന്നതു്.

കോമ:—ഗുരുദേവ, മാതുക്കുട്ടിയെ വിവാഹം ചെയ്തതുമുതൽ കുഞ്ഞിച്ചന്തുവിനു് തൊട്ടതിലൊക്കെ ജയമേ ഉള്ളു. ആ പെണ്ണു ഭാഗ്യമുള്ളവളാണു്. ഗുരുദേവനെ ഞാൻ അന്നു് എതിർത്തതു് പിശകുതന്നെ.

ഗുരു:—കുഞ്ഞിച്ചന്തുവിന്റെ ഉയർച്ച ഇനിയും നില്ക്കാറായിട്ടില്ല. അവൻ തച്ചോളി വീടിനു ഭദ്രദീപമായി ശോഭിക്കും.

കോമ:—പരദൈവങ്ങൾ അവനെ അ[illegible]

പറ:—കുഞ്ഞിച്ചന്തുഎജമാനൻകി ജയ്.

(കർട്ടൻ)

MUL
165440

PRINTED AT THE Saraswathi (Ele.) Ptg. & Pbg. House, Trichur.

UNIVERSITY LIBRARY
6 MAR 1956

18 JUN 1956